ഉഗ്ര, യുടെ. *s.* Orris root. വയമ്പ.

ഉഗ്രഗന്ധ, യുടെ. *s.* 1. Common carraway, *Carum carni*, &c. അയമൊദകം. 2. Orris root. വയമ്പ.

ഉഗ്രത, യുടെ. *s.* 1. Violence, passionateness. 2. anger, wrath. 3. fierceness.

ഉഗ്രതപ്പെടുത്തുന്ന, ത്തി, വാൻ. *v. a.* To enrage, to provoke, to enfuriate, to make fierce.

ഉഗ്രത്വം, ത്തിന്റെ. *s.* See ഉഗ്രത.

ഉഗ്രതപ്പെടുന്ന, ട്ടു, വാൻ. *v. n.* To be angry, fierce, furious, violent.

ഉഗ്രൻ, ന്റെ. *s.* 1. A name of Siva. ശിവൻ. 2. a man of a mixed tribe from a *Cshetriya* father, and *Sudra* mother. ശൂദ്രസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. The employment of this tribe is to kill animals that live in holes.

ഉഗ്രം, ത്തിന്റെ. *s.* Anger, wrath. *adj.* 1. Angry, wrathful, fierce, furious, violent. 2. cruel. 3. terrific.

ഉഗ്രാണക്കാരൻ, ന്റെ. 1. Onewho has charge of the family provisions; a steward; a butler. 2. a storekeeper. 3. a treasurer.

ഉഗ്രാണം, ത്തിന്റെ. *s.* 1. A storehouse. കലവറ. 2. a treasure. 3. a pantry.

ഉങ്ക, ിന്റെ. *s.* Strength, power. ഉങ്കകാട്ടുന്ന. 1. To shew one's strength. 2. to endeavour.

ഉങ്കൻ, ന്റെ. *s.* A strong or powerful man.

ഉങ്കുണം, ത്തിന്റെ. *s.* A louse; a flea. പെൻ, ചെള്ള.

ഉങ്ങു, ിന്റെ. *s.* A tree.

ഉചിതം. *adj.* 1. Fit, proper, suitable. 2. convenient. 3. agreeable. 4. receivable. *s.* A gratuity, a present.

ഉച്ച, യുടെ. *s.* Noon; mid-day. ഉച്ചയാകുന്ന. To be noon, or mid-day.

ഉച്ചട, യുടെ. *s.* 1. A species of grass, *a cyperus*. പെരുംകൊരപ്പുല്ല. 2. a creeper. കരുവിവള്ളി.

ഉച്ചണ്ഡം, &c. *adj.* Quick, expeditious. വെഗം.

ഉച്ചം, ത്തിന്റെ. *s.* The zenith; the meridian; the vertical point in the sky. *adj.* 1. Vertical. 2. tall, high, loud. ഉച്ചത്തിൽ. *adv.* 1. Loudly. 2. vertically.

ഉച്ചയം, ത്തിന്റെ. *s.* The knot of the string or cloth, which fastens the lower garments round the loins, tied in front. കണക്കുത.

ഉച്ചരണം, ത്തിന്റെ. *s.* 1. Pronunciation, utterance. വാക്ക. 2. recitation of prayers.

ഉച്ചരിക്കുന്ന, ച്ചു, പ്പാൻ. *v. a.* 1. To pronounce, to utter, to articulate. 2. to recite. 3. to say.

ഉച്ചരിതം, &c. *adj.* 1. Uttered, pronounced. 2. recited.

ഉച്ചസ്ഥൻ, ന്റെ. *s.* The planet that stands in the zenith.

ഉച്ചാടനം, ത്തിന്റെ. *s.* 1. Depopulation. 2. the act of expelling, or driving out. ഓട്ടിക്കുക.

ഉച്ചാടനം ചെയ്യുന്ന. To depopulate, to drive out, to expel evil spirits; to exorcise.

ഉച്ചാരകം, ത്തിന്റെ. *s.* See the following.

ഉച്ചാരണം, ത്തിന്റെ. *s.* Pronunciation, utterance. വാക്ക.

ഉച്ചാരം, ത്തിന്റെ. *s.* 1. Fœces, excrement. വിഷ്ഠ, 2. pronunciation, utterance. വാക്ക.

ഉച്ചാരൽ, ലിന്റെ. *s.* A festival which takes place on January 28th.

ഉച്ചാവചം. *adj.* Various, diverse, multiform. പലവിധം, നാനാതിരെകം.

ഉച്ചി, യുടെ. *s.* The crown or top of the head. ഉച്ചിയിലെക്കുന്ന. To pour oil on the head of little children.

ഉച്ചൈഘുഷ്ടം, ത്തിന്റെ. *s.* Clamour, making a loud noise. ഉയരച്ചൊൽക.

ഉച്ചൈശ്രവസ്സു, ിന്റെ *s.* The horse of Indra. ഇന്ദ്രന്റെ കുതിര.

ഉച്ചൈസ്സരം. *adj.* High, loud. എറവും ഉറക്കെ.

ഉച്ചൈസ. *ind.* High, loud, great, much, &c. ഉറക്കെ, വളരെ.

ഉഛിഷ്ടഭൊജനം, ത്തിന്റെ. *s.* Eating the leavings or what is left of the table.

ഉഛിഷ്ടം, ത്തിന്റെ. *s.* Crumbs, fragments or leavings of victuals. ഭക്ഷിച്ച് ശേഷിപ്പ.

ഉഛിഷ്കം, ത്തിന്റെ. *s.* A pillow. തലയിണ.

ഉഛൃംഖലം. *adj.* Unrestrained, perverse, self-willed. അടക്കമില്ലാത്തത.

ഉച്ഛ്രയം, ത്തിന്റെ. *s.* 1. Height, elevation of a tree, mountain, &c. ഉയരം. 2. the highest point of prosperity, riches, or power.

ഉച്ഛ്രായം, ത്തിന്റെ. *s.* See the preceding.

ഉച്ഛ്രിതം, &c. *adj.* 1. High, elevated. ഉയരപ്പെട്ടത. 2. born, produced. ജനിക്കപ്പെട്ടത. 3. prosperous, increasing, advancing. വളരപ്പെട്ടത. 4. left, abandoned. ത്യജിക്കപ്പെട്ടത.

ഉച്ഛ്വിഷ്ടം, ത്തിന്റെ. *s.* A fond embrace. മുകത്തഴക.

ഉച്ഛ്വസനം, ത്തിന്റെ. *s.* Breathing, sighing. ശ്വാസം.

ഉച്ഛ്വാസിതം. *adj.* Blown, expanded. ശ്വസിക്കപ്പെട്ടത, വിടരപ്പെട്ടത.

ഉച്ഛ്വാസം, ത്തിന്റെ. *s.* 1. Breath, breathing. ശ്വാസം. 2. a sigh. 3. hope, expectation.

ഉജ്ജാസനം, ത്തിന്റെ. *s.* Killing, slaughter. വധം.

ഉജ്ജയനീ, യുടെ. *s.* *Onjein;* a city in Malawa, formerly the capital of VICRAMARCA, and latterly of the Mahratta chief SCINDIA.

ഉജ്ജൃംഭണം, ത്തിന്റെ. *s.* Blowing, expanding. വിരിച്ചിൽ.

ഉജ്ജൃംഭിതം. *adj.* Blown, expanded. വിരിയപ്പെട്ടത.

ഉജ്ജ്വലനം, ത്തിന്റെ. *s.* Lustre, splendour; brightness; radiance. ശോഭ.

ഉജ്ജ്വലം, ത്തിന്റെ. *s.* Love, passion. ശൃംഗാരം. *adj.* 1. Splendid, bright; luminous, radiant. 2. clear, clean.

ഉജ്ജ്വലിക്കുന്നു, ച്ചു, പ്പാൻ. *v. n.* To shine; to glitter; to be splendid. ശോഭിക്കുന്നു.

ഉജ്ജ്വലിതം. *adj.* Bright, splendid, luminous, radiant. ശോഭിതം.

ഉജ്ഝിതം, &c. *adj.* Left, abandoned. ഉപേക്ഷിക്കപ്പെട്ടത.

ഉഞ്ഛവൃത്തി, യുടെ. *s* Living on gatherings or gleanings of corn or grains. ഇരിമണികൊണ്ടുള്ള ജീവനം.

ഉഞ്ഛസിലം, ത്തിന്റെ. *s.* Gleaning corn or grains. ഇരിമണി പെറുക്കുക.

ഉട, യുടെ. *s.* 1. The testicle of oxen. 2. short drawers. 3. dressing. 4. breaking (the act.) 5. castration.

ഉടക്ക, ിന്റെ. *s.* 1. Catch, seizure. 2. stoppage, obstruction, impediment. 3. contention, dispute. 4. the latching of a bow.

ഉടക്കുന്നു, ക്കി, വാൻ. *v. a.* 1. To catch hold of, to seize. 2. to contend with, to wrestle with. 3. to impede, to obstruct. 4. to bend a bow.

ഉടക്കുളി, യുടെ. *s.* A harpoon; a bearded dart.

ഉടജം, ത്തിന്റെ. *s.* 1. A house. 2. a hermitage, or hut made of leaves, the residence of hermits. ഇലപ്പുരകുടിൽ.

ഉടഞാണ, ിന്റെ. *s.* A gold or silver chain worn round the loins over the cloth.

ഉടഞ്ചാവ, ിന്റെ. *s.* Dying with, accompanying in death, the voluntary death of a Hindu widow.

ഉടൻ. *adv.* Immediately; soon.

ഉടനടി. *adv.* Immediately, instantly.

ഉടനീളം, ത്തിന്റെ. *s.* Length, width.

ഉടനുടൻ. *adv.* Frequently.

ഉടനുടനെ. *adv.* Frequently.

ഉടന്തടി, യുടെ. *s.* A woman's burning herself, on the same funeral pile with the dead body of her husband. ഉടന്തടിയെറുന്നു. To ascend the funeral pile.

ഉടപ്പക്കാരൻ, ന്റെ. *s.* A relative, a kinsman.

ഉടപ്പം, ത്തിന്റെ. *s.* Relation, relationship; kin.

ഉടപ്പിറന്നവൻ, ന്റെ. *s.* A brother.

ഉടപ്പിറന്നവൾ, ളുടെ. *s.* A sister.

ഉടപ്പിറപ്പ, ിന്റെ. *s.* A brother, a sister.

ഉടപ്പിറവി, യുടെ. *s.* 1. Brotherhood, sisterhood. 2. that with which any one is born. ജനിക്കുമ്പോൾ ഉള്ളത.

ഉടമ, യുടെ. *s.* (Tam.) 1. Wages. 2. payment. 3. jewels.

ഉടമ്പടി, യുടെ. *s.* (Tam.) 1. A contract. 2. an agreement; a covenant. 3. a bargain, a compact. ഉടമ്പടി ചെയ്യുന്നു. To make a contract, agreement, covenant, or bargain.

ഉടമ്പടിക്കാരൻ, ന്റെ. *s.* A contractor.

ഉടമ്പറ, യുടെ. *s.* A closet.

ഉടമ്പെടുന്നു, ട്ടു, വാൻ. *v. a.* To enter into a contract or agreement.

ഉടയക്കാരൻ, ന്റെ. *s.* An owner; a proprietor; a master.

ഉടയത, ിന്റെ. *s.* Proprietor, master.

ഉടയതമ്പുരാൻ, ന്റെ. *s.* God.

ഉടയവൻ, ന്റെ. *s.* An owner, a proprietor; a master.

ഉടയവൾ, ളുടെ. *s.* A proprietress, an owner.

ഉടയാട, യുടെ. *s.* (A term of respect,) A dress, clothes.

ഉടയുന്നു, ഞ്ഞു; വാൻ. *v. n.* 1. To break, to go to pieces. 2. to be broken.

ഉടൽ, ലിൻറം. *s.* The body, the trunk.

ഉടൽക്കുറ, ിൻറം. *s.* The constitution of the body.

ഉടൽക്കെട്ട, ിൻറം. *s.* See the preceding.

ഉടവ, ിൻറം. *s.* 1. A fracture, a break. 2. a breach, a rupture.

ഉടവാൾ, ഉടെ. *s.* A royal sword.

ഉടുക്ക, ിൻറം. *s.* 1. A tabour, a tabret. 2. a button.

ഉടുക്കപ്പെടുന്ന, ട്ട, വാൻ. *v. p.* To be clothed, dressed, &c.

ഉടുക്കുന്ന, ത്തു, പ്പാൻ. *v. n.* 1. To wear, to clothe. 2. to dress, or put on, as clothes, &c.

ഉടുതുണി, യുടെ. *s.* Clothes, clothing, raiment.

ഉടുപുടവ, യുടെ. *s.* A dress, a vesture.

ഉടുപ്പ, ിൻറം. *s.* Clothes; dress; garments; vesture, clothing.

ഉടുപ്പിക്കുന്ന, ച്ചു, പ്പാൻ. *v. a.* To dress (another;) to clothe; to attire.

ഉടുപ്പുപെട്ടി, യുടെ. *s.* A clothes-box, a wardrobe.

ഉടുമ്പ, ിൻറം. *s.* An iguana. *Sacerta Iguana.* (Lin.)

ഉടെക്കുന്ന, ച്ചു, പ്പാൻ. *v. a.* To break in pieces, to break. 2. to castrate, to geld.

ഉഡു, ഡിൻറം. *s.* 1. A lunar mansion, or constellation in the moon's path. 2. a star. നക്ഷത്രം. 3. water. വെള്ളം.

ഉഡുപതി, യുടെ. *s.* The moon. ചന്ദ്രൻ.

ഉഡുപഥം, ത്തിൻറം. *s.* The firmament. നക്ഷത്രമണ്ഡലം.

ഉഡുപൻ, ൻറം. *s.* The moon. ചന്ദ്രൻ.

ഉഡുപം, ത്തിൻറം. *s.* 1. A raft or float. പൊങ്ങുതടി. 2. a flat boat.

ഉഡുപാ, യുടെ. *s.* A star. നക്ഷത്രം.

ഉത്തമരം. *adj.* Excellent, respectable, of rank, or consequence. വിശേഷമായുള്ളത.

ഉത്പതനം, ത്തിൻറം. *s.* 1. Flying as a bird. 2. soaring, flying up. ഊർദ്ധ്വഗമനം.

ഉണക്ക, ലിൻറം. *s.* Dryness, drought. *adj.* Dry, dried.

ഉണക്കം, ത്തിൻറം. *s.* Dryness.

ഉണക്കലരി, യുടെ. *s.* Rice of paddy that has not been boiled.

ഉണക്കൽ, ിൻറം. *s.* Drying.

ഉണക്കുന്ന, ക്കി, വാൻ. *v. a.* To put to dry, to air.

ഉണങ്ങലരി, യുടെ. *s.* Rice. See ഉണക്കലരി.

ഉണങ്ങൽ, ലിൻറം. *s.* Drying.

ഉണങ്ങുന്ന, ങ്ങി, വാൻ. *v. n.* To become dry, to dry.

ഉണരുന്ന, ൎന്നു, വാൻ. *v. n.* 1. To awake out of sleep. 2. to feel, to perceive.

ഉണൎച്ച, യുടെ. *s.* 1. Feeling, sensation. 2. liveliness, activity, watchfulness.

ഉണൎത്തിക്കുന്ന, ച്ചു, പ്പാൻ. *v. a.* 1. To cause to awake one out of sleep. 2. to inform.

ഉണൎത്തുന്ന, ൎത്തി, പ്പാൻ. *v. a.* 1. To awake one out of sleep, to arouse. 2. to make known, to inform.

ഉണവ, യുടെ. *s.* 1. Sensation, feeling. 2. liveliness.

ഉണിൽ, or ഉണ്ണിൽ, ലിൻറം. *s.* 1. A species of itch. 2. scurf.

ഉണ്ട. *v. defec.* 1. To be, to exist. 2. to reside, to remain. This verb governing the dative case, signifies *to have* or *to possess.*

ഉണ്ട, യുടെ. *s.* 1. A round earthen ball. 2. a pellet, a bullet. 3. a pill. 4. a round cake, like a ball. 5. coagulum, mass formed by concretion, a clot. 6. diving. ഉണ്ട കെട്ടുന്ന. 1. To coagulate, to concrete. 2. to spoil by being collected in lumps.

ഉണ്ടക്കോൽ, ിൻറം. *s.* 1. A ram-rod. 2. a gun-shot wound.

ഉണ്ടപ്പാച്ചിൽ, ലിൻറം. *s.* The distance a ball flies.

ഉണ്ടപ്പായൽ, ലിൻറം. *s.* An aquatic plant. *Vallisneria octandra.*

ഉണ്ടപ്പെട്ടി, യുടെ. *s.* A cartrage or pellet box.

ഉണ്ടവല, യുടെ. *s.* A small fishing net.

ഉണ്ടവില്ല, ിൻറം. *s.* A pellet-bow.

ഉണ്ടാകുന്ന, യി, വാൻ. *v. n.* 1. To arise; to spring up. 2. to be, to exist.

ഉണ്ടാക്കുന്ന, ക്കി, വാൻ. *v. a.* To make, to create, to form; to cause to be or exist, to produce.

ഉണ്ടിക, യുടെ. *s.* 1. A bill of exchange, a cheque, a draft. 2. a stamp. 3. a passport. ഉണ്ടികകുത്തുന്ന. To stamp cloth, &c. on which duty has been paid.

ഉണ്ടികക്കലശം, ത്തിൻറം. *s.* A treasury box in which duty or custom-money is deposited; a money-box; an alms-box.

ഉണ്ടികപ്പണം, ത്തിൻറം. *s.* Money or treasure received at custom houses, &c. money deposited as alms in the treasury of a place of worship.

ഉണ്ടെക്കുന്ന, ച്ചു, വാൻ. *v. n.* To coagulate, to concrete, to become clotted.

ഉണ്ണാക്ക, ിൻറം. *s.* The uvula of the mouth; the soft palate. അണ്ണാക്ക.

ഉണ്ണി, യുടെ. *s.* 1. A little child, a darling, or beloved child. 2. a male child amongst the Brahmans. 3. a class of persons. 4. a small tick or louse of cattle.

ഉണ്ണിത്തണ്ട, ിൻറം. *s.* The soft white part of the

stalk of a plantain tree, which is frequently made into curry.

ഉണ്ണിമാങ്ങ, യുടെ. *s.* A small or young mango.

ഉണ്ണിയപ്പം, ത്തിന്റെ. *s.* Small cakes or fritters.

ഉണ്ണുന്നു, ണ്ടു, വാൻ. *v. a.* 1. To eat rice. 2. to suck milk.

ഉത. *ind.* A particle of, 1. doubt. (what!) 2. of interrogation, (what, how?) 3. of connection, (also, and.) 4. of deliberation, (either, or.) 5. it is also an expletive.

ഉത, യുടെ. *s.* 1. A kick, a blow with the foot; or a buffet with the hand. 2. the rebounding of a gun.

ഉതകുന്നു, കി, വാൻ. *v. n.* 1. To serve, to be of use, to serve *in time*, *to* help.

ഉതാ. *ind.* See ഉത.

ഉതം. *adj.* Woven, sewn. നെയ്യപ്പെട്ടത.

ഉതരം, ത്തിന്റെ. *s.* The name of a tree, the fruit of which is poisonous. *Cerbera odallam* or *Cerbera manghas.*

ഉതളി, യുടെ. *s.* 1. A leathern vessel. 2. the bladder.

ഉതളിക്കുന്നു, ച്ചു, പ്പാൻ. *v. n.* To be inflated or puffed up with wind.

ഉതറൽ, ലിന്റെ. *s.* Shaking off.

ഉതറുന്നു, റി, വാൻ. *v. n.* To shake off.

ഉതാഹൊ. *ind.* A particle implying, 1. Deliberation, (either or.) 2. asking, (how, what?)

ഉതി, യുടെ. *s.* A tree.

ഉതിക്കുന്നു, ച്ചു, പ്പാൻ. *v. n.* To hiss, as a snake.

ഉതിപ്പു, ിന്റെ. *s.* Hissing.

ഉതിർ, ിന്റെ. *s.* Falling off, dropping off.

ഉതിരുന്നു, ന്നു, വാൻ. *v. n.* 1. To fall or drop off, to drop down.

ഉതിർക്കുന്നു, ത്തു, പ്പാൻ, *v. a.* To cause to fall off or down, to shake off.

ഉതിർച്ച, യുടെ. *s.* Fall, falling or dropping off.

ഉതിർത്തുന്നു, ത്തു, വാൻ. *v. a.* To cause to fall or drop off or down, to shake off.

ഉതിർപ്പു, ിന്റെ. *s.* 1. Falling or dropping off. 2. shaking off.

ഉതിർമണി, യുടെ. *s.* Grain, &c. that have dropped or fallen off.

ഉതിർമ്മ, യുടെ. *s.* Falling off, dropping off.

ഉതെക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To kick, to strike with the foot. 2. to spring back, to rebound.

ഉതെപ്പു, ിന്റെ. *s.* Kicking.

ഉൽകം, ത്തിന്റെ. *s.* Regretting. ആധി.

ഉൽകടം, ത്തിന്റെ. *s.* Woody cassia, or its bark. ഇലവങ്കം. 2. intoxication, pride. മദ്യപാനം, മദം. *adj.* 1. Much, abundant, excessive. 2. drunk, intoxicated, furious, mad.

ഉൽകണ്ഠ, യുടെ. *s.* Regretting, missing any thing or person. ആധി.

ഉൽകൻ, ന്റെ. *s.* One who regrets.

ഉൽകരം, ത്തിന്റെ. *s.* A heap of grain, &c. ധാന്യത്തിന്റെ കൂമ്പാരം.

ഉൽകർഷം, ത്തിന്റെ. *s.* Excellence. ശ്രേഷ്ഠം. *adj.* much, excessive.

ഉൽകർഷിക്കുന്നു, ച്ചു, പ്പാൻ. *v. n.* To excel.

ഉൽകലിക, യുടെ. *s.* Regretting, missing any thing or person. ആധി.

ഉൽകാരം, ത്തിന്റെ. *s.* 1. Winnowing corn. പതിര പിടിക്ക. 2. piling it up. കൂന്നിക്ക.

ഉൽകീർണ്ണം, ത്തിന്റെ. *s.* Scattering, sowing. വിതറുക, വിതെക്കുക.

ഉൽകൃഷ്ടം, &c. *adj.* Excellent, great. ഉൽകർഷം.

ഉൽകൊചം, ത്തിന്റെ. *s.* A bribe. കൈക്കൂലി.

ഉൽക്രമം, ത്തിന്റെ. *s.* 1. Irregularity, want of order or method. ക്രമക്കെട. 2. ascending.

ഉൽക്രൊശം, ത്തിന്റെ. *s.* 1. An osprey or sea eagle. തൊറപ്പക്ഷി. 2. implacable hatred, confirmed enmity. വൈരം. 3. lamentation. വിലാപം.

ഉൽഖാതം, &c. *adj.* 1. Eradicated, pulled up by the roots. വെരൊടെ പറിക്കപ്പെട്ടത. 2. dug up. കിളെക്കപ്പെട്ടത.

ഉത്തപ്പം. ത്തിന്റെ. *s.* Dried flesh. ഉണങ്ങിയ ഇറച്ചി. *adj.* Burnt, seared. ചുട്ട പഴുത്തത.

ഉത്തം, &c. *adj.* Wet, moistened. നനഞ്ഞത.

ഉത്തമൻ, ന്റെ. *s.* An excellent, good, or virtuous man.

ഉത്തമപുരുഷൻ, ന്റെ. *s.* 1. A honest, good, or virtuous man. 2. a title of VISHNU 3. in grammar the first person.

ഉത്തമം, &c. *adj.* Superior, excellent, best, virtuous. 2. chief, principal, first.

ഉത്തമർണ്ണൻ, ന്റെ. *s.* A creditor. കടം കൊടുത്തവൻ.

ഉത്തമാ, യുടെ. *s.* An excellent woman; one who is handsome, healthy, affectionate, virtuous.

ഉത്തമാംഗം, ത്തിന്റെ. The head. തല.

ഉത്തംസം, ത്തിന്റെ. *s.* 1. An ear-ring. കണ്ണാലങ്കാരം. 2. a head ornament, a crest. ശിരൊലങ്കാരം.

ഉത്തരകായ്യം, ത്തിന്റെ. *s.* Funeral rites, or obsequies. ശെഷക്രിയ.

ഉത്തരക്രിയകൾ. *s. plu.* Funeral rites, or obsequies. ശെഷക്രിയകൾ.

ഉത്തരണം, ത്തിന്റെ. *s.* Crossing, passing over. കടക്കുക, ഉത്തരണംചെയ്യുന്നു. To cross or pass over. കടക്കുന്നു.

ഉത്തരപദം, ത്തിന്റെ. *s.* The 2nd metre of a verse. പിന്നത്തെ പദം.

ഉത്തരപ്രത്യുത്തരം, ത്തിന്റെ. *s.* 1. A rejoinder, a reply to an answer. 2. a reply, an answer.

ഉത്തരഫല്ഗുനീ, യുടെ. *s.* The 12th lunar mansion. ഉത്രം.

ഉത്തരം, ത്തിന്റെ. *s.* An answer, or reply, a defence, rejoinder. 2. a letter. 3. an order, or command. 4. the north. 5. a beam which supports the lower part of a roof. ഉത്തരം പറയുന്നു. To answer, to reply.

ഉത്തരം, &c. *adj.* 1. Superior, high, lofty. മെലെത. 2. northern. വടക്കെത. 3. best, excellent. ശ്രേഷ്ഠം. 4. subsequent, posterior. പിന്നത്തെ.

ഉത്തരംഗം, ത്തിന്റെ. *s.* A wooden arch, surrounding the door frame.

ഉത്തരവ്, ിന്റെ. *s.* (Tam.) 1. Answer, or reply. 2. an order, or command. 3. permission, leave. ഉത്തരവ കൊടുക്കുന്നു. 1. To give leave, to permit. 2. to direct. 3. to order or command. ഉത്തരവ വാങ്ങുന്നു. To obtain an order, to take leave.

ഉത്തരവാദം, ത്തിന്റെ. *s.* 1. Responsibility. 2. security, surety.

ഉത്തരവാദി, യുടെ. *s.* 1. A respondent, a defendant. 2. a security, a surety.

ഉത്തരസഭ, യുടെ. *s.* A superior court. മെൽസഭ.

ഉത്തരസാക്ഷി, യുടെ. *s.* A defendant's witness.

ഉത്തരാ, യുടെ. *s.* 1. North. വടക്ക. 2. the 12th lunar mansion. ഉത്രം. 3. the 21st lunar mansion. ഉത്രാടം. 4. the 26th lunar mansion. ഉത്രട്ടാതി.

ഉത്തരദിക്ക്, ിന്റെ. *s.* The north. വടക്കെ ദിക്ക.

ഉത്തരഭാദ്ര, യുടെ. *s.* The 26th lunar mansion. ഉത്രട്ടാതി.

ഉത്തരാഭാസം, ത്തിന്റെ. *s.* An indirect, or prevaricating reply (in law.) സാരമല്ലാത്ത ഉത്തരം.

ഉത്തരായണം, ത്തിന്റെ. *s.* 1. The period of the year during which the sun is north of the equator. 2. the sun's progress to the north of the equator.

ഉത്തരാർദ്ധം, ത്തിന്റെ. *s.* The second or subsequent part. രണ്ടാമത്തെ പാതി.

ഉത്തരാഷാഢ, യുടെ. *s.* The 21st lunar mansion. ഉത്രാടം.

ഉത്തരാസംഗം, ത്തിന്റെ. *s.* An upper or outer garment. മെല്മുടവ.

ഉത്തരീയം, ത്തിന്റെ. *s.* An upper or outer garment. മെല്മുടവ.

ഉത്തരേദ്യുസ്. *ind.* A subsequent day, a day following to-morrow. മെലെ ദിവസം.

ഉത്തരൊത്തരം. *ind.* At any future time. പിന്നെ ഒരു സമയത്ത, മെല്ക്കുമെൽ.

ഉത്താനം, &c. *adj.* 1. Shallow. ആഴമില്ലാത്തത. 2. sleeping supinely, or with the face upwards. മലന്നത.

ഉത്താനശയൻ, ന്റെ. *s.* 1. A male infant. പൊലകൻ. 2. one who sleeps with his face upwards. മലന്ന കിടക്കുന്നവൻ.

ഉത്താനശയാ, യുടെ. *s.* A female infant. പൊലികാ.

ഉത്താനശായി, യുടെ. *s.* See ഉത്താനശയൻ.

ഉത്താലം, &c. *adj.* 1. Swift, speedy. വെഗം. 2. best, excellent. ശ്രേഷ്ഠം. 3. difficult, arduous. 4. formidable. ഭയങ്കരം.

ഉത്തീർണ്ണം, &c. *adj.* Crossed, passed over. കടക്കപ്പെട്ടത.

ഉത്തുംഗം, &c. *adj.* High, lofty, tall. ഉന്നതം.

ഉത്ഥാനം, ത്തിന്റെ. *s.* 1. Manly exertion; manhood, effort, exertion. പൌരുഷം. 2. rising or getting up, resurrection. എഴനീല്പ. 3. an army. സെന. 4. a book. ശാസ്ത്രം. ഉത്ഥാനം ചെയ്യുന്നു. 1, To rise or get up. 2. to use effort, or exertion.

ഉത്ഥാപനം, ത്തിന്റെ. *s.* Raising up. എഴനീല്പിക്കുക.

ഉത്ഥിതം, &c. *adj.* 1. Born, produced. 2. endeavouring, striving. 3. increasing, advancing, rising, jumping up.

ഉൽപതനം, ത്തിന്റെ. *s.* 1. Birth, production. 2. rising, ascending, soaring. മെല്പുട്ടുള്ള ചാട്ടം.

ഉൽപതിക്കുന്നു, ച്ചു, പ്പാൻ. *v. n.* To rise or jump up.

ഉൽപതിതാവ, ിന്റെ. *s.* One who jumps up, rises, or goes upwards. മെല്പുട്ട ചാടുന്നവൻ.

ഉൽപതിഷ്ണു, ിന്റെ. *s.* See the preceding.

ഉൽപത്തി, യുടെ. *s.* 1. Birth, production, creation, origin. 2. land, paddy fields or gardens.

ഉൽപന്നം, &c. *adj.* 1. Born, produced. 2. obtained.

ഉൽപലം, ത്തിന്റെ. *s.* 1. A blue lotus, *Nymphœa cerulœa.* കരുങ്കുവളം. 2. a water lily in general.

ഉൽപലശാരിബൊ, യുടെ. *s.* A plant, the root of which is used for *Sarsaparilla. Echites frutescens*, or *Periploca Indica* (Lin.) പാൽവള്ളി.

ഉൽപലാക്ഷി, യുടെ. *s.* A woman with blue eyes.

ഉൽപാടനം, ത്തിന്റെ. *s.* A split. പിളപ്പ.

ഉൽപാടിതം, &c. *adj.* Eradicated; rooted up; pulled up by the roots. വെരൊടെ പറിക്കപ്പെട്ടത.

ഉൽപാതം, ത്തിന്റെ. *s.* A natural prodigy, or phenomenon; as, an earthquake, a comet, &c.

ഉൽപാദകം, &c. *adj.* Creating, producing; productive. ജനിപ്പിക്കുക.

ഉൽപാദനം, ത്തിൻറെ. *s.* Birth, production. ജനനം.

ഉൽപാദിക്കുന്നു, ച്ചു, പ്പാൻ. *v. n.* 1. To be conceived, to be born. 2. to rise. 3. to spring from a source.

ഉൽപാചി, യുടെ. *s.* Wealth, riches. ധനം.

ഉൽപാസം, ത്തിൻറെ. *s.* Satirical speech.

ഉൽപ്രേക്ഷ, യുടെ. *s.* 1. Indifference, carelessness. 2. comparison, illustration. 3. an extravagant hyperbole.

ഉൽഫുല്ലം. *adj.* Expanded or blown, as a flower. വിടർന്ത.

ഉത്രട്ടാതി, യുടെ. *s.* The 26th asterism or lunar mansion.

ഉത്രം, ത്തിൻറെ. *s.* The 12th asterism or lunar mansion.

ഉത്രാടം, ത്തിൻറെ. *s.* The 21st asterism or lunar mansion.

ഉത്സം, ത്തിൻറെ. *s.* A fountain, a spring arising from a mountain. അരുവിയാറ.

ഉത്സംഗം, ത്തിൻറെ. *s.* The haunch, or part above the hip. മടി.

ഉത്സർഗ്ഗം, ത്തിൻറെ. *s.* 1. Abandoning, quitting. 2. resigning, retiring from. ത്യാഗം. 3. giving, donation. ദാനം.

ഉത്സൎജ്ജനം, ത്തിൻറെ. *s.* 1. A gift, a donation; the act of giving. ദാനം. 2. quitting, abandoning. ത്യാഗം.

ഉത്സൎജ്ജിക്കുന്നു, ച്ചു, പ്പാൻ. *v. a.* To quit, to abandon, to dismiss, to eject, to cast out. ഉപെക്ഷിക്കുന്നു, അയക്കുന്നു, തള്ളിക്കളയുന്നു.

ഉത്സവം, ത്തിൻറെ. *s.* 1. A festival, or public rejoicing, as on the celebration of a religious ceremony at a temple; a jubilee. 2. elevation, height, pride. മദം. 3. impatience. കോപം. 4. formation of a wish. ഇഛ.

ഉത്സാദനം, ത്തിൻറെ. *s.* Cleansing the person with perfumes, &c. സുഗന്ധം പൂശുക.

ഉത്സാദിതം, &c. *adj.* Cleansed, purified with oils, perfumes, &c.

ഉത്സാരകൻ, ൻറെ. *s.* 1. A door keeper, a porter. വാതിൽ കാക്കുന്നവൻ. 2. a guard, a guardian. കാവൽക്കാരൻ.

ഉത്സാഹം, ത്തിൻറെ. *s.* 1. Endeavour, effort, attempt, perseverance, strenuous and continued exertion. 2. encouragement. 3. happiness, joy, triumph.

ഉത്സാഹവൎദ്ധനം, ത്തിൻറെ. *s.* Heroism. ശൌൎയ്യം.

ഉത്സാഹി, യുടെ. *s.* One who is zealous, active, diligent, persevering.

ഉത്സാഹിക്കുന്നു, ച്ചു, പ്പാൻ. *v. n.* 1. To endeavour, to use effort; to persevere. 2. to triumph, to rejoice.

ഉത്സാഹിപ്പിക്കുന്നു, ച്ചു, പ്പാൻ. *v. a.* To encourage, to rouse, to excite, to instigate, to prompt.

ഉത്സുകൻ, ൻറെ. *s.* One who is zealously active, making exertions to obtain a gratifying object. തൻറെ സിദ്ധാൎത്ഥിന ഒരുമ്പെട്ടവൻ.

ഉത്സുകം, &c. *adj.* Zealously active; making exertions to obtain a desired object.

ഉത്സൂരം, ത്തിൻറെ. *s.* Evening, twilight. വൈകുന്നേരം.

ഉത്സൃഷ്ടം, &c. *adj.* Abandoned, left. ത്യക്തം.

ഉത്സെകം, ത്തിൻറെ. *s.* Haughtiness, pride. മദം.

ഉത്സെധം, ത്തിൻറെ. *s.* 1. Height, elevation. ഉയൎച്ച. 2. the body. ശരീരം. 3. slaughter, killing. വധം.

ഉദ, or ഉൽ. A Sanscrit particle prefixed to words derived from that language, and implying, 1. Superiority in degree. 2. in place, (over, above, &c.) 3. pride. 4. publicity. 5. power. 6. separation; disjunction. 7. emancipation. 8. binding, &c. 9. helplessness, weakness.

ഉദക്. *ind.* 1. Northern, upward, വടക്ക. 2. subsequent. പിന്നെ.

ഉദകക്രിയ, യുടെ. *s.* Funeral rites or obsequies. മരിച്ചവന വെണ്ടി ചെയ്യുന്ന ദശാഹവെലി.

ഉദകം, ത്തിൻറെ. *s.* Water. ജലം.

ഉദക്യ, യുടെ. *s.* A woman in her courses. രജസ്വലാ.

ഉദഗയനം, ത്തിൻറെ. *s.* The sun's progress north of the equator. See ഉത്തരായണം.

ഉദഗ്രം, &c. *adj.* 1. High, tall, great. ഉൽകൃഷ്ടം. 2. uppermost. ഉന്നതം.

ഉദജം, ത്തിൻറെ. *s.* 1. Driving cattle. പശുവടിക്ക. 2. a lotus. താമരപ്പൂ.

ഉദഞ്ചനം, ത്തിൻറെ. *s.* A lid, a cover. അടപ്പ, മൂടി.

ഉദഞ്ചിതം, &c. *adj.* Thrown up, tossed. മെല്പട്ട ഇടപ്പെട്ടത. *s.* Jumping up. ചാട്ടം.

ഉദധി, യുടെ. *s.* The sea or ocean. സമുദ്രം.

ഉദന്തകം, ത്തിൻറെ. *s.* News, tidings, intelligence. വൎത്തമാനം.

ഉദന്തം, ത്തിൻറെ. *s.* 1. A message. വൎത്തമാനം. 2. tidings, intelligence. ചരിത്രം.

ഉദന്തിക, യുടെ. *s.* Satisfaction, satiety. തൃപ്തി.

ഉദന്യ, യുടെ. *s.* Thirst. ദാഹം.

ഉദന്വാൻ, ൻറെ. *s.* The ocean or sea: സമുദ്രം.

ഉദപാനം, ത്തിൻറെ. *s.* A well. കിണറ.

ഉദയകാലം, ത്തിൻറെ. *s.* 1. Time of the sun's rise, sun-rise. 2. morning, day-spring.

ഉദയപൎവ്വതം, ത്തിൻറെ. *s.* The eastern mountain beyond which the sun is supposed to rise.

ഉദയം, ത്തിൻറെ. *s.* 1. The rising of the sun or of any other heavenly body. 2. the morning. 3. the eastern mountain behind which the sun is supposed to rise. 4. rising, ascending. 5. birth, origin. 6. light, splendour. 7. prosperity, good fortune.

ഉദയരാഗം, ത്തിൻറെ. *s.* A song sung at sun-rise.

ഉദരഗ്രന്ഥി, യുടെ. *s.* The spleen, (the disease; a chronic affection of this organ being not uncommon in *India*.) ഉദരരൊഗ ഭെദം.

ഉദരത്രാണം, ത്തിൻറെ. *s.* A cuirass, armour covering the front. കവചം.

ഉദരപിശാചൻ, ൻറെ. *s.* A glutton, voracious, one who devours every thing, flesh, fish, &c. ബഹുഭക്ഷകൻ.

ഉദരപൂരണം, ത്തിൻറെ. *s.* A full belly, having a belly full. വയർ നിറക്കുക.

ഉദരപൂർത്തി, യുടെ. *s.* A full belly.

ഉദരപൊഷണം, ത്തിൻറെ. *s.* See the preceding.

ഉദരംഭരി, യുടെ. *s.* One who is selfishly voracious, gluttonous. തൻറെ വയറ പൊറുന്നവൻ.

ഉദരരൊഗം, ത്തിൻറെ. *s.* Dysentry, diarrhœa, &c.

ഉദരവ്യഥ, യുടെ. *s.* See the preceding.

ഉദരാമയം, ത്തിൻറെ. *s.* Dysentry, diarrhœa, &c. വയറിലെ വ്യാധി.

ഉദരാവർത്തം, ത്തിൻറെ. *s.* The navel. നാഭി.

ഉദരിലം, &c. *adj.* Fat, corpulent. തടിച്ചത.

ഉദർക്കം, ത്തിൻറെ. *s.* 1. Future or remote consequence. വരും ഫലം. 2. future time. വരുംകാലം.

ഉദവസിതം, ത്തിൻറെ. *s.* A house. ഭവനം.

ഉദശ്വിത്ത, ിൻറെ. *s.* Butter-milk with an equal proportion of water. പാതിനീർ കൂട്ടിയ മൊര.

ഉദാത്തൻ, ൻറെ. *s.* 1. A donor, one who is generous, liberal. ഔദാര്യമുള്ളവൻ. 2. great, illustrious. ശ്രെഷ്ഠൻ. 3. dear, beloved. ഇഷ്ടൻ.

ഉദാത്തം, ത്തിൻറെ. *s.* 1. The acute accent; a high or sharp tone. സ്വരഭെദം. 2. a gift, donation. ദാനം

ഉദാനൻ, ൻറെ. *s.* One of the five vital airs, that which (is believed to be essential to life and which is understood) rises from the throat and passes into the head.

ഉദാരത, യുടെ. *s.* 1. Generosity, liberality, munificence. ഔദാര്യം. 2. greatness, excellency. ശ്രെഷ്ഠത.

ഉദാരൻ, ൻറെ. *s.* One who is generous, liberal, munificent. ഔദാര്യമുള്ളവൻ. 2. great, excellent. ശ്രെഷ്ഠൻ. 3. gentle. ഇരാനസാരി.

ഉദാരം, &c. *adj.* 1. Liberal, generous, munificent, bountiful. 2. excellent, great. 3. gentle.

ഉദാരശീലൻ, ൻറെ. *s.* One who is generous, liberal, bountiful, munificent. ഔദാര്യൻ.

ഉദാസീനത, യുടെ. *s.* 1. Negligence, inattention, carelessness. 2. idleness. 3. neutrality.

ഉദാസീനൻ, ൻറെ. *s.* 1. A stranger. 2. a common acquaintance, a person neither a friend nor a foe. 3. one who is careless, idle.

ഉദാസ്ഥിതൻ, ൻറെ. *s.* A spy, an emissary. ഒറുകാരൻ.

ഉദാഹരണം, ത്തിൻറെ. *s.* 1. An instance, illustration, or example, of any rule or precept. 2. a quotation. 3. an apposite argument, one of five modes of logical reasoning. ഉദാഹരിക്കുന്നു, ഉദാഹരണം ചെയ്യുന്നു. 1. To illustrate, or give examples. 2. to quote a rule as an authority for an example, or an example in illustration of a rule.

ഉദാഹാരം, ത്തിൻറെ. *s.* See the preceding for examples there given. Commencement of a work, a preface. വാക്യാരംഭം.

ഉദാഹൃതം, *adj.* Illustrated. ഉദാഹരിക്കപ്പെട്ടത.

ഉദിക്കുന്നു, ച്ചു, പ്പാൻ. *v. n.* 1. To rise, as applied to the heavenly bodies. 2. to arise, to ascend. 3. to be born, to spring.

ഉദിതം, &c. *adj.* 1. Said, spoken. പറയപ്പെട്ടത. 2. tied, bound. ബന്ധിക്കപ്പെട്ടത. 3. risen, ascended. ഉദിക്കപ്പെട്ടത.

ഉദിപ്പു, ിൻറെ. *s.* Rising, rise, ascending.

ഉദീചി, യുടെ. *s.* The north. വടക്ക.

ഉദീചീനം, &c. *adj.* Northern. വടക്കുള്ളത.

ഉദീച്യം, ത്തിൻറെ. *s.* The northern region. ശരാവതീനദിയുടെ വടക്ക പടിഞ്ഞാറുള്ള ഭൂമി. 2. a perfume. ഇരുവെലി.

ഉദീരണം, ത്തിൻറെ. *s.* Speaking, saying. സംസാരം. ഉദീരണം ചെയ്യുന്നു. To speak, to pronounce.

ഉദീരിതം, &c. *adj.* Spoken, said. ഉച്ചരിക്കപ്പെട്ടത.

ഉദീർണ്ണം, &c. *adj.* 1. Generous. ഔദാര്യമുള്ളത. 2. great, excellent. ശ്രെഷ്ഠം.

ഉദുംബരപർണ്ണി, യുടെ. *s.* A plant. നാഗദന്തി. See ദന്തിക.

ഉദുംബരം, ത്തിൻറെ. *s.* 1. The glomerous fig tree. *Ficus glomerata*. അത്തി. 2. copper. ചെമ്പ. 3. a threshold. ഉമ്മരം.

ഉദൂഖലം, ത്തിൻറെ. *s.* A wooden mortar used for cleaning rice. ഉരൽ.

ഉദ്ഗഡം, &c. *adj.* 1. Coarse, gross, heavy. പരുപരുപ്പുള്ളത. 2. married. വിവാഹം ചെയ്യപ്പെട്ടത.

ഉദ്ദണ്ഡരാഗം, ത്തിൻറെ. *s.* 1. The bass sound. ഒരു രാഗം. 2. affection. അതിസ്നേഹം.

ഉദ്ദതജാനു, വിൻറെ. *s.* One who has long legs. കാൽനീളമുള്ളവൻ.

ഉദ്ദതം, &c. *adj.* 1. Vomited, cast up. ഛർദ്ദിക്കപ്പെട്ടത. 2. risen, ascended. ഉയർത്തപ്പെട്ടത.

ഉദ്ദമനീയം, ത്തിൻറെ. *s.* A pair of bleached cloths. വസ്ത്രവും ഉത്തരീയവും.

ഉദ്ദളിതം, &c. *adj.* Falling, fallen. പതിതം.

ഉദ്ദാഢ്യം, &c. *adj.* Much, excessive. ഏറവും.

ഉദ്ഗാതാവ, ിൻറെ. *s.* A reciter of the prayers, &c. of the *Sama véda.* സാമവെദജ്ഞൻ.

ഉദ്ഗാനം, ത്തിൻറെ. *s.* Reciting prayers, &c.

ഉദ്ഗാരം, ത്തിൻറെ. *s.* 1. Belching, eructation. എമ്പക്കം. 2. vomitting. ഛർദ്ദി.

ഉദ്ഗിരണം, ത്തിൻറെ. *s.* Swallowing. വിഴുങ്ങുക.

ഉദ്ഗീതം, &c. *adj.* Recited, repeated. chanted. പാടപ്പെട്ടത

ഉദ്ഗീഥ, ത്തിൻറെ. *s.* 1. A portion of the *Sama véda.* 2. designation of the triliteral name of God. സാമനീതിഭേദം.

ഉദ്ഗീർണ്ണം, ത്തിൻറെ. *s.* Swallowed. വിഴുങ്ങിയത.

ഉദ്ഗൃണ്ണം, &c. *adj.* Raised, lifted, held up. ഉയർത്തപ്പെട്ടത.

ഉദ്ഗൃഹിതം, &c. *adj.* 1. Excellent, exalted. ഉയർത്തപ്പെട്ടത. 2. bound, tied. ബന്ധിക്കപ്പെട്ടത. 3. seized. പിടിക്കപ്പെട്ടത. 4. deposited, delivered. വെക്കപ്പെട്ടത.

ഉദ്ഗ്രാഹം, ത്തിൻറെ. *s.* 1. Taking up, lifting up. മെല്ലെ എടുക്കുക. 2. replying to an argument.

ഉദ്ഘനം, ത്തിൻറെ. *s.* 1. A carpenter's work-bench, a plank in which he works. ചെത്തുന്നതിന താഴെ വെക്കുന്നത.

ഉദ്ഘൃം, ത്തിൻറെ. *s.* Excellence, happiness. ശ്രേഷ്ഠം.

ഉദ്ഘൃസം, ത്തിൻറെ. *s.* Flesh. ഇറച്ചി.

ഉദ്ഘാടനം, ത്തിൻറെ. *s.* 1. The rope and bucket of a well, a leathern bucket used for drawing water. വെള്ളം കൊരുവാനുള്ളത. 2. an opener, the instrument or means of opening, a key, &c. തുറക്കുന്ന യന്ത്രം.

ഉദ്ഘാടിതജ്ഞം, &c. *adj.* Wise, intelligent. ബുദ്ധിയുള്ള.

ഉദ്ഘാടിതം, &c. *adj.* 1. Done with effort, exerted. പ്രയത്നകൃതം. 2. opened. തുറക്കപ്പെട്ടത.

ഉദ്ഘാതം, ത്തിൻറെ. *s.* A beginning, a thing begun. ആരംഭം.

ഉദ്ദണ്ഡത, യുടെ. *s.* 1. Violence, fierceness. 2. insolence. 3. tyranny. ക്രൂരത.

ഉദ്ദണ്ഡൻ, ൻറെ. *s.* 1. One who is violent, fierce. 2. insolent. 3. a tyrant. ക്രൂരൻ.

ഉദ്ദണ്ഡൂരം, &c. *adj.* 1. High, tall. ഉയർന്നത. 2. terrific, formidable. ഭയങ്കരമുള്ളത. 3. large toothed.

ഉദ്ദംശം, ത്തിൻറെ. *s.* A bug. മൂട്ട.

ഉദ്ദാനം, ത്തിൻറെ. *s.* Binding, confinement. ബന്ധനം.

ഉദ്ദാമം, &c. *adj.* 1. Set free, unbound. വിടപ്പെട്ടത. 2. unconstrained. അടക്കപ്പെടാത്തത.

ഉദ്ദായം, ത്തിൻറെ. *s.* Insurrection.

ഉദ്ദാലം, ത്തിൻറെ. *s.* 1. A plant, *Cordia myxa* or *latifolia.* നവ്വരി വൃക്ഷം.

ഉദ്ദിതം, &c. *adj.* Bound, tied. ബന്ധിക്കപ്പെട്ടത.

ഉദ്ദിഷ്ടം, &c. *adj.* 1. Aimed at. ഉദ്ദേശിക്കപ്പെട്ടത. 2. determined, resolved. നിശ്ചയിക്കപ്പെട്ടത.

ഉദ്ദീപകം, ത്തിൻറെ. *s.* A large black ant. പൂട്ടുമ്പ.

ഉദ്ദീപനം, ത്തിൻറെ. *s.* 1. Exciting, inflaming the passions. ഉജ്ജ്വിപ്പിക്ക. 2. illuminating. പ്രകാശിപ്പിക്കുക.

ഉദ്ദീപ്യം, &c. *adj.* 1. Illuminated. പ്രകാശിക്കപ്പെട്ടത. 2. inflamed, excited.

ഉദ്ദെശം, ത്തിൻറെ. *s.* 1. View, intention, object, aim. അഭിപ്രായം. 2. determination, resolution. നിശ്ചയം. 3. guess, conjecture. സംശയം.

ഉദ്ദെശിക്കുന്നു, ച്ചു, പ്പാൻ. *v. a.* To aim at, to have in view. 2. to determine, to resolve. 3. to fix the mind upon a particular object. 4. to destine or intend for another.

ഉദ്രവം, ത്തിൻറെ. *s.* Flight, retreat. ഒട്ടം.

ഉദ്രാവം, ത്തിൻറെ. *s.* Flight, retreat. ഒട്ടം.

ഉദ്ധതൻ, ൻറെ. *s.* One who is proud, arrogant. ഗർവ്വിഷ്ഠൻ.

ഉദ്ധതം, &c. *adj.* Rude, arrogant, ill-behaved. ഗർവ്വമുള്ള.

ഉദ്ധരണം, ത്തിൻറെ. *s.* 1. Food vomited. 2. raising any thing up as water from a well. മെല്ലെട്ടെടുക്ക. 3. eradicating a tree, &c. 4. final emancipation.

ഉദ്ധരണി, യുടെ. *s.* A ladle, a spoon. തവി.

ഉദ്ധരിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To raise or lift up. 2. to rescue, to deliver. 3. to preserve; to protect. 4. to support; to uphold. 5. to re-establish; to renew; to restore. to found.

ഉദ്ധർഷം, ത്തിൻറെ. *s.* A religious festival. ഉത്സവം.

ഉദ്ധവം, ത്തിൻറെ. *s.* A festival, a holiday. ഉത്സവം.

ഉദ്ധാനം, ത്തിൻറെ. *s.* 1. A fire place, a furnace. അടുപ്പ. 2. raising, lifting up. *Adj.* 1. Raised up. 2. vomited.

ഉദ്ധാരകൻ, ൻറെ. *s.* A deliverer, one who protects, preserves; supports, upholds, &c. രക്ഷിതാവ.

ഉദ്ധാരണം, ത്തിൻറെ. *s.* 1. Raising, or lifting up. 2. rescue; deliverance. 3. preservation; protection; sup-

port. രക്ഷ. 4. final emancipation. ഉദ്ധാരണം ചെയ്യുന്നു. 1. To raise or lift up. 2. to rescue, to deliver. 3. to preserve; to protect. 4. to re-establish; to renew; to restore; to found.

ഉദ്ധാരം, ത്തിന്റെ. *s.* 1. Debt, especially a debt not bearing interest. കടം. 2. raising or lifting up. 3. rescue, deliverance. രക്ഷ.

ഉദ്ധൂതം, &c. *adj.* Shaken. ഇളക്കപ്പെട്ടത.

ഉദ്ധൂതം, &c. *adj.* Shaken. ഇളക്കപ്പെട്ടത.

ഉദ്ധൂനനം, ത്തിന്റെ. *s.* Shaking. ഇളക്കം.

ഉദ്ധൂമം, ത്തിന്റെ. *s.* Smoke. പുക.

ഉദ്ധൂളനം, ത്തിന്റെ. *s.* 1. Anointing or rubbing the body with perfumes. പൂചുക. 2. blowing up, as dust. പൊളിപ്പിക്ക.

ഉദ്ധൂളിതം, &c. *adj.* 1. Anointed, rubbed with perfumes. പൂചപ്പെട്ടത. 2. blown up, as dust.

ഉദ്ധൃതം, &c. *adj.* 1. Raised, drawn up, as water out of a well, &c. 2. delivered. 3. extracted. 4. selected, taken from or out of. എടുക്കപ്പെട്ടത.

ഉദ്ധൃഷ്ടം, &c. *adj.* 1. Raised, drawn up. 2. extracted. ഉദ്ധരിക്കപ്പെട്ടത.

ഉദ്ഭിന്നം, *adj.* Apparent, evident. സ്പഷ്ടം. *s.* Excess, increase. വർദ്ധന.

ഉദ്ഭിൻ, ത്തിന്റെ. *s.* The womb, the embryo. മറുപിള്ള.

ഉദ്ഭടം, *adj.* Excellent, exalted, magnanimous. ശ്രേഷ്ഠം, പ്രകാശിതം.

ഉദ്ഭവം, ത്തിന്റെ. *s.* 1. Birth, production. ജനനം. 2. rise.

ഉദ്ഭവിക്കുന്നു, ച്ചു, പ്പാൻ. *v. n.* 1. To be born, to be produced. ജനിക്കുന്നു. 2. to rise.

ഉദ്ഭിജ്ജം, *adj.* Sprouting, germinating, as a vegetable, &c. *s.* A sprout. മുള.

ഉദ്ഭിൽ, or ഉദ്ഭിദ. *adj.* Sprouting, germinating. മുളെക്കുന്നവ.

ഉദ്ഭൂതം, &c. *adj.* Born, produced. ജനിക്കപ്പെട്ടത.

ഉദ്ഭ്രമം, ത്തിന്റെ. *s.* Regret. കുണ്ഠിതം, മെല്ലട്ടാട്ടം.

ഉദ്യതനം, ത്തിന്റെ. *s.* 1. Raising or holding up. ഉയർത്തുക. 2. effort, exertion, perseverance. 3. readiness. ഉത്സാഹം.

ഉദ്യതം, &c. *adj.* 1. Raised, held up. ഉയർത്തപ്പെട്ടത. 2. active, persevering, labouring diligently.

ഉദ്യമനം, ത്തിന്റെ. *s.* See the following.

ഉദ്യമം, ത്തിന്റെ. *s.* 1. Exertion, strenuous and continued effort. 2. perseverance. 3. readiness. ഉത്സാഹം.

ഉദ്യാനം, ത്തിന്റെ. *s.* 1. A royal garden. പൂങ്കാവ. 2. going forth, exit. പുറപ്പാട. 3. purpose, motive. പ്രയോജനം.

ഉദ്യാപനം, ത്തിന്റെ. *s.* 1. The performance of any supposed meritorious act of devotion, or of any penance, austerity, or privation. 2. the ceremony which takes place at the conclusion of the same. പൂജാവസാനം.

ഉദ്യുക്തം, &c. *adj.* 1. Zealously active, labouring for some desired end. 2. prepared. ഉത്സാഹമുള്ള.

ഉദ്യോഗം, ത്തിന്റെ. *s.* 1. Exertion, effort, endeavour, zeal. 2. employment, occupation, calling, service, trade. 3. an office or situation. ഉദ്യോഗത്തിലാക്കുന്നു. To employ in a situation. ഉദ്യോഗം ഭരിക്കുന്നു. To exercise an office. ഉദ്യോഗം കൊടുപ്പിക്കുന്നു. To procure for another a situation or an employment.

ഉദ്യോഗസ്ഥൻ, ന്റെ. *s.* A person holding a situation, an officer.

ഉദ്യോഗി, യുടെ. *s.* One who is zealously active, labouring for some desired end. ഉത്സാഹമുള്ളവൻ.

ഉദ്യോഗിക്കുന്നു, ച്ചു, പ്പാൻ. *v. n.* To endeavour, to use effort, to persevere strenuously, to be zealously active.

ഉദ്യോഗിപ്പിക്കുന്നു, ച്ചു, പ്പാൻ. *v. a.* To excite, to stir up, to rouse, to instigate.

ഉദ്യോതം, ത്തിന്റെ. *s.* 1. Light, lustre. പ്രകാശം. 2. brightness. വെയിൽ.

ഉദ്യോതമാനം, &c. *adj.* Bright, light. പ്രകാശിച്ചിരിക്കുന്നത.

ഉദം, ത്തിന്റെ. *s.* An otter. കഴുനായ്.

ഉദവം, ത്തിന്റെ. *s.* Running, as water. ഒടുക, ഒഴുക.

ഉദാവം, ത്തിന്റെ. *s.* See the preceding.

ഉദിക്കം, ത്തിന്റെ. *s.* 1. A district, a division, a *Perguna.* 2. witness, proof. *adj.* Distinct; evident; much.

ഉദിതം. *adj.* Tied, bound. കെട്ടപ്പെട്ടത.

ഉദ്രേകം. *adj.* Abundant, plentiful. അനവധി.

ഉദപാനം, ത്തിന്റെ. *s.* Sowing. വിത.

ഉദവത്തനം, ത്തിന്റെ. *s.* Cleaning with perfumes. മെഴുകിടിക്ക. 2. going up, rising, ascending. 3. sprinkling with perfumes.

ഉദവത്തം, &c. *adj.* Abundant, plentiful. *s.* Abundance, plenty. അനവധി.

ഉദവസിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To kill, to slay. കൊല്ലുന്നു. 2. to remove. അയക്കുന്നു.

ഉദവസിപ്പിക്കുന്നു, ച്ചു, പ്പാൻ. *v. c.* To cause to kill. കൊല്ലിക്കുന്നു. 2. to cause to remove.

ഉദവഹനം, ത്തിന്റെ. *s.* 1. Carrying. എടുക്കുക. 2. marriage. വെളി.

18003

ഉദ്വഹിക്കുന്ന, ച്ചു, പ്പാൻ. *v. a.* 1. To marry. വിവാഹം ചെയ്യുന്ന. 2. to take. എടുക്കുന്ന.

ഉദ്വാന്തൻ, ന്റെ. *s.* 1. An elephant out of rut. മദമടങ്ങിയ ആന. 2. One who vomits. ഛർദ്ദിക്കുന്നവൻ.

ഉദ്വാന്തം, &c. *adj.* Vomited. ഛർദ്ദിക്കപ്പെട്ടത.

ഉദ്വാസനം, ത്തിന്റെ. *s.* 1. Killing, slaughter. കൊല. 2. removing. അയക്കുക.

ഉദ്വാഹനം, ത്തിന്റെ. *s.* Anxiety, anxious regret. കുണ്ഠിതം.

ഉദ്വാഹം, ത്തിന്റെ. *s.* Marriage. വിവാഹം.

ഉദ്വാഹികം, &c. *adj.* Relating to marriage, matrimonial.

ഉദ്വാഹിതം, &c. *adj.* Raised, drawn up, eradicated. ഉദ്വാഹിതമുഖം. Looking up.

ഉദ്വിഗ്നം, &c. *adj.* 1. Very weak or faint. നന്നാക്ഷീണിച്ചത. 2. bent. വളഞ്ഞത.

ഉദ്വൃത്തം, &c. *adj.* 1. Vomited. ഛർദ്ദിക്കപ്പെട്ടത. 2. raised, elevated. ഉയർത്തപ്പെട്ടത. 3. unrestrained, ill behaved. അടക്കമില്ലാത്തത.

ഉദ്വെഗം, ത്തിന്റെ. *s.* 1. Anxiety, agitation, fear; consternation; uneasiness. ശങ്ക. 2. the fruit of the *Areca Catechu*, the betel nut. അടെക്ക. 3. running, going swiftly. 4. ascending, mounting, going up or upwards. 5. jumping up. മെല്ലട്ടുള്ള ചാട്ടം.

ഉദ്വെഗൻ, ന്റെ. *s.* One going swiftly, a runner, a courier, &c. വെഗം ഓടുന്നവൻ.

ഉന്ത, ിന്റെ. *s.* 1. A push. 2. projection. 3. sediment. ഉന്തകലങ്ങുന്ന. To be muddy.

ഉന്തിക്കുന്ന, ച്ചു, പ്പാൻ. *v. c.* To cause to push, or thrust.

ഉന്തുന്ന, ന്തി, വാൻ. *v. a.* To push, to thrust.

ഉന്ദുരു, വിന്റെ. *s.* A rat. എലി.

ഉന്നക്കാരൻ, ന്റെ. *s.* A man of good aim, a good marksman.

ഉന്നതം, &c. *adj.* High; lofty, tall. അത്യുന്നതൻ. 1. The most high God. 2. most excellent.

ഉന്നതാനതം, &c. *adj.* Uneven, undulated, wavy. ഉയർന്നും താഴെമുള്ളത.

ഉന്നതി, യുടെ. *s.* 1. Increase, advancement, prosperity. വർദ്ധന. 2. rising, ascending. 3. height. ഉയരം.

ഉന്നം, ത്തിന്റെ. *s.* 1. A mark, a butt. 2. a mark. ഉന്നം നൊക്കുന്ന. To aim at a mark.

ഉന്നമനം, ത്തിന്റെ. *s.* Obeisance, a bow, reverence. നമസ്കാരം.

ഉന്നമിക്കുന്ന, ച്ചു, പ്പാൻ. *v. a.* To reverence; to bow; to bow or bend down. നമസ്കരിക്കുന്ന, വളയുന്ന.

ഉന്നമിതം, &c. *adj.* 1. Bent, bowed. വളയപ്പെട്ടത, കുനിയപ്പെട്ടത. 2. reverenced. നമസ്കരിക്കപ്പെട്ടത.

ഉന്നമ്രം, ത്തിന്റെ. *s.* A bent, bow, obeisance. വളവ, കുനിവ.

ഉന്നയനം, ത്തിന്റെ. *s* Deliberation, discussion, reasoning, logic. വിചാരം, ഊഹം.

ഉന്നയം, ത്തിന്റെ. *s.* Raising, elevating, hoisting. ഉയർത്തുക.

ഉന്നാമം, ത്തിന്റെ. *s.* See ഉന്നമനം.

ഉന്നായം, ത്തിന്റെ. *s.* See ഉന്നയം.

ഉന്നായ്യം, &c. *adj.* What may be raised, or elevated. ഉയർത്തുവാനുള്ളത.

ഉന്നിക്കുന്ന, ച്ചു, പ്പാൻ. *v. n.* 1. To determine, to resolve. 2. to doubt.

ഉന്നുന്ന, ന്നി, വാൻ. *v. a.* 1. To aim at, to have in view. 2. to fix the mind upon a particular object, to be desirous of accomplishing a particular object.

ഉന്നെയം, ത്തിന്റെ. *s.* 1. Aim, view. 2. determination, resolution. ഊഹ്യം.

ഉന്മഗ്നം, &c. *adj.* Sunk, immersed, overwhelmed. മുഴുകപ്പെട്ടത.

ഉന്മജ്ജനം, ത്തിന്റെ. *s.* Immersion; the state of being overwhelmed or lost in any respect. മുഴുകുക.

ഉന്മത്തൻ, ന്റെ. *s.* 1. One who is mad, insane. ഭ്രാന്തൻ. 2. intoxicated.

ഉന്മത്തം, &c. *adj.* Insane, frantic, mad. 2. intoxicated, drunk. *s.* The thorn apple. *Datura metel* and *fastuosa*.

ഉന്മഥം, ത്തിന്റെ. *s.* 1. A trap, a snare. കണി. 2. killing, slaughter. വധം.

ഉന്മഥിതം, &c. *adj.* Killed, slain. കൊല്ലപ്പെട്ടത.

ഉന്മദം, ത്തിന്റെ. *s.* Madness, furiousness, fury, extravagance. ഭ്രാന്ത. 2. intoxication. മദം.

ഉന്മദിഷ്ണു, ിന്റെ. *s.* One who is mad, insane. ഭ്രാന്തൻ.

ഉന്മനസ്സു, ിന്റെ. *s.* 1. Regretting, missing, sorrowing for a lost or departed friend. 2. exertion, strenuous effort.

ഉന്മാഥം, ത്തിന്റെ. *s.* 1. A trap or snare. കണി. 2. killing, slaughter. കൊല.

ഉന്മാദം, ത്തിന്റെ. *s.* Insanity, madness, extravagance. ഭ്രാന്ത.

ഉന്മാദവാൻ, ന്റെ. *s.* One who is mad, insane, wild, extravagant. ഭ്രാന്തൻ.

ഉന്മീലനം, ത്തിന്റെ. *s.* Winking, twinkling of the eye. കണ്ണിമിക്കുക, വിടരുക.

ഉന്മീലിതം, &c. *adj.* Expanded, blown as a flower. മിഴിക്കപ്പെട്ടത, വിടരപ്പെട്ടത.

ഉന്മുകം, ത്തിന്റെ. *s.* A fire-brand. തീക്കൊള്ളി.

ഉന്മുക്തം, &c. *adj.* 1. Deserted, forsaken. മൊചിക്ക

പ്പെട്ടത. തൂങ്ങിക്കപ്പെട്ടത. 2. drawn. ഊരപ്പെട്ടത.

ഉന്മുഖം, &c. *adj.* Looking upwards attentively. ഉയർത്തപ്പെട്ട മുഖം.

ഉന്മൂലനം, ത്തിന്റെ. *s.* 1. Eradication, the act of pulling up by the roots, destruction. മൂലഛേദനം, നാശം. ഉന്മൂലനം ചെയ്യുന്നു. 1. To eradicate, to pull up by the roots. 2. to destroy completely, to make an end of.

ഉന്മൂലിതം, &c. *adj.* Eradicated, pulled up by the roots. വെരൊടെ പറിക്കപ്പെട്ടത.

ഉന്മെദസ്സു, ിന്റെ. *s.* Fatness, corpulency. പുഷ്ടി.

ഉന്മെഷം, ത്തിന്റെ. *s.* 1. Winking, twinkling of the eye lids, opening the eyes (expanded.) മിഴിക്കുക. 2. cheerfulness, gladness, delight. പ്രസാദം. 3. zeal, vigilance. ജാഗ്രത.

ഉന്മെഷിപ്പിക്കുന്നു, ച്ചു, പ്പാൻ. *v. a.* To cheer, to gladden, to raise (the spirits.)

ഉപ. A Sanscrit particle prefixed to verbs in that language, and implying; 1. Excess (over, above, &c.) 2. vicinity or assemblage, (near, by the side of, with, together with.) 3. inferiority (less, secondary, &c.) 4. likeness, resemblance. 5. disease, extinction. 6. ornament. 7. command. 8. reproof. 9. astonishing. 10. giving. 11. killing. 12. diffusion. 13. wish, desire. 14. effort, exertion, &c.

ഉപകണ്ഠം, ത്തിന്റെ. *s.* Contiguity. സമീപം. *adj.* Near, proximate.

ഉപകഥ, യുടെ. *s.* Additional intelligence, or news.

ഉപകരണം, ത്തിന്റെ. *s.* 1. Implements, materials, means, as *Tools* of a trade, the furniture of a house, utensils, &c. 2. the insignia of royalty or state.

ഉപകരി, യുടെ. *s.* A portion, a share, a part.

ഉപകരിക്കാരൻ, ന്റെ. *s.* A sharer, a partner.

ഉപകരിക്കുന്നു, ച്ചു, പ്പാൻ. *v. a.* To benefit, to confer a benefit; to assist, to serve, to be of use to; to profit; to be profitable.

ഉപകരിപ്പിക്കുന്നു, ച്ചു, പ്പാൻ. *v. c.* To benefit, to profit.

ഉപകയ്യ, യുടെ. *s.* A king's household or palace, a caravansera. രാജഭവനം.

ഉപകാരകം, &c. *adj.* Beneficial, serviceable, useful, beneficent.

ഉപകാരം, ത്തിന്റെ. *s.* 1. Benefit, beneficence; favour, kindness. 2. aid, assistance, help. 3. protection. 4. a present, a complementary gift. ഉപകാരം ചെയ്യുന്നു. To assist; to aid; to benefit; to confer a benefit; to contribute to a charity.

ഉപകാരി, യുടെ. *s.* 1. A benefactor; a protector, one who is beneficent, kind, disposed to charity and to afford assistance.

ഉപകാരിക, യുടെ. *s.* 1. A benefactress, protectress, a governess. 2. a palace, a caravansera. രാജഭവനം.

ഉപകുഞ്ചിക, യുടെ. *s.* 1. Small cardamoms. ചിറ്റെലം. 2. a sort of fennel flower, *Nigella Indica.* 3. black cumin seed. കരിഞ്ചീരകം.

ഉപകുർവ്വാണൻ, ന്റെ. *s.* A student, or first of the four religious orders, among the brahmans.

ഉപകുല്യ, യുടെ. *s.* Long pepper, *Piper longum.* തിപ്പലി.

ഉപകൂപജലാശയം, ത്തിന്റെ. *s.* A trough near a well for watering cattle. ആവണിക്കല്ല.

ഉപക്രമം, ത്തിന്റെ. *s.* 1. Beginning or commencement in general. 2. deliberate commencement or undertaking; providing means and anticipating consequences. 3. a stratagem. ആരംഭം.

ഉപക്രമിക്കുന്നു, ച്ചു, പ്പാൻ. *v. n.* To begin, to commence.

ഉപക്രോശം, ത്തിന്റെ. *s.* Censure; blame; reproach. നിന്ദ.

ഉപഗതം, &c. *adj.* 1. Promised, agreed. പ്രതിജ്ഞ ചെയ്യപ്പെട്ടത. 2. approached.

ഉപഗമനം, ത്തിന്റെ. *s.* 1. Approach, approximation. സമീപം. 2. access. സമീപപ്രാപ്തി. 3. promise. പ്രതിജ്ഞ.

ഉപഗമം, ത്തിന്റെ. *s.* 1. Approach, approximation. 2. promise, agreement.

ഉപഗമിക്കുന്നു, ച്ചു, പ്പാൻ. *v. a.* To approach.

ഉപഗമ്യം, &c. *adj.* Accessible, approachable. സമീപപ്രാപ്യം.

ഉപഗീതം, ത്തിന്റെ. *s.* 1. A song. പാട്ട. 2. praise. സ്തുതി.

ഉപഗൂഢം, &c. *adj.* 1. Embraced. ആലിംഗനം ചെയ്യപ്പെട്ടത. 2. hidden. ഒളിക്കപ്പെട്ടത.

ഉപഗ്രഹനം, ത്തിന്റെ. *s.* An embrace, embracing. ആലിംഗനം.

ഉപഗ്രഹൻ, ന്റെ. *s.* A prisoner, a man or animal in confinement. ബദ്ധൻ.

ഉപഗ്രഹം, ത്തിന്റെ. *s.* 1. Favour, encouragement. കൃപ, ധൈര്യം. 2. assistance. സഹായം.

ഉപഗ്രാമം, ത്തിന്റെ. *s.* The suburbs of a city or town.

ഉപഗ്രാഹ്യം, ത്തിന്റെ. *s.* 1. A present or offering to a king or great man. സമ്മാനം. 2. a bribe, a *Nuzur.* കൊഴ.

ഉപഷ്ടംഭം, ത്തിന്റെ. *s.* Contiguous support. അടുത്താശ്രയം.

ഉപചയം, ത്തിന്റെ. *s.* 1. Quantity, heap. കൂമ്പാരം. 2. elevation. ഉയച്ച.

ഉപചരണം, ത്തിന്റെ. *s.* See ഉപചാരം.

ഉപചരിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To respect, to shew respect, to do honour. 2. to be obliging, kind or polite. 3. to serve, to be of service, to assist.

ഉപചരിതം, &c. *adj.* Served, adored, obliged, respected, honoured. ഉപചരിക്കപ്പെട്ടത.

ഉപചര്യ, യുടെ. *s.* Practice of medicine. ചികിത്സാ.

ഉപചാരക്കാരൻ, രന്റെ. *s.* A civil person, one who is polite, kind; obliging.

ഉപചാരം, ത്തിന്റെ. *s.* 1. Civility; politeness; urbanity; honour. 2. obliging conduct; kindness; service. 3. salutation. 4. practice, profession, usage. ഉപചാരം ചെയ്യുന്നു. 1. To shew respect, to honour. 2. to serve, to assist. 3. to be obliging, kind or polite.

ഉപചാരി, യുടെ. *s.* A civil, a polite person.

ഉപചിതം, &c. *adj.* 1. Increasing, thriving. വർദ്ധിതം. 2. anointed with perfumes. ചന്ദനാദിചർച്ചിതം.

ഉപചിതി, യുടെ. *s.* Increase, increasing, thriving. വർദ്ധനം.

ഉപചിത്രു, യുടെ. *s.* A plant. *Silvinia cucullata*, (Rox.) എലിച്ചെവിയൻ.

ഉപജാതം, &c. *adj.* 1. Burnt. ദഹിക്കപ്പെട്ടത. 2. collected, assembled. കൂട്ടപ്പെട്ടത 3. born with. കൂടെ ജനിക്കപ്പെട്ടത.

ഉപജാപം, ത്തിന്റെ. *s.* Disunion, separation. വിഭാഗം.

ഉപജിഹ്വാ, യുടെ. *s.* 1. The uvula or soft palate. ചെറുനാക്ക. 2. a species of insect.

ഉപജീവനം, ത്തിന്റെ. *s.* Livelihood, maintenance; subsistance; sustenance, support; means of subsistence. ഉപജീവനം കഴിക്കുന്നു. To support life, to acquire subsistence.

ഉപജീവിക്കുന്നു, ച്ചു, പ്പാൻ. *v. n.* To live upon, to subsist.

ഉപജീവിതം, &c. *adj.* Supported, maintained.

ഉപജീവി, യുടെ. *s.* 1. One who supports himself by industry. 2. a subject. പ്രജ.

ഉപജുഷ്ടം. *ind.* See ഉപജോഷം.

ഉപജൃംഭണം, ത്തിന്റെ. *s.* Increase. വർദ്ധനം.

ഉപജോഷം. *ind.* An expression indicative of joy. സന്തോഷവചനം.

ഉപജ്ഞ, യുടെ. *s.* Untaught knowledge. അഭ്യസിക്കാത്ത ജ്ഞാനം.

ഉപജ്ഞാതം, &c. *adj.* Known. അറിയപ്പെട്ടത.

ഉപതപ്താ, വിന്റെ. *s.* Morbid heat. മറ്റൊള്ളം, ദുഃഖിതൻ.

ഉപതാപം, ത്തിന്റെ. *s.* 1. Disease. വ്യാധി. 2. haste, hurry. ഉഴറ. 3. heat, heatedness. ഉഷ്ണം. 4. pain. വ്യസനം.

ഉപത്യക, യുടെ. *s.* Land near the foot of a hill, or mountain. പർവ്വതത്തോടടുത്ത ഭൂമി.

ഉപത്യം, ത്തിന്റെ. *s.* 1. Transgression. 2. assault. അതിക്രമം.

ഉപദംശം, ത്തിന്റെ. *s.* A relish or some thing to promote drinking. കറി.

ഉപദർശകൻ, രന്റെ. *s.* A doorkeeper. വാതിൽ കാക്കുന്നവൻ.

ഉപദ, യുടെ. *s.* A present or offering to a king or superior, &c., a bribe, a *Nuzur*. കാഴ്ചവ്യം.

ഉപദാനകം, ത്തിന്റെ. *s.* A present; see the preceding.

ഉപദിഷ്ടം, &c. *adj.* Advised, instructed, taught. ഉപദേശിക്കപ്പെട്ടത.

ഉപദേവത, യുടെ. *s.* A demi-god.

ഉപദേശം, ത്തിന്റെ. *s.* 1. Teaching; instruction; advice. 2. doctrine. ജ്ഞാനോപദേശം. Divine doctrine.

ഉപദേശവാക്ക, ിന്റെ. *s.* Advice, instruction.

ഉപദേശി, യുടെ. *s.* 1. A teacher, an instructor. 2. a catechist.

ഉപദേശിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To instruct, to teach. 2. to advise, to inculcate, to inform, to catechise, with the dative of the person.

ഉപദേഷ്ടാവ, ിന്റെ. *s.* An instructor; a teacher; an adviser.

ഉപദ്രവക്കാരൻ, രന്റെ. *s.* 1. A molester, a persecutor. 2. one who is molested, persecuted, &c.

ഉപദ്രവം, ത്തിന്റെ. *s.* 1. Hurt, injury. 2. annoyance, trouble, molestation, persecution. 3. grief, affliction. 4. suffering, sickness. *adj.* Hurtful, noxious.

ഉപദ്രവപ്പെടുന്നു, ട്ടു, വാൻ. *v. n.* To suffer affliction, persecution, injury, &c.

ഉപദ്രവപ്പെടുത്തുന്നു, ത്തി, വാൻ. *v. a.* See ഉപദ്രവിക്കുന്നു.

ഉപദ്രവി, യുടെ. *s.* A molester, a persecutor, oppressor.

ഉപദ്രവിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To injure, to hurt. 2. to persecute, to annoy; to molest. 3. to afflict, to grieve.

ഉപധ, യുടെ. *s.* 1. Trial or test of honesty, &c. of four kinds, of loyalty, disinterestedness, continence, and courage. ധർമ്മാദികളെ കൊണ്ടുള്ള പരീക്ഷ. 2. a penultimate letter.

ഉപധാനം, ത്തിന്റെ. *s.* 1. A pillow. തലയിണ. 2. kindness, affection. പ്രേമം.

ഉപധാരണം, ത്തിന്റെ. *s.* Carrying, bearing. വഹിക്ക.

ഉപധി, യുടെ. *s.* 1. Fraud, circumvention. വ്യാജം. 2. fear, terror. ഭയം.

ഉപധ്വനി, യുടെ. *s.* Echo, the return of any sound. മാറൊലി. ഉപധ്വനിക്കുന്നു. To echo, to resound.

ഉപനഗരം, ത്തിന്റെ. *s.* The suburbs of a city or town.

ഉപനതം, &c. *adj.* Approached, approximate. നന്നാ അടുത്തത.

ഉപനയനം, ത്തിന്റെ. *s.* 1. The ceremony of investing any youth of the three first classes, with the sacred thread or cord, worn by them over the left shoulder across the body and passing under the right arm. The youths should be invested, respectively from 8 to 16, from 11 to 22, and from 12 to 24, years of age. പൂണൂലിടുക. 2. spectacles. കണ്ണട.

ഉപനയം, ത്തിന്റെ. *s.* See the preceding, 1st meaning.

ഉപനയിക്കുന്നു, ച്ചു, പ്പാൻ. *v. a.* To perform the above ceremony. പൂണൂലിടുന്നു.

ഉപനാഹം, ത്തിന്റെ. *s.* The tie of a lute, the lower part of the tail piece where the wires are fixed. വീണയുടെ കമ്പി കെട്ടുന്ന സ്ഥലം.

ഉപനിധി, യുടെ. *s.* 1. A hoard of concealed treasure. 2. a deposit or pledge, generally such as is sealed up and committed to the care of a creditor, friend, &c. നിക്ഷേപം.

ഉപനിഷത്ത, ിന്റെ. *s.* 1. The theological, and the *Vedanta* or argumentative part of the *Vedas*, either detached from or comprised in the principal work. വേദസാരം. 2. virtue, moral merit.

ഉപനിഷ്കരം, ത്തിന്റെ. *s.* 1. A street. 2. a principal or royal road. രാജഭവനത്തിലെക്ക പൊകും വഴി.

ഉപനീതൻ, ന്റെ. *s.* A person invested with the characteristic string. പൂണൂലിടപ്പെട്ടവൻ.

ഉപനീതി, യുടെ. *s.* See ഉപനയനം.

ഉപനുതം, &c. *adj.* Reverenced, adored, praised. സ്തുതിക്കപ്പെട്ടത.

ഉപനെതാവ, ിന്റെ. *s.* A person who invests with the sacred thread. പൂണൂലിടുവിക്കുന്നവൻ.

ഉപനെത്രം, ത്തിന്റെ. *s.* A pair of spectacles. കണ്ണട.

ഉപന്യസ്തം, &c. *adj.* Introduced, begun. തുടങ്ങിയത.

ഉപന്യാസം, ത്തിന്റെ. *s.* An exordium or introduction. വാക്കിന്റെ ആരംഭം.

ഉപപതി, യുടെ. *s.* A paramour, a gallant. ജാരൻ.

ഉപപത്തനം, vel ഉപപട്ടണം, ത്തിന്റെ. *s.* The suburbs of a city, or town. ഉപനഗരം.

ഉപപത്തി, യുടെ. *s.* 1. Obtaining, accomplishment. സിദ്ധി. 2. aid, assistance, help. 3. convenience, propriety. യുക്തം. 4. great knowledge.

ഉപപദം, ത്തിന്റെ. *s.* 1. A secondary noun in a sentence in conjunction, or apposition. സമാസപദം. 2. small, diminutive. ചെറിയ പദം.

ഉപപന്നം, &c. *adj.* 1. Obtained. പ്രാപിക്കപ്പെട്ടത. 2. convenient. യൊഗ്യം, ചെച്ച്യയുള്ളത.

ഉപപാതകം, ത്തിന്റെ. *s.* A heinous crime, criminality; as killing a cow; selling a daughter; atheism, &c. പാപം.

ഉപപാപം, ത്തിന്റെ. *s.* A heinous crime. മഹാപാപം.

ഉപപുരം, ത്തിന്റെ. *s.* The suburbs of a city or town. ഉപനഗരം.

ഉപപുഷ്ടിക, യുടെ. *s.* Yawning, gaping. കൊട്ടവാ.

ഉപപ്രദാനം, ത്തിന്റെ. *s.* A bribe, a present. കൈക്കൂലി, സമ്മാനം.

ഉപപ്ലവം, ത്തിന്റെ. *s.* 1. *Rahu*, the moon's ascending node. 2. an eclipse. ഗ്രഹണം. 3. a portent or natural phenomenon so considered. 4. a general public calamity. നാശം. 5. an assault, an affray. കലഹം, ആക്രമം.

ഉപബർഹം, ത്തിന്റെ. *s.* A pillow. തലയിണ.

ഉപഭൃത, ിന്റെ. *s.* A cup made of the wood of the Banian tree and used in sacrifices. യാഗത്തിന ആരയാൽ കൊണ്ടുള്ള പാത്രം.

ഉപഭൊഗം, ത്തിന്റെ. *s.* 1. Pleasure, satisfaction. 2. enjoyment. സുഖാനുഭവം.

ഉപമ, യുടെ. *s.* 2. Resemblance, likeness. 2. comparison. സാദൃശ്യം. 3. a simile, a parable. 4. dexterity, artfulness, skilfulness.

ഉപമം, &c. *adj.* Like, similar, resembling.

ഉപമർദ്ദം, ത്തിന്റെ. *s.* Reproach, abuse. ശകാരം.

ഉപമലം, ത്തിന്റെ. *s.* Inward wickedness, corruption of mind. മനൊ ദുഷ്ടത.

ഉപമാതാവ, ിന്റെ. *s.* A wet nurse. വളക്കുന്നവൾ.

ഉപമാനം, ത്തിന്റെ. *s.* See ഉപമ.

ഉപമാലങ്കാരം, ത്തിന്റെ. *s.* Analogy; comparison, illustration. ഉപമയൊട കൂടിയ വാക്യം.

ദെവസഭ, യുടെ. *s.* 1. An assembly of the gods. 2. a religious assembly, a congregation, a church.

ദെവസായൂജ്യം, ത്തിന്റെ. *s.* Inferior deification, the state or being of the inferior gods. ദെവത്വം.

ദെവസാക്ഷി, യുടെ. *s.* An oath.

ദെവസെന, യുടെ. *s.* 1. The daughter of INDRA. ഇന്ദ്രന്റെ പുത്രി. 2. an army or host of celestials. ദെവസൈന്യം.

ദെവസെനാപതി, യുടെ. *s.* A name of *Scanda.* സുബ്രഹ്മണ്യൻ.

ദെവസ്വം, ത്തിന്റെ. *s.* The property applicable to religious purposes, endowments, &c.

ദെവസ്വാപഹാരം, ത്തിന്റെ. *s.* Sacrilege.

ദെവാജീവൻ, ന്റെ. *s.* An attendant upon an idol, a low *Brahman* subsisting by attendance on an image, and upon the offerings made to it. എമ്പെരുമാൻ.

ദെവാന്നം, ത്തിന്റെ. *s.* Food offered to the gods. പൂജച്ചോറ.

ദെവാംശം, ത്തിന്റെ. *s.* A divine portion, a consecrated portion.

ദെവാലയം, ത്തിന്റെ. *s.* A temple; a fane.

ദെവാവ, ിന്റെ. *s.* A husband's brother, *but especially* his younger brother. ഭർത്താവിന്റെ അനുജൻ.

ദെവാശ്വം, ത്തിന്റെ. *s.* The horse of INDRA. ഇന്ദ്രന്റെ കുതിര.

ദെവിക, യുടെ. *s.* The name of a river which flows from the *Sähya* mountain. സഹ്യൻ പർവ്വതത്തിൽനിന്ന ഒഴുകുന്ന ഒരു നദി.

ദെവിലം. *adj.* Pious, virtuous, just. ധർമ്മമുള്ള.

ദെവീ, യുടെ. *s.* 1. A goddess. ദെവസ്ത്രീ. 2. a name of PÁRWATI. പാർവ്വതി. 3. a reigning queen, or one crowned as well as the king. പട്ടംകെട്ടിയ സ്ത്രീ. 4. lemon grass. പൊന്നകപ്പുല്ല. 5. a plant. പെരുങ്കുരുമ്പ. 6. a respectful epithet or title applied to a woman of the first class. ശ്രേഷ്ഠതയുള്ള സ്ത്രീ.

ദെവെന്ദ്രൻ, ന്റെ. *s.* A name of INDRA.

ദെവൊത്സവം, ത്തിന്റെ. *s.* A feast, a *festival at a* temple or church.

ദെവൊദ്യാനം, ത്തിന്റെ. *s.* A sacred grove; a garden for rearing flowers to adorn an idol.

ദെശകൻ, ന്റെ. *s.* A ruler, a governor. ദെശാധികാരി.

ദെശകാലജ്ഞൻ, ന്റെ. *s.* One who knows the proper circumstances of time and place.

ദെശകാലം, ത്തിന്റെ. *s.* Fit time and place, opportunity, the proper time, duration of time.

ദെശകാലൊചിതം, ത്തിന്റെ. *s.* Propriety, aptness, circumstances of time or place. ഔചിത്യം.

ദെശക്കാരൻ, ന്റെ. *s.* An inhabitant of a country.

ദെശപ്രമാണി, യുടെ. *s.* A chief, or head of a village.

ദെശഭാഷ, യുടെ. *s.* A language or dialect of any country, or province.

ദെശമര്യാദ, യുടെ. *s.* The manners or customs of any particular country.

ദെശമുഖ്യസ്ഥൻ, ന്റെ. *s.* A chief or head of a village.

ദെശം, ത്തിന്റെ. *s.* A country, territory, land, or district; a region, whether inhabited or uninhabited. രാജ്യം, കര.

ദെശരൂപം, ത്തിന്റെ. *s.* Propriety, fitness. യൊഗ്യത.

ദെശവഴി, യുടെ. *s.* A petty state or principality, chiefly included in a larger state.

ദെശവാർത്ത, യുടെ. *s.* News, tidings, intelligence, rumour.

ദെശവാഴി, യുടെ. *s.* A governor, a ruler.

ദെശവിശെഷം, ത്തിന്റെ. *s.* The natural state or properties of any country.

ദെശസ്ഥൻ, ന്റെ. *s.* 1. A man belonging to any particular country; an inhabitant. 2. an appellation of a particular tribe among the *Brahmans.*

ദെശാചാരം, ത്തിന്റെ. *s.* The customs of any particular country.

ദെശാധികാരി, യുടെ. *s.* A ruler, a governor.

ദെശാധിപതി, യുടെ. *s.* A king, a sovereign, the lord of the country.

ദെശാന്തരഗതി, യുടെ. *s.* 1. Travelling in a foreign country. 2. the course of the sun.

ദെശാന്തരം, ത്തിന്റെ. *s.* A foreign country; journey, travel. അന്യദെശം.

ദെശാന്തരി, യുടെ. *s.* A traveller in foreign countries.

ദെശാവസ്ഥ, യുടെ. *s.* The state or condition of a country.

ദെശാക്ഷി, യുടെ. *s.* A tune. ഒരു രാഗം.

ദെശികൻ, ന്റെ. *s.* 1. A traveller, a stranger, a sojourner. സഞ്ചാരി. 2. a *guru* or spiritual teacher. ഗുരു.

ദെശിനീ, യുടെ. *s.* The index or forefinger. ചൂണ്ടുവിരൽ.

ദെശൊചിതം, ത്തിന്റെ. *s.* Propriety, fitness. *adj.* Of or belonging to or fit for any particular land or country.

ദെശൊപദ്രവം, ത്തിന്റെ. *s.* The calamities which come upon a land or country either from mis-government, war, famine, pestilence, &c.

ദെശ്യം. *adj.* Of or belonging to a country or land. ദെശത്തിന്നടുത്തത. *s.* 1. The language of any country. ദെശഭാഷ. 2. a phrase or word adopted from a foreign language. അന്യദെശ ഭാഷ.

ദെഹകാന്തി, യുടെ. *s.* Beauty. സൌന്ദൎയ്യം.

ദെഹണ്ഡം, ത്തിന്റെ. *s.* 1. Hard labour or work. 2. industry.

ദെഹദണ്ഡം, ത്തിന്റെ. *s.* 1. Bodily chastisement. 2. hard labour or work, industry.

ദെഹദാഢ്യം, ത്തിന്റെ. *s.* Corporeal or bodily strength. ശരീരശക്തി.

ദെഹപീഡ, യുടെ. *s.* Bodily pain. ശരീരദുഃഖം.

ദെഹപ്രകൃതി, യുടെ. *s.* Constitution of the body.

ദെഹബുദ്ധി, ന്റെ. *s.* Life, vitality. ജീവൻ.

ദെഹം, ത്തിന്റെ. *s.* 1. The body. 2. an individual.

ദെഹസ്വഭാവം, ത്തിന്റെ. *s.* Constitution of the body.

ദെഹളീ, യുടെ. *s.* The threshhold of a door, the lower part of the wooden frame of a door. ചെറുപടി.

ദെഹാഭിമാനം, ത്തിന്റെ. *s.* 1. Self-conceit; 2. spiritual ignorance. 3. materialism, scepticism.

ദെഹാഭിമാനി, യുടെ. *s.* A materialist, a sceptic.

ദെഹാലസ്യം, ത്തിന്റെ. *s.* Fatigue, bodily weakness.

ദെഹാവലംബി, യുടെ. *s.* Life, vitality. ജീവൻ.

ദെഹി, യുടെ. *s.* Any person embodied, any thing that has a body, as sometimes applied to the soul, as dwelling in the body. ജീവൻ.

ദൈതെയൻ, ന്റെ. *s.* A demon, an *Asur*, a *Titan* or giant of Hindu mythology. അസുരൻ.

ദൈത്യഗുരു, വിന്റെ. *s.* A name of *Sucra* as preceptor of the *Titans* and *Venus.* ശുക്രൻ.

ദൈത്യൻ, ന്റെ. *s.* A *Daitya* or demon, an *Asur*, the *Titan* or giant of Hindu mythology. അസുരൻ.

ദൈത്യ, യുടെ. *s.* A perfume, commonly *Peura.* ചിറിന്ത.

ദൈത്യാരി, യുടെ. *s.* A name of VISHNU. വിഷ്ണു.

ദൈന്യത, യുടെ. *s.* 1. Disgrace, shame. 2. infirmity. 3. meanness, covetousness. 4. humility.

ദൈന്യതപ്പെടുന്നു, ട്ടു, വാൻ. *v. n.* 1. To be ashamed, disgraced. 2. to become infirm, weak.

ദൈന്യം, ത്തിന്റെ. *s.* 1. Shame, disgrace. ലജ്ജ. 2. meanness, covetousness. ലൊഭം. 3. infirmity, weakness. ക്ഷീണം. 4. poverty, humility. 5. dejection. ക്ലെശിതം.

ദൈൎഘ്യം, ത്തിന്റെ. *s.* Length. നീളം. *adj.* Long. നീളമുള്ള.

ദൈവകല്പന, യുടെ. *s.* 1. Divine command, divine appointment. 2. destiny, fate, doom.

ദൈവകല്പിതം. *adj.* 1. Ordered, or willed by GOD. 2. fated, willed. *s.* 1. Divine appointment. 2. destiny, fate, predestination.

ദൈവകാരുണ്യം, ത്തിന്റെ. *s.* Divine mercy or the mercy of GOD.

ദൈവകൊവിദ, യുടെ. *s.* A female fortune-teller. ലക്ഷണം പറയുന്നവൾ.

ദൈവകൊവിദൻ, ന്റെ. *s.* A fortune-teller, an astrologer. ജ്യൊതിഷക്കാരൻ.

ദൈവഗതി, യുടെ. *s.* 1. Destiny, doom, fate, fortune. 2. providence, accident.

ദൈവഗുണങ്ങൾ, ളുടെ. *s. plu.* The attributes of GOD.

ദൈവഗൊഷ്ഠം, ത്തിന്റെ. *s.* A temple. ക്ഷെത്രം.

ദൈവജ്ഞ, യുടെ. *s.* A female fortune-teller. ജ്യൊതിഷക്കാരി.

ദൈവജ്ഞൻ, ന്റെ. *s.* A fortune-teller, an astrologer. ജ്യൊതിഷക്കാരൻ.

ദൈവത, യുടെ. *s.* 1. Prosperity, fortune, wealthiness, success, thriving. 2. wealth.

ദൈവതം, ത്തിന്റെ. *s.* A god, a deity. *adj.* Of or relating to a god. ദൈവം.

ദൈവതയുള്ളവൻ, ൻറെ. *s.* One who is prosperous fortunate, wealthy, thriving.

ദൈവത്വം, ത്തിൻറെ. *s.* Divinity, the divine nature, the abstract attribute of the deity: godhead.

ദൈവദൂതൻ, ൻറെ. *s.* An angel; a divine messenger.

ദൈവദൂഷണക്കാരൻ, ൻറെ. *s.* A blasphemer, one who reviles God or sacred things.

ദൈവദൂഷണം, ത്തിൻറെ. *s.* Blasphemy, reviling.

ദൈവധൂപ, യുടെ. *s.* Benzoin, *Styrax benzoin.* സാമ്പ്രാണി.

ദൈവപരീക്ഷ, യുടെ. *s.* 1. Swearing, taking an oath. 2. fortune-telling. പ്രശ്നം.

ദൈവപ്പാല, യുടെ. *s.* The name of a tree, *Echites schola.* എഴിലമ്പാലം.

ദൈവപ്രശ്നം, ത്തിൻറെ. *s.* Astrology, fortune-telling. ജ്യോതിഷം.

ദൈവബലം, ത്തിൻറെ. *s.* Divine power.

ദൈവം, ത്തിൻറെ. *s.* 1. God, the Supreme Being. 2. destiny, fate, fortune. *adj.* Divine.

ദൈവയുഗം, ത്തിൻറെ. *s.* An age of the gods, consisting of 12000 divine years, or the sum of four *Yugas* or ages of men.

ദൈവവിരൊധം, ത്തിൻറെ. *s.* 1. Divine displeasure. 2. misfortune, unhappiness.

ദൈവവിലാസം, ത്തിൻറെ. *s.* Divine will, or pleasure.

ദൈവാധീനം, ത്തിൻറെ. *s.* Divine providence, divine favour, divine assistance. *adj.* Fated, willed, predestinated.

ദൈവാനുകൂലം, ത്തിൻറെ. *s.* See the following.

ദൈവാനുകൂല്യം, ത്തിൻറെ. *s.* Divine favour or pleasure, divine providence.

ദൈവാനുഗ്രഹം, ത്തിൻറെ. *s.* Divine blessing, or the blessing of God.

ദൈവി. *adj.* Divine, celestial, of or belonging to the deity, &c. ദൈവസംബന്ധം.

ദൈവീകം. *adj.* 1. Divine, of or belonging to the deity. *s.* A visitation from God. ദൈവത്തിങ്കൽനിന്നുണ്ടാകുന്നത.

ദൈവെഛ, യുടെ. *s.* Divine will, or pleasure.

ദൈവൊപാസന, യുടെ. *s.* Divine worship.

ദൊട്ടിപ്പാഷാണം, ത്തിൻറെ. *s.* A kind of arsenic.

ദൊന്നാ, യുടെ. *s.* A plantain leaf, &c. stitched so as to form a vessel.

ദൊൎണ്ടം, ത്തിൻറെ. *s.* The fore-arm. കൈത്തണ്ട.

ദൊശ, യുടെ. *s.* A kind of cake.

ദൊശക്കല്ല, ിൻറെ. *s.* A vessel to make cakes.

ദൊഷജ്ഞൻ, ൻറെ. *s.* 1. A learned man, a *Pundit*, a sage. അറിവുള്ളവൻ. 2. a physician. വൈദ്യൻ.

ദൊഷപരിഹാരം, ത്തിൻറെ. *s.* 1. A penance. പ്രായശ്ചിത്തം. 2. a remedy for sin, an atonement. ദൊഷപരിഹാരം ചെയ്യുന്നു, 1. To make an atonement. 2. to perform penance.

ദൊഷപ്പെടുത്തുന്നു, ത്തി, വാൻ. *v. a.* 1. To deprave, to corrupt, to defile. 2. to vitiate, to spoil.

ദൊഷപ്പെടുന്നു, ട്ടു, വാൻ. *v. n.* 1. To be depraved, corrupted, defiled. 2. to be vitiated, spoiled.

ദൊഷമാകുന്നു, യി, വാൻ. *v. n.* 1. To be or become evil or sinful. 2. to be a loss. See under ദൊഷം.

ദൊഷം, ത്തിൻറെ. *s.* 1. Sin, guilt, offence, crime. 2. fault, defect, blemish. 3. error, mistake. 4. evil, loss, injury. 5. peculiar malignity, enormous crime. 6. bad symptoms in sickness foreboding death. 7. disorder of the humours of the body. 8. punishment. ദൊഷം ചെയ്യുന്നു, To sin, to commit sin, to do evil, to offend, to transgress. ദൊഷം പറയുന്നു, To revile, to calumniate. ദൊഷം കയ്യെല്ക്കുന്നു, To envolve one's-self in the guilt of another. ദൊഷമായിതീരുന്നു, To become evil, bad, wicked, &c.

ദൊഷവിചാരം, ത്തിൻറെ. *s.* An arbitration among Brahmans when any one is accused of adultery.

ദൊഷശങ്ക, യുടെ. *s.* A suspicion of some guilt.

ദൊഷാ. *ind.* In the night, by night; at the commencement of night, at night fall. രാത്രി. *s.* The arm. കൈ.

ദൊഷാകരൻ, ൻറെ. *s.* The moon. ചന്ദ്രൻ.

ദൊഷാധിക്യം, ത്തിൻറെ. *s.* Excessive guilt, crime, &c. അധികദൊഷം.

ദൊഷാരൊപം, ത്തിൻറെ. *s.* Imputation of sin, guilt, &c. കുറ്റം ചുമത്തുക.

ദൊഷി, യുടെ. *s.* A wicked or vile person; a lewd man or woman.

ദൊഷൈകദൃക്ക്, ിൻറെ. *s.* One who is malevolent, censorious, discovering defects only. ദൊഷത്തെ മാത്രം കാണുന്നവൻ.

ദൊസ്സ, ിൻറെ. *s.* An arm. കൈ.

ദൊഹദം, ത്തിൻറെ. *s.* 1. Wish, desire. ആഗ്രഹം. 2. the longing of a pregnant woman. വ്യാക്കുൾ.

ദൊഹദവതി, യുടെ. *s.* A pregnant woman longing for any thing. വ്യാക്കുളുള്ളവൾ.

ദൊഹനം, ത്തിൻറെ. *s.* Milking. കറക്കുക. ദൊഹനം ചെയ്യുന്നു, To milk. കറക്കുന്നു.

ദൊഹം, ത്തിൻറെ. *s.* A milk pail, a milk vessel. പാല്കുഴ.

ദൊഹളം, ത്തിൻറെ. *s.* Wish, desire, will. ആഗ്രഹം, ഇഛ.

ദൊള, യുടെ. *s.* The indigo plant. അമരി.

ദൌത്യം, ത്തിൻറെ. *s.* A message, an embassy. ദൂത.

ദൌരാത്മ്യം, &c. *adj.* Foolish, perverse, captious, malignant. ദുർബുദ്ധിയുള്ള.

ദൌവാരികൻ, ൻറെ. *s.* A door-keeper, a porter, a warder. ദ്വാരപാലകൻ.

ദൌവാരികി, യുടെ. *s.* A female door-keeper. കാവൽക്കാരി.

ദൌഹിത്രൻ, ൻറെ. *s.* A daughter's son. മകളുടെ മകൻ.

ദൌഹിത്രി, യുടെ. *s.* A daughter's daughter. മകളുടെ മകൾ.

ദൌഹൃദം, ത്തിൻറെ. *s.* Pregnancy. ഗർഭധാരണം.

ദൌഹൃദവതീ, യുടെ. *s.* A pregnant woman. ഗർഭമുള്ള വൾ.

ദ്യാവാപൃഥിവികൾ, ളുടെ. *s. plu.* The heaven and earth. ആകാശവും ഭൂമിയും.

ദ്യാവാഭൂമികൾ, ളുടെ. *s. plu.* See the preceding.

ദ്യുതി, യുടെ. *s.* Light, beauty, splendour, brightness. ശൊഭ.

ദ്യുതിതം, &c. *adj.* Enlightened, illuminated, &c. ശൊഭിക്കപ്പെട്ടത.

ദ്യുമണി, യുടെ. *s.* The sun. ആദിത്യൻ.

ദ്യുമ്നം, ത്തിൻറെ. *s.* 1. Wealth, property, substance. ദ്രവ്യം. 2. strength, power. ശക്തി.

ദ്യൂതകാരകൻ, ൻറെ. *s.* 1. A gambler. ചൂതാളി. 2. the keeper of a gambling house. ചൂതകളിപ്പിക്കുന്നവൻ.

ദ്യൂതകൃത, ിൻറെ. *s.* A gambler. ചൂതാളി.

ദ്യൂതം, ത്തിൻറെ. *s.* Gaming, playing with dice or any thing not possessing life. ചൂത.

ദ്യൂനം, ത്തിൻറെ. *s.* The seventh sign of the zodiac reckoning from that under which a person's birth takes place. ഏഴാമിടം.

ദ്യൌകാരൻ, ൻറെ. *s.* A blacksmith. കൊല്ലൻ.

ദ്യൌതനം, ത്തിൻറെ. *s.* 1. Sun-shine. വെയിൽ. 2. illumination, brilliance, shining. പ്രകാശം. 3. sight, seeing. കാഴ്ച.

ദ്യൌതം, ത്തിൻറെ. *s.* Sun-shine, light, lustre, heat. വെയിൽ, പ്രകാശം.

ദ്യൌതിതം, &c. *adj.* Enlightened, &c. See ദ്യുതിതം.

ദ്യൌവ, ിൻറെ. *s.* 1. Heaven, paradise. സ്വർഗ്ഗം. 2. heaven, sky. ആകാശം.

ദൃഢിമാ, വിൻറെ. *s.* Firmness, hardness, heaviness. ഉറപ്പു, കട്ടി.

ദൃഢിഷ്ഠം, &c. *adj.* Hardest, very hard, or firm, &c. മഹാ ഉറപ്പുള്ള.

ദ്രപ്സം, ത്തിൻറെ. *s.* Thin or diluted curds. തൈർവെള്ളം.

ദ്രവണം, ത്തിൻറെ. *s.* 1. Going. ഗമനം. 2. dropping, exuding. കനിച്ചിൽ.

ദ്രവന്തി, യുടെ. *s.* A medicinal plant. എലിച്ചെവിയൻ.

ദ്രവം, ത്തിൻറെ. *s.* 1. Going, motion. ഗമനം. 2. flight, retreat. ഒട്ടം. 3. sport, amusement. ക്രീഡ. 4. juice, essence, exudation. സാരം. 5. wetness, fusion, liquifaction. അലിച്ചിൽ. 6. decoction. കഷായം. 7. dropping, distilling, trickling. പൊഴിച്ചിൽ. 8. spittle, saliva. ഉമിനീർ. ദ്രവിച്ചുപൊകുന്നു, 1. To exude or run out. 2. to become liquid.

ദ്രവിക്കുന്നു, ച്ചു, പ്പാൻ. *v.* 1. To exude or ooze out. 2. to go or run out. 3. to drop, or trickle. 4. to be distilled. 5. to be fused. 6. to liquify, become wet or soft.

ദ്രവിണം, ത്തിൻറെ. *s.* 1. Wealth, property, substance. ധനം. 2. strength, power. ശക്തി.

ദ്രവിപ്പിക്കുന്നു, ച്ചു, പ്പാൻ. *v. a.* To decoct, to distill.

ദ്രവ്യദണ്ഡം, ത്തിൻറെ. *s.* A fine levied in money. പിഴപ്പണം.

ദ്രവ്യനാശം, ത്തിൻറെ. *s.* Loss of property.

ദ്രവ്യം, ത്തിൻറെ. *s.* 1. Wealth, property, riches, substance. 2. a thing. 3. substance, medical compound. 4. elementary substance, nine kinds of which are reckoned, viz. earth, water, fire, air, æther, time, space, soul and intellect. 5. modesty, propriety. *adj.* Fit, proper, right, what is or ought to be done.

ദ്രവ്യശക്തി, യുടെ. *s.* Influence of riches or wealth.

ദ്രവ്യസ്ഥൻ, ൻറെ. *s.* A rich man.

ദ്രവ്യാഗമം, ത്തിൻറെ. *s.* Income, profit. മുതൽവരവ.

ദ്രവ്യാഗ്രഹം, ത്തിൻറെ. *s.* Covetousness, avarice, eagerness of gain.

ദ്രവ്യാപഹരണം, ത്തിൻറെ. *s.* Dishonesty, embezzlement of money.

ദ്രാക്. *ivd.* Instantly, immediately, soon, shortly, with speed. വെഗം.

ദ്രാഘിഷ്ഠം. *adj.* Very long. വളരദീഘ്രമുള്ള.

ദ്രാവ, യുടെ. *s.* A beggar. ഇരപ്പാളി.

ദ്രാവകം, ത്തിൻറെ. *s.* 1. Distillation. 2. spirits, &c., obtained from minerals, &c., by distillation. പശ, തൈലം, ഇത്യാദി.

ദ്രാവം, ത്തിൻറെ. *s.* 1. Flight, retreat. പിന്തിരിഞ്ഞ

ഒട്ടക. 2. speed, going quickly. വെഗം.

ദ്രാവിഡകം, ത്തിൻറെ. *s.* Zedoary, *Curcuma Zerumbet.* കച്ചോലം.

ദ്രാവിഡദ്രുതികം, ത്തിൻറെ. *s.* See the preceding.

ദ്രാവിഡൻ, ൻറെ. *s.* A native of *Drávida.* ദ്രാവിഡ ദെശത്ത ജനിച്ചവൻ.

ദ്രാവിഡം, ത്തിൻറെ. *s.* 1. The name of a country. 2. the language of that country.

ദ്രാക്ഷാ, യുടെ. *s.* A grape, *Vitis vinifera.* (Lin.) മുന്തിരിങ്ങാ.

ദ്രാക്ഷാരസം, ത്തിൻറെ. *s.* Wine, the juice of the grape. വീഞ്ഞ.

ദ്രു, വിൻറെ. *s.* 1. A tree. വൃക്ഷം. 2. going, motion. ഗമനം.

ദ്രുകിളിമം, ത്തിൻറെ. *s.* A tree, a sort of pine. ദെവതാരം.

ദ്രുഘണം, ത്തിൻറെ. *s.* 1. A mace, a mallet, an iron weapon made like a carpenter's hammer. മുൾതടി. 2. an axe, a hatchet. കൊടാലി.

ദ്രുണം, ത്തിൻറെ. *s.* A scorpion. തെള.

ദ്രുണി, യുടെ. *s.* 1. An oval water bason of wood or stone, &c. shaped like a boat, and used for pouring water. ജലപാത്രം. 2. a turtle, a tortoise. ആമ.

ദ്രുതഗതി, യുടെ. *s.* Quickness, speed, running about quick. വെഗം ഒട്ടക.

ദ്രുതഗതിക്കാരൻ, ൻറെ. *s.* A quick, hasty person.

ദ്രുതം. *adv.* Quickly, swiftly. വെഗം. *adj.* 1. Quick, swift. ഒടപ്പെട്ടത. 2. melted, fused. ഒഴകപ്പെട്ടത. 3. liquid, fluid. അലിയപ്പെട്ടത. *s.* Quick time in music.

ദ്രുമം, ത്തിൻറെ. *s.* A tree in general. വൃക്ഷം.

ദ്രുമാമയം, ത്തിൻറെ. *s. Lac,* the animal dye. അരക്ക.

ദ്രുമൊല്ലലം, ത്തിൻറെ. *s.* Mountain Ebony, *Bauhinia variegata.* കൊങ്ങമന്താരം.

ദ്രുവയം, ത്തിൻറെ. *s.* Measure in general. അളവ.

ദ്രുഹിണൻ, ൻറെ. *s.* Brahma. ബ്രഹ്മാവ.

ദ്രുണം, ത്തിൻറെ. *s.* A scorpion. തെള.

ദ്രെക്കാണം, ത്തിൻറെ. *s.* A third of a sign. രാശിയുടെ അംശഭെദം.

ദ്രൊണകാകൻ, ൻറെ. *s.* 1. A raven. 2. a carrion crow. കാവതിക്കാക്ക.

ദ്രൊണദുഗ്ധ, യുടെ. *s.* A cow that yields a *drona* of milk. പതിനാറിടങ്കഴിപ്പാൽ കറക്കുന്ന പശു.

ദ്രൊണദൊഗ്ദ്ധ്രീ, യുടെ. *s.* See the preceding.

ദ്രൊണൻ, ൻറെ. *s.* A proper name, the military preceptor of the *Pandu* princes.

ദ്രൊണപുഷ്പീ, യുടെ. *s.* A plant, *Phlomis Indica.* തുമ്പ.

ദ്രൊണം, ത്തിൻറെ. *s.* 1. A measure of capacity. പതിനാറിടങ്കഴി. 2. a plant, *Phlomis Indica.* തുമ്പ. 3. a water pot. കുടം. 4. a carrion crow. കാവതിക്കാക്ക.

ദ്രൊണക്ഷീര, യുടെ. *s.* A cow that yields a *drona* of milk. പതിനാറിടങ്കഴി പാൽ കറക്കുന്ന പശു.

ദ്രൊണിക, യുടെ. *s.* The indigo plant. അമരി. 2. a field sown with a *drona* of grain. പതിനാറിടങ്കഴിക്കണ്ടം.

ദ്രൊണി, യുടെ. *s.* 1. Any oval vessel made of wood, stone, &c. in the shape of a boat, and used for holding or pouring out water, as a bathing tub, a baling vessel, a bucket, a watering pot, &c. തൊണി. 2. the indigo plant. അമരി. 3. the chasm between two mountains. 4. a trough or rack for feeding cattle. പാത്തി.

ദ്രൊഹചിന്തനം, ത്തിൻറെ. *s.* Injurious design, malice prepence; the wish, thought, or attempt to injure.

ദ്രൊഹം, ത്തിൻറെ. *s.* 1. Treason, rebellion, revolt. 2. perfidy, treachery, betraying confidence or trust reposed in one. 3. malice, mischief, trespass, injury. സ്വജന ദ്രൊഹം, Treachery towards relatives. ഗുരുദ്രൊഹം, Treachery towards a spiritual guide or tutor. ജനദ്രൊഹം, Treachery towards any one's own people, tribe or nation. സ്വാമിദ്രൊഹം, Treachery towards a master, or lord. രാജദ്രൊഹം, High treason. മിത്രദ്രൊഹം, Treachery towards a friend. ദ്രൊഹം ചെയ്യുന്നു, 1. To commit treason. 2. to act or deal treacherously. ദ്രൊഹം കാട്ടുന്നു, To act treacherously. ദ്രൊഹം പറയുന്നു, To speak treacherously or perfidiously. ദ്രൊഹം വിചാരിക്കുന്നു. To imagine or frame an ill design.

ദ്രൊഹവിചാരം, ത്തിൻറെ. *s.* See ദ്രൊഹചിന്തനം.

ദ്രൊഹി, യുടെ. *s. masc.* and *fem.* A traitor, a betrayer.

ദ്രൊഹിക്കുന്നു, ച്ചു, പ്പാൻ. *v. n.* To rebel, to revolt, to injure.

ദ്രൊഹിതൻ, ൻറെ. *s.* One who is betrayed.

ദ്രൌണിക. *adj.* Sown with a *drona* of grain, (fields, &c.) പതിനാറിടങ്കഴി വിതെക്കുന്ന നിലം.

ദ്രൌപദി, യുടെ. *s.* The common wife of the five *Pandu* princes: she is also called പാഞ്ചാലി, as daughter of a king of the *Pánchála* country.

ദ്വന്ദ്വചാരം, ത്തിൻറെ. *s.* The ruddy goose. പാത്തപക്ഷി.

ദ്വന്ദ്വചാരി, യുടെ. *s.* The ruddy goose. പാത്തപക്ഷി.

ദ്വന്ദ്വഭാവം, ത്തിൻറെ. *s.* Strife, dispute, variance. വഴക്ക.

ദ്വന്ദ്വം, ത്തിൻറെ. *s.* 1. A couple, a pair, or brace. ഇരട്ട. 2. dispute. വിരോധം. 3. union of the sexes or coupling. 4. a form of grammatical combination, uniting two or more words in the same case, properly separated by a conjunction, രാമലക്ഷ്മണൌ, *Ráma Lacshmana*; പാണിപാദം, hand and foot. 4. a sign of the Zodiac, *Gemini*. മിഥുനം.

ദ്വന്ദ്വയുദ്ധം, ത്തിൻറെ. *s.* 1. A duel, close combat. രണ്ടാൾ കൂടിചെയ്യുന്ന യുദ്ധം. 2. close fight, personal struggle. 3. boxing, wrestling. കയ്യാങ്കളി.

ദ്വന്ദ്വരാശി, യുടെ. *s.* The sign *Gemini* of the Zodiac. മിഥുനംരാശി.

ദ്വന്ദ്വസഹിഷ്ണു, വിൻറെ. *s.* The patient endurance of austerities, privation, &c. സുഖദുഃഖങ്ങളെ സഹിക്ക ശീലമായുള്ളവൻ.

ദ്വന്ദ്വഹീനൻ, ൻറെ. *s.* A common acquaintance, a neutral person, one who is neither friend, nor foe.

ദ്വയ. *ind.* Two. രണ്ട.

ദ്വയം, ത്തിൻറെ. *s.* A pair or couple; two.

ദ്വയഹീനം, ത്തിൻറെ. *s.* 1. Neutrality. 2. the neuter gender. നപുംസകം.

ദ്വയാതിഗൻ, ൻറെ. *s.* A saint, a holy or virtuous man. ഉത്തമൻ.

ദ്വാത്രിംശൽ. *adj.* Thirty-two. മുപ്പത്തുരണ്ട.

ദ്വാദശമണ്ഡലാധിപൻ, ൻറെ. *s.* An emperor, or paramount sovereign, one who rules over other princes. മഹാ രാജാവ.

ദ്വാദശം. *adj.* 1. Twelve. പന്ത്രണ്ട. 2. twelfth. പന്ത്രണ്ടാമത്തെ.

ദ്വാദശാംഗുലം, ത്തിൻറെ. *s.* A measure of twelve fingers. നെടഞ്ഞാൺ.

ദ്വാദശാത്മാ, വിൻറെ. *s.* A name of the sun. ആദിത്യൻ.

ദ്വാദശി, യുടെ. *s.* The twelfth lunar day of either the light, or dark, fortnight.

ദ്വാപരം, ത്തിൻറെ. *s.* 1. The third of the four *Yugas* or great periods said to comprise 864,000 years. മൂന്നാമത്തെ യുഗം. 2. doubt, uncertainty. സംശയം.

ദ്വാർ, ിൻറെ. *s.* 1. A door, or gate; an entrance. വാതിൽ. 2. a hole. 3. a cavern, a chasm.

ദ്വാരക, യുടെ. *s.* *Dwáraca*, the name of a city, formerly the capital of *Crishna:* by some supposed to be swallowed up by the sea; by others stated to be now a small island off the northern part of the *Malabar* coast.

ദ്വാരപാലൻ, ൻറെ. *s.* 1. A door-keeper, a porter, a warder. വാതിൽ കാക്കുന്നവൻ. 2. a gigantic figure or image placed at the gate of a heathen temple.

ദ്വാരം, ത്തിൻറെ. *s.* 1. A door or gate, a passage or entrance. വാതിൽ. 2. a means; an expedient. 3. a medium or way by which any thing takes place, or is effected. 4. a hole. പഴുത.

ദ്വാരയന്ത്രം, ത്തിൻറെ. *s.* A lock, bolt, or pad-lock. പൂട്ട.

ദ്വാരസ്തംഭം, ത്തിൻറെ. *s.* A door post. പടിക്കാൽ.

ദ്വാരസ്ഥൻ, ൻറെ. *s.* A door-keeper. വാതിൽ കാക്കുന്നവൻ.

ദ്വാസ്ഥൻ, ൻറെ. *s.* A door-keeper, or warder. വാതിൽ കാക്കുന്നവൻ.

ദ്വാസ്ഥിതൻ, ൻറെ. *s.* A door-keeper.

ദ്വി. *ind.* The dual, only used in composition. രണ്ട.

ദ്വികം. *adj.* Two, or two-fold. ഇരട്ടി.

ദ്വിഗുണം. *adj.* Two-fold, double, twice. ഇരട്ടി.

ദ്വിഗുണാകൃതം. *adj.* Twice ploughed. ഇരുച്ചാലുഴുത.

ദ്വിഗുണിതം. *adj.* Doubled. ഇരട്ടിക്കപ്പെട്ടത.

ദ്വിഗുണീകൃതം. *adj.* Doubled. ഇരട്ടിക്കപ്പെട്ടത.

ദ്വിജ, യുടെ. *s.* A sort of perfume, also called *Rénuca*. അരെണുകം.

ദ്വിജന്മാ, വിൻറെ. *s.* 1. One twice born. 2. a man of either of the three first classes, see the following. 3. any oviparous animal, as a bird, a snake, a fish, &c. first born in the shell, and in the second instance produced from it. 4. a tooth. 5. a tusk.

ദ്വിജൻ, ൻറെ. *s.* 1. A man of the three first *Hindu* tribes, viz. a Brahman, Cshetriya, or Vaisya, whose investiture with the characteristic thread, constitutes religiously and metaphorically their second birth. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ. 2. the moon. ചന്ദ്രൻ.

ദ്വിജം, ത്തിൻറെ. *s. Lit:* Twice born. 1. An oviparous animal, as a bird, snake, fish, &c., first born in the shell, and in the second instance produced from it. പക്ഷി, പാമ്പ, ഇത്യാദി. 2. a tooth. പല്ല.

ദ്വിജരാജൻ, ൻറെ. *s.* 1. The moon. ചന്ദ്രൻ. 2. the bird and vehicle of Vishnu. ഗരുഡൻ. 3. the great serpent, *Ananta*. അനന്തൻ.

ദ്വിജാതി, യുടെ. *s.* 1. A Brahman. ബ്രാഹ്മണൻ. 2. a man of either of the three first classes. 3. any oviparous animal.

ദ്വിജിഹ്വൻ, ൻറെ. *s. Lit:* Double tongued. 1. An informer. കരുളുക്കാരൻ. 2. a snake. പാമ്പ. 3. a rogue, a scoundrel, a thief. കള്ളൻ.

ദ്വിട്, ട്ടിൻറെ. *s.* An enemy. ശത്രു.

ദ്വിതയം, ത്തിൻറെ. *s.* A couple, a pair. രണ്ടു.

ദ്വിതീയ, യുടെ. *s.* 1. The second lunar day, either of the light, or dark, fortnight. 2. a wife. ഭാര്യ.

ദ്വിതീയഗ്രഹം, ത്തിൻറെ. *s.* A secondary planet.

ദ്വിതീയം. *adj.* 1. Second. രണ്ടാമത്തെ. 2. two. രണ്ടു. ദ്വിതീയാവിഭക്തി in grammar, the objective or accusative case.

ദ്വിതീയവയസ്, ിൻറെ. *s.* Youth. യൌവനം.

ദ്വിതീയാകൃതം. *adj.* Twice ploughed, &c. (a field.) ഇരുച്ചാലുഴുതത.

ദ്വിത്രിരുക്തം, ത്തിൻറെ. *s.* Tautology, the repetition of sound, or words. രണ്ടുമൂന്നുവട്ടം പറക.

ദ്വിത്വം, ത്തിൻറെ. *s.* 1. A double consonant. 2. enmity. ശത്രുത.

ദ്വിധാ. *ind.* Of two kinds, in two ways. രണ്ടുപ്രകാരം.

ദ്വിപം, ത്തിൻറെ. *s.* An elephant. ആന.

ദ്വിപക്ഷം, ത്തിൻറെ. *s.* Enmity. ശത്രുത്വം.

ദ്വിപാത്ത. *adj.* Two-footed. ഇരുകാലുള്ള.

ദ്വിപാദം. *adj.* Biped, two-footed. രണ്ടുകാലുള്ള.

ദ്വിപാദ്യം, ത്തിൻറെ. *s.* A double penalty, an amercement of twice the common amount. ഇരട്ടിദണ്ഡം.

ദ്വിഭാഷി, യുടെ. *s.* An interpreter, *lit.* a person who speaks two languages. രണ്ടുഭാഷയിൽ സംസാരിക്കുന്നവൻ.

ദ്വിമാതൃജൻ, ൻറെ. *s.* 1. Having two mothers, born in two ways; it may be said of some deities, thus Genésa was the son of Párwati, but not born in the usual way, being made of the scurf of her skin. ഗണപതി. 2. having two mothers, born of one and nursed by another. രണ്ടമ്മമകൻ.

ദ്വിരദം, ത്തിൻറെ. *s.* An elephant. ആന.

ദ്വിരസനം, ത്തിൻറെ. *s.* A snake, or serpent. സർപ്പം.

ദ്വിരുക്തം, ത്തിൻറെ. *s.* The repetition of a sound or word, tautology. രണ്ടുവട്ടം പറക.

ദ്വിരെഫം, ത്തിൻറെ. *s.* 1. A large black bee; വണ്ടു. 2. a double *r*, two *rs*.

ദ്വിവചനം, ത്തിൻറെ. *s.* The dual, in grammar.

ദ്വിവർഷ, യുടെ. *s.* A cow two years old. രണ്ടു വയസ്സുള്ള പശു.

ദ്വിവിധം. *adj.* Two ways, two kinds. രണ്ടുപ്രകാരം.

ദ്വിഷദനുപം, &c. *adj.* Punishing or annoying an enemy, revenging, retaliating. ശത്രുവിനെ ശിക്ഷിക്കുക.

ദ്വിഷൽ, ത്തിൻറെ. *s.* An enemy, a foe. ശത്രു. *adj.* 1. Hating, or detesting, hostile. 2. inimical, unfriendly.

ദ്വിഷഡംഭജൻ, ൻറെ. *s.* A name of *Subrahmanya*. സുബ്രഹ്മണ്യൻ.

ദ്വിഷ്ടം, ത്തിൻറെ. *s.* Copper. ചെമ്പു. *adj.* Hated, disliked. ദ്വേഷിക്കപ്പെട്ടത.

ദ്വിസപ്തകം. *adj.* Fourteen. പതിന്നാല.

ദ്വിസപ്തതി. *adj.* Seventy-two. എഴുപത്തു രണ്ടു.

ദ്വിസീത്യം. *adj.* Twice ploughed. ഇരുച്ചാലുഴുതത.

ദ്വിഹല്യം. *adj.* Twice ploughed. ഇരുച്ചാലുഴുതത.

ദ്വിഹായനീ, യുടെ. *s.* A cow two years old. രണ്ടുവയസ്സുചെന്ന പശു.

ദ്വിഹീനം, ത്തിൻറെ. *s.* The neuter gender. നപുംസകം.

ദ്വീപം, ത്തിൻറെ. *s.* 1. An island, any land surrounded by water. 2. any of the seven *dwípas*, into which the Hindus divide the earth. തുരുത്ത.

ദ്വീപവതി, യുടെ. *s.* A river. നദി.

ദ്വീപാന്തരം, ത്തിൻറെ. *s.* An island, another island. മറ്റൊരീപ.

ദ്വീപി, യുടെ. *s.* 1. A royal tiger. കടുവാ. 2. an ounce or panther. പുലി.

ദ്വൈധാ. *ind.* In two ways. രണ്ടു പ്രകാരം.

ദ്വൈഷണൻ, ൻറെ. *s.* An adversary, an enemy. ശത്രു.

ദ്വൈഷണം, ത്തിൻറെ. *s.* Hate, enmity. ശത്രുത. *adj.* Inimical, hostile, averse. ശത്രുതയുള്ള.

ദ്വൈഷം, ത്തിൻറെ. *s.* Hatred, enmity, hate. പക.

ദ്വൈഷി, യുടെ. *s.* One who hates, a hater, an enemy. ശത്രു.

ദ്വൈഷിക്കുന്നു, ച്ചു, പ്പാൻ. *v. a.* To hate, to detest, to dislike.

ദ്വൈഷ്യാവ, ിൻറെ. *s.* An enemy, one who is inimical, hostile. ശത്രു.

ദ്വൈഷ്യക്കാരൻ, ൻറെ. *s.* One who is passionate. കോപി.

ദ്വൈഷ്യൻ, ൻറെ. *s.* One who is detestible, hateful. ദ്വേഷിക്കപ്പെടുവാനുള്ളവൻ.

ദ്വൈഷ്യപ്പെടുന്നു, ട്ടു, വാൻ. *v. n.* To be in a passion, to be angry.

ദ്വൈഷ്യം, ത്തിൻറെ. *s.* Anger, passion. *adj.* Hateful, detestible.

ദ്വൈതം, ത്തിൻറെ. *s.* 1. Duplication, a doubling, being doubled. 2. a *Hindu* sect, followers of *Mádhwáchárya:* they acknowledge a Creator and creatures seperated from him. മാധ്വാചാര്യമതം. അദ്വൈതം, Another sect of *Hindus:* followers of *Sancaráchárya;* they say that there is no distinction between the Creator and the creatures, or between the Deity and the soul, but are one. ശങ്കരാചാര്യമതം.

ദ്വൈതീയീകം, ത്തിൻറെ. *s.* Second. രണ്ടാമതത.
ദ്വൈധം, ത്തിൻറെ. *s.* Neutrality, remaining indifferent between two parties. ഉദാസീനം.
ദ്വൈധീഭാവം, ത്തിൻറെ. *s.* Neutrality, remaining indifferent between two parties. ഉദാസീനഭാവം.
ദ്വൈപായനൻ, ൻറെ. *s.* 1. A name of *Vyása*, the author or compiler of the *Védas*, and *Púranas*. വ്യാസൻ. 2. one island born.
ദ്വൈമാതുരൻ, ൻറെ. *s.* A name of Genésa. ഗണേശൻ.
ദ്വൈമാത്രേയൻ, ൻറെ. *s.* See. ദ്വിമാതുജൻ.
ദ്വൈവിധ്യം, ത്തിൻറെ. *s.* Duplication. ഇരട്ടി.
ദ്വ്യഷ്ടം, ത്തിൻറെ. *s.* Copper. ചെമ്പ.

ധ

ധ. The nineteenth letter in the Malayalim alphabet, being the asperate of the preceding and expressed by *D'h.*

ധടം, ത്തിൻറെ. *s.* A balance, a pair of scales. തുലാസ, വെള്ളിക്കോൽ.
ധത്തൂരം, ത്തിൻറെ. *s.* The thorn apple, stramonium, *Datura*. ഉമ്മത്ത.
ധനഞ്ജയൻ, ൻറെ. *s.* 1. Fire. അഗ്നി. 2. a name of *Arjuna*, one of the *Pandu* princes. അർജ്ജുനൻ. 3. one of the five vital airs, that which is supposed to fatten. അഞ്ച വായുക്കളിൽ ഒന്ന.
ധനദൻ, ൻറെ. *s.* 1. A name of Cubéra, the god of riches. കുബേരൻ. 2. a beneficent, liberal man, one who gives away property. ധനവാൻ.
ധനധാന്യം, ത്തിൻറെ. *s.* Wealth in money and property in land, &c. സമ്പത്ത.
ധനപതി, യുടെ. *s.* 1. A name of Cubéra, the god of riches. കുബേരൻ. 2. a wealthy person. ധനവാൻ.
ധനപാലകൻ, ൻറെ. *s.* See the preceding.
ധനപിശാചി, യുടെ. *s.* Avarice, extreme desire of riches. അത്യാഗ്രഹം.
ധനപ്രിയ, യുടെ. *s.* A vegetable, *Ardicia solancea*. ഒരു വക ചീര.
ധനമദം, ത്തിൻറെ. *s.* Pride, inflation with the pride of wealth.
ധനം, ത്തിൻറെ. *s.* Riches, wealth, property, substance.
ധനവാൻ, ൻറെ. *s.* A rich, wealthy, opulent man.
ധനവൃദ്ധി, യുടെ. *s.* Increase of wealth, prosperity.
ധനസ്ഥാനം, ത്തിൻറെ. *s.* The rising of a second sign above the horizon. രണ്ടാമിടം.
ധനഹരി, യുടെ. *s.* A perfume, commonly called *Chór.* കാട്ടകച്ചോലം.
ധനഹാരി, യുടെ. *s.* A thief, a pilferer. കള്ളൻ, മോഷ്ടാവ.
ധനക്ഷയം, ത്തിൻറെ. *s.* Decrease of wealth, adversity. ദ്രവ്യനാശം.
ധനാഗമം, ത്തിൻറെ. *s.* Gain of riches, profit. ധനലാഭം.
ധനാഢ്യൻ, ൻറെ. *s.* 1. A wealthy man. ധനവാൻ. 2. a name of Cubéra. കുബേരൻ.
ധനാധിപൻ, ൻറെ. *s.* A name of Cubéra. കുബേരൻ.
ധനാശ, യുടെ. *s.* Thirst of wealth, longing for riches. ദ്രവ്യമോഹം.
ധനാശി, യുടെ. *s.* A tune. ഒരു രാഗം.
ധനിക, യുടെ. *s.* A young woman. യൌവനമുള്ള വൾ.
ധനികത്വം, ത്തിൻറെ. *s.* An opulent state; affluence, wealthiness.
ധനികൻ, ൻറെ. *s.* A rich, wealthy, opulent man. ധനവാൻ.
ധനികം, &c. *adj.* 1. Virtuous, excellent. ധർമ്മമുള്ള. 2. rich, opulent. ധനമുള്ള. *s.* Coriander. കൊത്തമ്പാലയരി.
ധനിഷ്ഠാ, യുടെ. *s.* The twenty-third or twenty-fourth *Nacshatra* or lunar asterism. അവിട്ടം.
ധനീ, യുടെ. *s.* A wealthy, opulent person. ധനവാൻ.
ധനീയകം, ത്തിൻറെ. *s.* Coriander seed. കൊത്തമ്പാലയരി.
ധനു, വിൻറെ. *s.* 1. A bow. വില്ല. 2. a sign in the Zodiac, *Sagittarius*. ധനുരാശി. 3. the month December. ധനുമാസം.
ധനുക്കുർ, റിൻറെ. *s.* The sign *Sagittarius*. ധനുരാശി.
ധനുത്തായർ, റിൻറെ. *s.* The month December.
ധനുമാസം, ത്തിൻറെ. *s.* The month December.
ധനുരാശി, യുടെ. *s.* The sign *Sagittarius*.
ധനുഷ്ടങ്കാരം, ത്തിൻറെ. *s.* The sound of a bow-string. ചെറുതൊന്നൊലി.
ധനുർധരൻ, ൻറെ. *s.* An archer, one armed with a bow, a bowyer. വില്ലാളി.
ധനുർദ്ധർ, ത്തിൻറെ. *s.* An archer. വില്ലാളി.
ധനുർമ്മദ്ധ്യം, ത്തിൻറെ. *s.* The centre part of a bow. വില്ലിൻറെ നടവ.
ധനുർവ്വേദം, ത്തിൻറെ. *s.* Archery. ധനുർവിദ്യ.
ധനുഷ്കടം, ത്തിൻറെ. *s.* A tree, commonly the *Piyal*, *Buchanania latifolia*. (Rox.) മരം.

ധനുഷ്മാൻ, ൻറ. *s.* An archer, a bow-man. വില്ലാളി.
ധനുസ്, ിൻറ. *s.* 1. A bow. വില്ല. 2. the sign *Sagittarius*. ധനുരാശി.
ധനെയകം, ത്തിൻറ. *s.* Coriander seed. കൊത്ത മ്പാലയരി.
ധനെശൻ, ൻറ. *s.* A name of CUBÉRA, the *Hindu* Plutus. കുബെരൻ.
ധന്യൻ, ൻറ. *s.* One who is fortunate, happy, virtuous. ഭാഗ്യവാൻ.
ധന്യരൂപ, യുടെ. *s.* A fair woman. സുന്ദരി.
ധന്യരൂപൻ, ൻറ. *s.* A fair man. സുന്ദരൻ.
ധന്യശീലൻ, ൻറ. *s.* A person of a charitable or good disposition, a virtuous man.
ധന്യാകം, ത്തിൻറ. *s.* Coriander seed, *Coriandrum Sativum*. (Lin.) കൊത്തമ്പാലയരി.
ധന്വ, യുടെ. *s.* 1. A bow. വില്ല. 2. land scantily supplied with water, a desert, a waste. മരുഭൂമി.
ധന്വന്തരി, യുടെ. *s.* The physician of the gods, said to have been produced at the churning of the sea. ദെവ വൈദ്യൻ.
ധന്വയാഷം, ത്തിൻറ. *s.* A plant, or sort of nettle, *Tragia*. കൊടിത്തൂവ.
ധന്വീ, യുടെ. *s.* 1. An archer, a bow-man. വില്ലാളി. 2. a name of *Arjuna*. അർജ്ജുനൻ.
ധമകൻ, ൻറ. *s.* A black-smith. കൊല്ലൻ.
ധമനൻ, ൻറ. *s.* One who blows a bellows, a trumpeter. ഊതുന്നവൻ.
ധമനം, ത്തിൻറ. *s.* 1. A reed, *Arunda tibialis* or *karka*. വെഴം. 2. blowing (a wind instrument.) ഊത്ത.
ധമനി, യുടെ. *s.* 1. Any tubular vessel of the body, as a vein, a nerve, &c. ഞരമ്പ. 2. a tube, a pipe. കുഴൽ. 3. a sort of vegetable perfume. പവിഴക്കൊടി.
ധമിക്കുന്ന, ച്ചു, പ്പാൻ. *v. a.* To blow any wind instrument. ഊതുന്നു.
ധമ്മില്ലം, ത്തിൻറ. *s.* Hair tied round the head, and ornamented with flowers, pearls, &c. കൊണ്ടക്കെട്ട.
ധര, യുടെ. *s.* The earth, the ground. ഭൂമി.
ധരണം, ത്തിൻറ. *s.* Holding, possessing, having, wearing. ധരിക്കുക.
ധരണി, യുടെ. *s.* The earth. ഭൂമി.
ധരണിധരൻ, ൻറ. *s.* A name of VISHNU. വിഷ്ണു.
ധരണീകന്ദം, ത്തിൻറ. *s.* Garlic, the onion. വെ ക്കായം.
ധരണീതലം, ത്തിൻറ. *s.* The earth. ഭൂമി.
ധരണീപതി, യുടെ. *s.* 1. A king. രാജാവ. 2. a name of VISHNU. വിഷ്ണു.
ധരണീശ്വരൻ, ൻറ. *s.* 1. A king. രാജാവ. 2. a name of VISHNU. വിഷ്ണു.
ധരൻ, ൻറ. *s.* 1. One who bears. ധരിച്ചിരിക്കുന്നവൻ. 2. the *Himalaya* mountain considered as king of mountains. ഹിമവാൻ.
ധരം, ത്തിൻറ. *s.* A mountain. പർവ്വതം.
ധരാതലം, ത്തിൻറ. *s.* The earth. ഭൂമി.
ധരാധരം, ത്തിൻറ. *s.* A mountain. പർവ്വതം.
ധരിക്കുന്ന, ച്ചു, പ്പാൻ. *v. a.* 1. To put on, to dress, to wear, to cloth. 2. to understand. 3. to remember, to retain in mind. 4. to take, to hold. 5. to assume a form. ഗർഭംധരിക്കുന്ന, To become pregnant, *lit.* to *assume* the womb. 6. to take or adopt a name.
ധരിത്രീ, യുടെ. *s.* The earth. ഭൂമി.
ധരിപ്പിക്കുന്ന, ച്ചു, പ്പാൻ. *v. c.* 1. To cause to put on, to cause to dress, to clothe, to adorn. 2. to cause to assume a form.
ധരിമ, യുടെ. *s.* Form, figure, resemblance. ആകൃതി.
ധരു, വിൻറ. *s.* A kind of song. സംഗീതഭെദം.
ധരെന്ദ്രൻ, ൻറ. *s.* A principal mountain. ഹിമവാൻ.
ധർമ്മകർത്താവ, ിൻറ. *s.* 1. An arbitrator, or judge. സ്മാർത്തൻ. 2. a law-giver.
ധർമ്മകായ്യം, ത്തിൻറ. *s.* A charitable or equitable work, any indispensable act of religion.
ധർമ്മകീലം, ത്തിൻറ. *s.* A jurisdiction, a district under the same legal administration. ഒരു ധർമ്മാസനത്തിന കീഴുള്ള രാജ്യം.
ധർമ്മകൃത്ത, ിൻറ. *s.* 1. An arbitrator, a judge. സ്മാർത്തൻ. 2. a law-giver.
ധർമ്മക്കഞ്ഞി, യുടെ. *s.* Rice gruel given in charity.
ധർമ്മക്കൊള്ളി, യുടെ. *s.* One who lights the pile at a charitable funeral. See ധർമ്മസംസ്കാരം.
ധർമ്മചാരിണി, യുടെ. *s.* A virtuous woman, an honest wife. ഗൃഹവതി.
ധർമ്മചിന്ത, യുടെ. *s.* Virtuous reflection. ഉപാധി.
ധർമ്മചിന്തനം, ത്തിൻറ. *s.* Virtuous reflection.
ധർമ്മജ്ഞൻ, ൻറ. *s* 1. A just, upright, honest man. 2. one versed in law, equity, &c. ധർമ്മത്തെ അറിയുന്നവൻ.
ധർമ്മതത്വം, ത്തിൻറ. *s.* Uprightness, honesty. പരമാത്മം.
ധർമ്മത്തൊണി, യുടെ. *s.* A free ferry-boat.
ധർമ്മദാരങ്ങൾ, ളുടെ. *s. plu.* A virtuous wife. ഭാര്യ.
ധർമ്മദൈവം, ത്തിൻറ. *s.* A household-god.
ധർമ്മദ്വെഷം, ത്തിൻറ. *s.* Contempt of or opposition to charitable or religious undertakings. ധർമ്മവിരൊധം.

ധമ്മധ്വജി, യുടെ. *s.* A religious hypocrite or impostor, one who makes a livelihood by assuming the garb of devotion. കപടഭക്തൻ.

ധമ്മനന്ദനൻ, ന്റെ. *s.* A name of *Yud'hisht'hir*, or son of *Yama*.

ധമ്മനിഷ്ഠാ, യുടെ. *s.* Upright, and equitable conduct.

ധമ്മനീതി, യുടെ. *s.* Moral merit, equity, integrity.

ധമ്മന്യായം, ത്തിന്റെ. *s.* Equity and justice.

ധമ്മൻ, ന്റെ. *s.* 1. A name of *Yama*. യമൻ. 2. a drinker of the juice of the acid asclepias at certain sacrifices. സോമപൻ.

ധമ്മപത്തനം, ത്തിന്റെ. *s.* 1. Pepper. കുരുമുളക. 2. the name of a district or city.

ധമ്മപത്നി, യുടെ. *s.* A lawful wife. ഭാര്യ.

ധമ്മപാലനം, ത്തിന്റെ. *s.* Administering justice.

ധമ്മപുത്രൻ, ന്റെ. *s.* A name of *Yud'hisht'hir*, son of *Yama*. യുധിഷ്ഠിരൻ.

ധമ്മഫലം, ത്തിന്റെ. *s.* The fruits of charity or benevolence.

ധമ്മബുദ്ധി, യുടെ. *s.* 1. Benevolence, kindness. 2. virtuous reflection.

ധമ്മം, ത്തിന്റെ. *s.* 1. Virtue, moral and religious merit, according to the law or *Védas*. പുണ്യം. 2. usage, practice, the customary observances of caste, sect, &c. ആചാരം. 3. duty, especially that enjoined by the *Védas*. വെദവിധി. 4. fitness, propriety. യൊഗ്യം. 5. nature, character, proper or natural state or disposition. സ്വഭാവം. 6. any peculiar, or prescribed practice, or duty: thus giving alms, &c., is the *d'harma* of a householder; administering justice the *d'harma* of a ruler; piety that of a *brahman*; courage that of a *Cshetriya*, &c.: hence this word denotes charity, justice and piety. ന്യായം. 7. alms-giving. ദാനം. 8. kind or virtuous speech or discourse. 9. resemblance. 10. any sacrifice. ധമ്മം ചെയ്യുന്നു, To give alms, &c.

ധമ്മയുദ്ധം, ത്തിന്റെ. *s.* Equitable or just war.

ധമ്മരഹസ്യം, ത്തിന്റെ. *s.* A nice or very difficult point in law, or pleading.

ധമ്മരാജൻ, ന്റെ. *s.* 1. A name of *Yama*. യമൻ. 2. *Budd'ha*. ബുദ്ധൻ. 3. a name of *Yud'hisht'hir*. ധമ്മപുത്രൻ.

ധമ്മവാൻ, ന്റെ. *s.* An equitable, or upright and benevolent man. ധമ്മമുള്ളവൻ.

ധമ്മവിചാരം, ത്തിന്റെ. *s.* Virtuous reflection.

ധമ്മവിൽ, ത്തിന്റെ. *s.* One versed in law, &c. ധമ്മത്തെ അറിയുന്നവൻ.

ധമ്മവിരൊധം, ത്തിന്റെ. *s.* Hindrance or opposition to charitable and religious undertakings.

ധമ്മശാല, യുടെ. *s.* 1. A court of justice, a tribunal. 2. a hospital. 3. an inn, or place for travellers to rest at, an open caravansary. വഴിയമ്പലം.

ധമ്മശാലി, യുടെ. *s.* An equitable and benevolent man, a very mild, meek, patient person.

ധമ്മശാസ്ത്രം, ത്തിന്റെ. *s.* A code of laws. രാജനീതി.

ധമ്മശീലൻ, ന്റെ. *s.* An equitable and benevolent man, one who is virtuous, upright, just.

ധമ്മശീലം, ത്തിന്റെ. *s.* Equity, uprightness, benevolence, a benevolent disposition.

ധമ്മസഭ, യുടെ. *s.* A council of arbitrators, a court of justice. ആസ്ഥാനമണ്ഡപം.

ധമ്മസംസ്കാരം, ത്തിന്റെ. *s.* A charitable burning, or burying, the body of a dead stranger. പരദെശിയുടെ ശവദാഹം കഴിക്കുക.

ധമ്മസംഹിത, യുടെ. *s.* Law, or a code of laws, especially the work of some saint, as *Menu*, *Yajnyavalcya*. മാനവാദിസ്മൃതി.

ധമ്മസാക്ഷി, യുടെ. *s.* A king's evidence.

ധമ്മസുതൻ, ന്റെ. *s.* A name of *Yud'hisht'hir*, the son of *Yama*. ധമ്മപുത്രൻ.

ധമ്മസൂക്ഷ്മം, ത്തിന്റെ. *s.* A nice or very difficult point in law, or pleading. സൂക്ഷ്മധമ്മം.

ധമ്മസ്ഥാപനം, ത്തിന്റെ. *s.* Upright and equitable conduct. ധമ്മത്തെ ഉറപ്പിക്കുക.

ധമ്മസ്ഥിതി, യുടെ. *s.* Upright and equitable conduct. ധമ്മസ്ഥാപനം.

ധമ്മാത്മാ, വിന്റെ. *s.* A pious, good or virtuous person. ധമ്മചിന്തയുള്ളവൻ.

ധമ്മാധമ്മങ്ങൾ, ളുടെ. *s. plu.* Equity and want of equity; right and wrong. ധമ്മവും അധമ്മവും.

ധമ്മാസനം, ത്തിന്റെ. *s.* A bench of justice. ന്യായസ്ഥലം.

ധമ്മി, യുടെ. *s.* One who is virtuous, equitable, just, benevolent. ധമ്മം ചെയ്യുന്നവൻ.

ധമ്മിണി, യുടെ. *s.* 1. A lawful wife. 2. an upright and benevolent woman. ധമ്മം ചെയ്യുന്നവൾ.

ധമ്മിഷ്ഠൻ, ന്റെ. *s.* One who delights in equity or goodness, a beneficent, charitable person. ധാർമ്മികൻ.

ധമ്മിഷ്ഠാ, യുടെ. *s.* A beneficent, charitable woman.

ധർമ്മൊപദെശകൻ, ന്റെ. *s.* A *Guru* or spiritual preceptor. ഗുരു.

ധമ്മ്യം, &c. *adj.* Conformable or according to justice or

morality. ധർമ്മമായുള്ളത.

ധർഷണം, ത്തിൻറെ. *s.* 1. Disrespect, contumely, overbearingness or contempt. പരിഭവം. 2. arrogance, pride, vanity. അഹങ്കാരം. 3. copulation.

ധർഷ്ണീ, യുടെ. *s.* A dishonest or unchaste woman. കാമചാരി.

ധർഷ്ണൻ, ൻറെ. *s.* 1. A eunuch. നപുംസകൻ. 2. a proud, arrogant, overbearing man. അഹമതിക്കാരൻ.

ധർഷം, ത്തിൻറെ. *s.* 1. Pride, arrogance. ഡംഭം. 2. contumely, overbearing. പരിഭവം. 3. copulation.

ധർഷിക്കുന്നു, ച്ചു, പ്പാൻ. *v. n.* To be presumptuous, vain, arrogant. അഹങ്കാരപ്പെടുന്നു.

ധർഷിതം, ത്തിൻറെ. *s.* Cohabitation, copulation. *adj.* Treated in a contumelious or overbearing manner.

ധവൻ, ൻറെ. *s.* 1. A husband. ഭർത്താവു. 2. a man. പുരുഷൻ.

ധവളം, ത്തിൻറെ. *s.* White (the colour.) വെളുപ്പു. *adj.* 1. White. വെളുത്ത. 2. handsome, beautiful.

ധവളി, യുടെ. *s.* 1. A white cow. വെളുത്ത പശു. 2. a fair woman. സുന്ദരി.

ധവിത്രം, ത്തിൻറെ. *s.* A *Puncha* or fan made of antelope's skin, and used especially for blowing a sacrificial fire. വിശറി.

ധാടി, യുടെ. *s.* 1. Advancing towards, or confronting an enemy fearlessly. നിർഭയത്തോടെ ശത്രുവിൻറെ നേരെ ചെല്ലുക. 2. minding or fearing no body, walking about without fear. ഒരുത്തനെയും ഭയപ്പെടാതെ നടക്കുക.

ധാതകം, ത്തിൻറെ. *s.* The name of a medicinal plant. ആരം.

ധാതകീ, യുടെ. *s.* A tree, *Grislea tomentosa.* (Rox.) താതിരി.

ധാതാവു, ിൻറെ. *s.* 1. A name of *Brahma.* ബ്രഹ്മാവു. 2. a father, a parent. പിതാവു.

ധാതു, വിൻറെ. *s.* 1. A principle or humour of the body, as phlegm, wind, and bile. ത്രിദൊഷം. 2. any essential or constituent part of the human body, as humour, blood, flesh, &c. രസരക്താദി. 3. a primary or elementary substance, as earth, water, fire, air, and *acása* or atmosphere. പഞ്ചഭൂതങ്ങൾ. 4. an organ of sense. ഇന്ദ്രിയം. 5. a metal. 6. a mineral, a fossil. മനശ്ശിലാദി. 7. red chalk. 8. a nerve of the body, especially the pulse. 9. a grammatical root, or primary form of a word, its primitive. ഭ്വാദി. 10. a mountain.

ധാതുദ്രവ്യം, ത്തിൻറെ. *s.* A mineral substance. സ്വർണ്ണാദി.

ധാതുപുഷ്പിക, യുടെ. *s.* A tree, *Grislea tomentosa.* (Rox.) താതിരിമരം.

ധാതുമാരിണി, യുടെ. *s.* Borax. പൊങ്കാരം.

ധാതുവാദി, യുടെ. *s.* An assayer of metals, a miner, a mineralogist. രസവാദി.

ധാതുവൈരി, യുടെ. *s.* Sulphur. ഗന്ധകം.

ധാത്രി, യുടെ. *s.* 1. The earth. ഭൂമി. 2. a foster mother, a nurse. മുലകുടിപ്പിക്കുന്നവൾ. 3. the tree termed *Emblic myrobolan, Phyllanthus emblica.* നെല്ലി.

ധാത്രീദെവൻ, ൻറെ. *s.* A *Brahman.* ബ്രാഹ്മണൻ.

ധാത്രീപതി, യുടെ. *s.* A king. രാജാവു.

ധാത്രീഫല, യുടെ. *s.* The fruit of the emblic myrobolan. നെല്ലിക്കാ.

ധാന, യുടെ. *s.* 1. Fried barley or rice. ഊമൻമലർ. 2. grain fried and reduced to powder. 3. coriander seed. കൊത്തമ്പാലയരി.

ധാനാകം, ത്തിൻറെ. *s.* 1. Fried barley or rice. ഊമൻമലർ. 2. coriander seed. കൊത്തമ്പാലയരി.

ധാനുഷ്കൻ, ൻറെ. *s.* An archer. വില്ലാളി.

ധാന്യകം, ത്തിൻറെ. *s.* 1. Coriander, *Coriandrum sativum.* കൊത്തമ്പാലയരി. 2. fried barley or rice. ഊമൻമലർ.

ധാന്യകൊഷ്ഠകം, ത്തിൻറെ. *s.* A granary, a basket, a cupboard or small shed of matting, &c., for keeping rice. കളപ്പുര, വല്ലം.

ധാന്യത്വക്ക്, ിൻറെ. *s.* The husk of grain. ഉമി.

ധാന്യം, ത്തിൻറെ. *s.* 1. Grain, corn in general. നെല്ലു. 2. coriander. കൊത്തമ്പാലയരി.

ധാന്യവർദ്ധനം, ത്തിൻറെ. *s.* Lending grain at interest; receiving a usurious return for a loan of seed corn supplied to the peasants. പൊലികടം.

ധാന്യവൃദ്ധി, യുടെ. *s.* The first fruits, or first sheaf reaped. നിറ.

ധാന്യശ്രൂകം, ത്തിൻറെ. *s.* The beard of rice corn. നെല്ലിൻറെ ഒക.

ധാന്യസാരം, ത്തിൻറെ. *s.* Grain after threshing. പൊലി.

ധാന്യാകം, ത്തിൻറെ. *s.* Coriander. കൊത്തമ്പാലയരി.

ധാന്യാമ്ലം, ത്തിൻറെ. *s.* Sour gruel made of the fermentation of rice water. വെപ്പുകാടി.

ധാന്യാർത്ഥം, ത്തിൻറെ. *s.* Wealth in rice or grain.

ധാന്വന്തരി, യുടെ. *s.* 1. See ധന്വന്തരി. 2. an *Avattár* of Vishnu. വിഷ്ണുവിൻറെ ഒരു അവതാരം.

ധാമം, ത്തിൻറെ. *s.* 1. The body. ശരീരം. 2. a house

or dwelling. ഭവനം. 3. light, splendour, brightness. ശൊഭ, തെജസ്സു. 4. fame. കീൎത്തി. 5. a place, spot. സ്ഥലം. 6. birth. ജനനം.

ധാമാൎഗ്ഗവം, ത്തിന്റെ. *s.* 1. A plant, *Achyranthes aspera.* വലിയകടലാടി. 2. another plant, a sort of *Ghosha* with white flowers. പിരകം.

ധായൻ, ന്റെ. *s.* A preserver, an upholder, a supporter. രക്ഷിക്കുന്നവൻ.

ധായം, ത്തിന്റെ. *s.* A prop, a support. ഊന്നു. *adj.* Having, possessing.

ധാര, യുടെ. *s.* 1. A continuous drop of rain. 2. distillation, dripping. the oozing or issuing of any substance by drops or continual dropping. 3. a certain medical treatment by having oil, &c., continually poured on the patient. 4. the sharpness of a sword or any cutting instrument. വാളിന്റെമൂൎച്ച. 5. a horse's pace, as the trot, canter, &c. കുതിരയുടെ നട. 6. debt. കടം. 7. water. വെള്ളം.

ധാരക്കിടാരം, ത്തിന്റെ. *s.* A copper vessel used in medicinal bathing, something like the shower-bath.

ധാരച്ചട്ടി, യുടെ. *s.* A bathing vessel made of earth. See ധാരക്കിടാരം.

ധാരണ, യുടെ. *s.* 1. Continuance in rectitude, keeping in the right way. നിലനില്പു. 2. fortitude, firmness, steadiness, resolution. ധീരത. 3. the exercise or abstract employment of a *Yogi* or ascetic, in restraining the breath and all natural wants, and preserving a steady, abstracted firmness of mind. യൊഗം. 4. mental retention, memory, recollection. ഒൎമ്മ. 5. debt. കടം.

ധാരണകൻ, ന്റെ. *s.* A debtor. കടക്കാരൻ.

ധാരണം, ത്തിന്റെ. *s.* Holding, having, keeping, maintaining, wearing. ധരിക്കുക.

ധാരണയുള്ളവൻ, ന്റെ. *s.* A person who has a retentive memory. ഒൎമ്മയുള്ളവൻ.

ധാരണാവതി, യുടെ. *s.* A retentive memory. ഒൎമ്മയുള്ള ബുദ്ധി.

ധാരത്തൊണി, യുടെ. *s.* A kind of bathing tub made of wood in the shape of a boat, and used in medicinal bathing.

ധാരപ്പാത്തി, യുടെ. *s.* See the preceding.

ധാരയിടുന്നു, ട്ടു, വാൻ. *v. a.* To drop or pour without ceasing; also ധാരകൊരുന്നു. ധാരകഴിക്കുന്നു, To perform a certain medicinal anointing.

ധാരാധരം, ത്തിന്റെ. *s.* 1. A cloud. മെഘം. 2. a sword. വാൾ.

ധാരാങ്കുരം, ത്തിന്റെ. *s.* 1. Hail. ആലിപ്പഴം. 2. thin rain. ചാറൽമഴ.

ധാരാസംപാതം, ത്തിന്റെ. *s.* A hard shower, a heavy fall of rain. പെരുമഴ.

ധാരാളക്കാരൻ, ന്റെ. *s.* A prodigal, an extravagant person.

ധാരാളം, ത്തിന്റെ. *s.* 1. Generosity, liberality, profusion. 2. frankness, freedom from reserve. 3. extravagance, prodigality. ധാരാളമായി കൊടുക്കുന്നു, To give freely and liberally. *adj.* Watery, rainy. വെള്ളത്തൊടുകൂടിയിരിക്കുന്ന.

ധാരാളംവെക്കുന്നു, ച്ചു, പ്പാൻ. *v. a.* To spend much, or prodigally.

ധാരി, യുടെ. *s.* On who bears, possesses, has, &c; it is used as an affix to other words and has the same meaning, as വസ്ത്രധാരി, &c. one who has or wears a cloth. ധരിച്ചവൻ.

ധാരു, വിന്റെ. *s.* One who drinks or sucks, a drinker. കുടിക്കുന്നവൻ.

ധാൎത്തരാഷ്ട്രം, ത്തിന്റെ. *s.* A sort of goose, or swan with black legs and bill. അരയന്നം.

ധാമ്മപത്തനം, ത്തിന്റെ. *s.* Pepper. നല്ലമുളക.

ധാമ്മികൻ, ന്റെ. *s.* A charitable, beneficent man, one who is virtuous, pious, just. ധൎമ്മമുള്ളവൻ.

ധാമ്മികം, ത്തിന്റെ. *s.* Righteouness, justice, virtue. ധൎമ്മമുള്ളത.

ധാൎയ്യം, &c. *adj.* To be borne or upheld, to be contained. ധരിക്കപ്പെടെണ്ടുന്നത.

ധാഷ്ട്യക്കാരൻ, ന്റെ. *s.* 1. An impudent, bold, confident, shameless person. 2. one who plays tricks, a cheat, a counterfeiter.

ധാഷ്ട്യം, ത്തിന്റെ. *s.* 1. Impudence, boldness, confidence, shameless. 2. lying, tricks, counterfeit. ധാഷ്ട്യം പറയുന്നു, 1. To speak impudently, shamelessly, without fear. 2. to play tricks, to counterfeit, to cheat.

ധാവതിചെയ്യുന്നു, യ്തു, യ്വാൻ. *v.* To go or move, to run. പൊകുന്നു.

ധാവനം, ത്തിന്റെ. *s.* 1. Going, motion. വെഗംഗമനം. 2. cleansing, purifying. ശുദ്ധീകരണം. ധാവനം ചെയ്യുന്നു, 1. To go or move, to run. 2. to cleanse, to purify. ശുദ്ധീകരിക്കുന്നു.

ധാവനി, യുടെ. *s.* A sort of creeping plant, *Hedysarum lagopodioides.* ഒരില.

ധാവനീക, യുടെ. *s.* A prickly nightshade. പെറുവഴുതിന.

ധാവല്യം, ത്തിന്റെ. *s.* Whiteness, white (the colour.) വെളുപ്പു. *adj.* White, of a white colour. വെളുത്ത.

ധാവിതം, &c. *adj.* Purified, clear, cleansed. ശുദ്ധീകരിക്കപ്പെട്ടത.

ധിക്. *ind.* An interjection of reproach or menace, blame, regret, disapprobation, as fie, shame, out upon, what a pity, &c. നിന്ദ, കഷ്ടം.

ധിക്കരിക്കുന്ന, ച്ചു, പ്പാൻ. *v. a.* To slight, to disregard, to despise, to reproach, to speak contemptuously of, to reject as worthless, to refute. നിന്ദിക്കുന്ന.

ധിക്കാരം, ത്തിന്റെ. *s.* Slight, disrespect, scorn, insult, abuse, contempt, reproach, disregard, censure, repulsion, confutation. നിന്ദ. ധിക്കാരം കാട്ടുന്ന, To contemn, to insult, to shew disrespect.

ധിക്കാരി, യുടെ. *s.* An insulter, a despiser, a contemner.

ധിക്കൃതം, &c. *adj.* 1. Reproached, reviled, censured, contemned. 2. cursed. ധിക്കരിക്കപ്പെട്ടത.

ധിക്കൃതി, യുടെ. *s.* Reproach, affront, contumely. നിന്ദ.

ധിഷണ, യുടെ. *s.* Understanding, sense, wisdom, the intellect. ബുദ്ധി.

ധിഷണൻ, ന്റെ. *s.* A name of *Vrihaspati*, preceptor of the gods. വ്യാഴം.

ധിഷ്ണ്യം, ത്തിന്റെ. *s.* 1. A place, a spot. a country. സ്ഥലം. 2. a house. ഭവനം. 3. a star, an asterism. നക്ഷത്രം. 4. fire. അഗ്നി.

ധീ, യുടെ. *s.* Understanding, intellect. ബുദ്ധി.

ധീന്ദ്രിയം, ത്തിന്റെ. *s.* An intellectual organ, as the mind, the eye, the ear, the nose, the tongue, the skin. മനസ്സെന്ദ്രിയാദികളുടെ ഇന്ദ്രിയം.

ധീമതി, യുടെ. *s.* A female of understanding. ബുദ്ധിയുള്ളവൾ.

ധീമൽ, &c. *adj.* Intelligent, sensible, wise, learned. ബുദ്ധിയുള്ള.

ധീമാൻ, ന്റെ. *s.* A sensible, wise, intelligent person. ബുദ്ധിയുള്ളവൻ.

ധീരത, യുടെ. *s.* 1. Boldness, bravery, courage. 2. firmness, steadiness, consistence, determination. 3. presence of mind. 4. self-willedness, uncontrollableness.

ധീരതയുള്ളവൻ, ന്റെ. *s.* A bold or courageous man. See the following.

ധീരൻ, ന്റെ. *s.* 1. A bold, brave, courageous man. 2. one who is firm, steady, consistent, determined. 3. a wise, sensible, learned man. ധൈര്യമുള്ളവൻ.

ധീരം, ത്തിന്റെ. *s.* Saffron, *Crocus sativus*. കുങ്കുമം.

ധീവരൻ, ന്റെ. *s.* A fisherman. മുക്കുവൻ.

ധീവാ, വിന്റെ. *s.* A copper-smith, a brazier. കന്നാൻ.

ധീശക്തി, യുടെ. *s.* An intellectual faculty, or power of the understanding, as retention, comprehension, &c. ബുദ്ധിശക്തി.

ധീസഖൻ, ന്റെ. *s.* A counsellor, a minister, an adviser. മന്ത്രി.

ധീസചിവൻ, ന്റെ. *s.* A counsellor, a minister. മന്ത്രി.

ധൂതം, &c. *adj.* 1. Abandoned, deserted, left. ഉപെക്ഷിക്കപ്പെട്ടത. 2. shaken, agitated, as leaves by the wind. ഇളകപ്പെട്ടത.

ധുനി, യുടെ. *s.* A river. നദി.

ധുരന്ധരൻ, ന്റെ. *s.* 1. One who carries a burden. ഭാരം വഹിക്കുന്നവൻ. 2. a beast of burden. പൊതിക്കാള.

ധുരം, ത്തിന്റെ. *s.* 1. The fore part of a carriage, the pole, or the part where the yoke is fixed. രഥത്തിന്റെ മുന്തട്ട. 2. a reflection, recollection. വിചാരം. 3. a burden, a load. ഭാരം, ചുമട.

ധുരാവഹൻ, ന്റെ. *s.* 1. One who carries a burden, or load. ഭാരം വഹിക്കുന്നവൻ. 2. a beast of burden പൊതിക്കാള.

ധുരീണൻ, ന്റെ. *s.* A beast of burden. പൊതിക്കാള.

ധുത്തൂരം, ത്തിന്റെ. *s.* See ധുദ്ധൂരം.

ധുദ്ധൂരം, ത്തിന്റെ. *s.* Stramonium, or the thorn apple, *Datura fastuosa*. ഉമ്മത്ത.

ധുര്യൻ, ന്റെ. *s.* A beast of burden. പൊതിക്കാള.

ധുർവ്വഹൻ, ന്റെ. *s.* A beast of burden. പൊതിക്കാള.

ധുവിത്രം, ത്തിന്റെ. *s.* See ധവിത്രം.

ധുസ്സൂരം, ത്തിന്റെ. *s.* Thorn apple, *Datura fastuosa*. ഉമ്മത്ത.

ധൂതം, &c. *adj.* 1. Shaken, agitated. ഇളക്കപ്പെട്ടത. 2. reproached, reviled. നിന്ദിക്കപ്പെട്ടത. 3. abandoned, deserted. ഉപെക്ഷിക്കപ്പെട്ടത.

ധൂനനം, ത്തിന്റെ. *s.* Shake, shaking, agitation. ഇളക്കം. ധൂനനം ചെയ്യുന്ന, To shake, to agitate. ഇളക്കുന്ന.

ധൂപകലശം, ത്തിന്റെ. *s.* A censer.

ധൂപക്കാൽ, ലിന്റെ. *s.* A censer.

ധൂപക്കുറ്റി, യുടെ. *s.* A censer.

ധൂപദീപം, ത്തിന്റെ. *s.* Incense and light. ധൂപദീപം കാട്ടുന്ന, To offer incense and lights in the performance of religious ceremonies.

ധൂപനം, ത്തിന്റെ. *s.* Resin. മട്ടിപ്പാൽപ്പശ.

ധൂപം, ത്തിന്റെ. *s.* Incense, the aromatic vapour, or smoke of any fragrant gum or resin. ധൂപം കാട്ടുന്ന, To offer incense.

ധൂപപത്രം, ത്തിന്റെ. *s.* The tobacco plant. പുകയില.

ധൂപവർഗ്ഗം, ത്തിൻറെ. *s.* Ingredients used in incense.

ധൂപവൃക്ഷം, ത്തിൻറെ. *s.* A species of pine, *Pinus longifolia.* ചരളം.

ധൂപായിതം, &c. *adj.* 1. Sufferring pain or fatigue. സന്തപ്തം. 2. incensed, perfumed with incense. ധൂപിപ്പിക്കപ്പെട്ടത.

ധൂപാരാധന, യുടെ. *s.* The offering of incense.

ധൂപിക്കുന്നു, ച്ചു, പ്പാൻ. *v. a.* To burn incense, to perfume with incense.

ധൂപിതം, &c. *adj.* Spiced or seasoned in a particular way; (sauced, &c.) കടുവറുക്കപ്പെട്ടത.

ധൂമകെതു, വിൻറെ. *s.* 1. A comet, or falling star. 2. the personified ascending node. 3. violence. 4. fire. അഗ്നി.

ധൂമം, ത്തിൻറെ. *s.* Smoke. പുക.

ധൂമയോനി, യുടെ. *s.* A cloud. മെഘം.

ധൂമവൃന്ദം, ത്തിൻറെ. *s.* A quantity or cloud of smoke. പുകക്കൂട്ടം.

ധൂമരം, ത്തിൻറെ. *s.* Purple, a colour compounded of black and red. ശ്യാമരുവർണ്ണം. *adj.* Of a purple colour.

ധൂമാഭ, യുടെ. *s.* Purple. ശ്യാമരുവർണ്ണം.

ധൂമാളി, യുടെ. *s.* A column of smoke. പുകക്കൂട്ടം.

ധൂമിക, യുടെ. *s.* 1. Vapour, fog. ആവി, മഞ്ഞ. 2. smoke. പുക.

ധൂമ്ര, യുടെ. *s.* A quantity or cloud of smoke. ധൂമവൃന്ദം.

ധൂമ്രാടം, ത്തിൻറെ. *s.* A sparrow, the fork-tailed shrike. ചെറുകരിക്കിൽ പക്ഷി.

ധൂമ്രകം, ത്തിൻറെ. *s.* A camel. ഒട്ടകം.

വല്ലുരം, ത്തിന്റെ. *s.* An arbour, a bower, a place overgrown with creeping plants. വള്ളിക്കുടിൽ.

വല്ലുവൊൻ, or വല്ലൊൻ, ന്റെ. *s.* Some one, any one.

വല്ലൂരം, ത്തിന്റെ. *s.* 1. Dried flesh. ഉണങ്ങിയ ഇറച്ചി. 2. hog's flesh; the flesh of the wild hog. പന്നിയിറച്ചി. 3. an uncultivated field or one overrun with grass. 4. a thicket.

വല്ലെടത്തും. *adv.* Any where, somewhere.

വല്ലെടവും. *adv.* Any where, somewhere.

വല്ലൊരും. *adj.* Some one.

വശ, യുടെ. *s.* 1. A husband's sister. ഭർത്താവിന്റെ സൊദരി. 2. a wife. ഭാര്യ. 3. a female elephant. പിടിയാന. 4. a barren woman. മച്ചി.

വശക്കെടു, ിന്റെ. *s.* 1. Infirmity, weakness. 2. inexperience, inexpertness, unskilfulness, inaptness. 3. disorder, loss of health. 4. state of being disabled.

വശക്രിയ, യുടെ. *s.* Subduing or overpowering by drugs, gems, charms or incantations.

വശത, യുടെ. *s.* 1. Skilfulness, dexterity. 2. experience, practice. 3. influence, power, possibility. 4. study, learning. 5. subjection, dependence. 6. property, possession. 7. good order, regularity.

വശൻ, ന്റെ. *s.* One who is under the influence of another.

വശമാക്കുന്നു, ക്കി, വാൻ. *v. a.* 1. To subdue, to tame, to subject. 2. to learn, to practice. 3. to assume possession.

വശം, ത്തിന്റെ. *s.* 1. Wish, desire. ഇഷ. 2. possession, custody, charge. 3. dependence, subjection, submission, the state of being completely tamed and overpowered. 4. authority, supremacy, mastership. 5. possibility, power, ability. 6. learning, study. 7. prudence, expertness, skill. 8. experience, practice. 9. side, party. *adj.* 1. Humbled, subdued, tamed, overpowered. 2. enthralled, subdued by charm and incantations, fascinated, charmed, enchanted. വശപ്പെടുന്നു.

വശവർത്തി, യുടെ. *s.* A servant, one who is subject to another, a dependant.

വശള, or വശളച്ചീര, യുടെ. *s.* A kind of potherb.

വശി, യുടെ. *s.* 1. One of the eight superhuman attributes of Siva. 2. an ascetic, one who has subdued the passion.

വശികം. *adj.* Void, empty. ഇല്ലാത്ത, വെറും.

വശിത, യുടെ. *s.* 1. A woman. സ്ത്രീ. 2. a female elephant. പിടിയാന.

വശിത്വം, ത്തിന്റെ. *s.* See വശത.

വശിഷ്ഠൻ, ന്റെ. *s.* Wasisht'ha, a *Rishi* or sage of the first order.

വശീകരക്കാരൻ, ൻറെ. *s.* An enticer, an allurer, a charmer.

വശീകരണം, ത്തിൻറെ. *s.* 1. The art of bringing one over to one's side or interest, enticement, allurement, attraction. 2. subduing, overpowering, or obtaining of, by drugs, charms, incantations, &c. enchanting, charming.

വശീകരം, ത്തിൻറെ. *s.* 1. Enticement, allurement, attraction. 2. charm, enchantment. വശീകരം ചെയ്യുന്നു, To enchant, to charm.

വശീകരിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To bring one over to one's side or interest. 2. to entice, to allure, to attract. 3. to enchant, to charm.

വശീകൃതം, &c. *adj.* Brought over to one's party or interest, subdued, overpowered by drugs, charms, &c. enticed, allured, enchanted. വശീകരിക്കപ്പെട്ട.

വശീരം, ത്തിൻറെ. *s.* Sea salt. കടലുപ്പ.

വശ്യ, യുടെ. *s.* A docile and obedient wife. അനുസരണമുള്ള ഭാര്യ.

വശ്യൻ, ൻറെ. *s.* A dependant, an obedient servant, a slave. വശനായുള്ളവൻ.

വശ്യപ്രയോഗം, ത്തിൻറെ. *s.* Enticement, allurement, subduing, overpowering by drugs, charms, incantations, &c. magical performance.

വശ്യം, ത്തിൻറെ. *s.* See വശീകരണം. *adj.* Docile, tame, humble, governable.

വഷളതാപം, ത്തിൻറെ. *s.* Baseness, vileness, depravity.

വഷളൻ, ൻറെ. *s.* A bad man, a wicked, vile, depraved person.

വഷളാക്കുന്നു, ക്കി, വാൻ. *v. a.* To corrupt, to deprave, to debase.

വഷൾ. *adj.* Bad, depraved, base. *s.* An exclamation used on making an oblation to a deity by fire.

വഷൾ. *ind.* An exclamation used in making an oblation to a deity with fire.

വഷൾകാരം, ത്തിൻറെ. *s.* Burnt-offering, oblation with fire. ഹോമം.

വഷൾകൃതം. *adj.* Offered in sacrifice with fire.

വസ, യുടെ. *s.* 1. The serum or marrow of the flesh. മെദസ്സ. 2. the marrow of the bones. 3. adeps, fat, suet.

വസതി, യുടെ. *s.* 1. A house, a dwelling, a residence. ഭവനം. 2. abiding, abode, residence. വാസം. 3. night. രാത്രി.

വസനം, ത്തിൻറെ. *s.* 1. Cloth or clothes. വസ്ത്രം. 2. covering, clothing. ആച്ഛാദനം. 3. a dwelling, a house. ഭവനം. 4. an ornament worn by women round the loins.

വസന്തകാലം, ത്തിൻറെ. *s.* The season of spring.

വസന്തഘോഷി, യുടെ. *s.* The *Indian* cuckoo or *coil.* കുയിൽ.

വസന്തജ്വരം, ത്തിൻറെ. *s.* A pestilential fever, a fever prevalent in the spring.

വസന്തഭൈരവി, യുടെ. *s.* A *Rága* or musical mode. ഒരു രാഗം.

വസന്തം, ത്തിൻറെ. *s.* 1. *Wasanta*, Spring, or its deified personification. പുഷ്പസമയം. 2. dysentery, diarrhœa.

വസന്തത്തു, വിൻറെ. *s.* The season of spring. വസന്തകാലം.

വസിക്കുന്നു, ച്ചു, പ്പാൻ. *v. n.* To dwell, to reside or lodge, to abide, to stay.

വസിതം, ത്തിൻറെ. *s.* 1. Dwelling, inhabiting. 2. abiding, residence.

വസിരം, ത്തിൻറെ. *s.* 1. Sea salt. കടലുപ്പ. 2. a pungent fruit considered as a sort of pepper, *Pothos officinalis.* ആത്തിതിപ്പലി.

വസിഷ്ഠൻ, ൻറെ. *s.* A celebrated *Muni.*

വസു, വിൻറെ. *s.* 1. A species of demi-god, of whom eight are enumerated, viz. *Dhawa*, *Dhruwa*, *Soma* or the moon, *Vishnu*, *Anila* or wind, *Anala* or fire, *Prabhúsha*, and *Prabháva*. 2. a ray of light. രശ്മി. 3. wealth, substance, riches. ധനം. 4. *Agni* or fire. അഗ്നി. 5. a gem, a jewel. രത്നം. 6. gold. പൊന്ന. 7. the 23rd lunar asterism of the *Hindus*. 8. water. വെള്ളം.

വസുകം, ത്തിൻറെ. *s.* 1. A fossil salt brought from a district in *Ajmere*, *Sámbher* salt. ഒരു വക ഉപ്പ. 2. the Gigantic swallow-wort, *Asclepias Gigantea.* (Lin.) എരിക്ക. 3. a tree, *Æschynomene grandiflora.*

വസുകീടൻ, ൻറെ. *s.* A suppliant, a beggar, a petitioner. യാചകൻ.

വസുദേവൻ, ൻറെ. *s.* *Wasudéva* the proper name of the father of *Crishna.*

വസുധ, യുടെ. *s.* The earth. ഭൂമി.

വസുന്ധര, യുടെ. *s.* The earth, as having wealth. ഭൂമി.

വസുമതി, യുടെ. *s.* The earth, as possessing wealth. ഭൂമി.

വസൂരി, യുടെ. *s.* The small-pox.

വസൂരിക, യുടെ. *s.* The small-pox.

വസൂരിക്കല, യുടെ. *s.* A small-pock mark.

വസ്രം, ത്തിൻറെ. *s.* 1. A goat. വെള്ളാട. 2. a house. ഭവനം.

വസ്തി, യുടെ. *s.* 1. The abdomen, or lower part of the belly. 2. the end of a cloth. പുടവയുടെ കര. 3. a syringe. വസ്തിപിടിക്കുന്നു, To administer an injection.

വസ്തു, വിൻറെ. *s.* 1. Thing, article, matter, substance. 2. natural disposition, essential property, nature, essence.

വസ്തുത, യുടെ. *s.* Matter, affair, circumstance.

വസ്തുവക, യുടെ. *s.* Property, personal or real, possessions, goods and chattels.

വസ്തുവൃത്തം, ത്തിൻറെ. *s.* News, affair, circumstance.

വസ്ത്യം, ത്തിൻറെ. *s.* A house. ഭവനം.

വസ്ത്രകുട്ടിമം, ത്തിൻറെ. *s.* An umbrella. കുട.

വസ്ത്രപുത്രിക, യുടെ. *s.* A doll, a puppet. പാവ.

വസ്ത്രപുഷ്ടി, യുടെ. *s.* Abundance of apparel.

വസ്ത്രം, ത്തിൻറെ. *s.* 1. Cloth, clothes, raiment, a robe. അന്നവസ്ത്രം, Food and raiment. 2. covering, a cover.

വസ്ത്രയൊനി, യുടെ. *s.* The basis, or material of cloth, as cotton, silk, wool, &c.

വസ്ത്രവെശ്മം, ത്തിൻറെ. *s.* A tent. കൂറക്കുടിഞ്ഞിൽ, കൂടാരം.

വസ്ത്രഹീനം, &c. *adj.* Destitute of clothing, naked, bare. നഗ്നം.

വസ്നകം, ത്തിൻറെ. *s.* Salt. ഉപ്പു.

വസ്നം, ത്തിൻറെ. *s.* 1. Price. വില. 2. wages, hire. കൂലി, ശമ്പളം. 3. cloth, clothes. വസ്ത്രം. 4. wealth.

വസ്നസ, യുടെ. *s.* A tendon, a nerve, a fibre, described as a hollow tube resembling a string attached to the bones, and supposed to be for the passage of the vital air. വലിയ ഞരമ്പ.

വസൊൎധകസ്ഥാര, യുടെ. *s.* 1. The capital of Indra. 2. *Alaca*, the residence of Cubéra. അളകാപുരി.

വഹനം, ത്തിൻറെ. *s.* 1. A boat, a raft, a float. തൊണി. 2. bearing, conveying. ചുമക്കുക.

വഹം, ത്തിൻറെ. *s.* 1. The shoulder of an ox. കാളയുടെ ചുമൽ. 2. any vehicle or means of conveyance, as a horse, a car, &c.

വഹിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To bear, to support, to sustain. 2. to carry, to convey.

വഹിത്രം, ത്തിൻറെ. *s.* A boat, a vessel, a raft, a float. തൊണി, ചെങ്ങാടം.

വഹിയ, A negative verb, meaning, Cannot, not able, must not, ought not.

വഹിയായ്മ, യുടെ. *s.* Impossibility, inability.

വഹിസ്. *ind.* Outwards, external. പുറത്ത.

വഹ്നി, യുടെ. *s.* 1. Fire, or its deity *Agni*. അഗ്നി. 2. Ceylon leadwort, *Plumbago Zeylanica*. കൊടുവെലി. 3. the marking nut tree. ചെരുവ്വകഷ്ടം. 4. appetite, digestion, the metaphorical fire of the stomach. 5. the third asterism, *Pleiades*. കാൎത്തിക നക്ഷത്രം.

വഹ്നികൊൺ, ണിൻറെ. *s.* The south east point, over which the god of fire is supposed to preside.

വഹ്നിച്ചുമത, യുടെ. *s.* The *Sami* tree, *Mimosa suma*. ശമീ.

വഹ്നിമണ്ഡലം, ത്തിൻറെ. *s.* The element of fire.

വഹ്നിശിഖം, ത്തിൻറെ. *s.* Safflower, *Carthamus tinctorius*. കുസുമപൂ.

വഹ്നിസങ്കാശകം, ത്തിൻറെ. *s.* Ceylon leadwort, *Plumbago Zeylanica*. കൊടുവെലി.

വഹ്യം, ത്തിൻറെ. *s.* A vehicle, a conveyance of any sort.

വള, യുടെ. *s.* 1. A bracelet in general. 2. a wooden needle driven into the rafters of a native roof to fasten them together. 3. a ring.

വളകഴിപ്പൻ, ൻറെ. *s.* A kind of venomous snake with black and white rings.

വളക്കടി, യുടെ. *s.* The bite of a small worm which is accompanied by an itchy sensation.

വളച്ചിൽ, ലിൻറെ. *s.* 1. Arching. 2. bending, crookenning. 3. encompassing, enclosing, surrounding, besieging, hemming in.

വളഞ്ഞ. *adj.* Crooked, bent.

വളപുര, യുടെ. *s.* A kind of small cabin, tilt, or cover put on a native boat.

വളപ്പു, ിൻറെ. *s.* 1. Arch-work. 2. enclosure. 3. circuitous or round about (road.)

വളപ്പുഴു, വിൻറെ. *s.* A small worm.

വളഭി, യുടെ. *s.* The wooden frame of a thatch.

വളം, ത്തിൻറെ. *s.* 1. Dung, muck, manure. 2. a small worm. വളംചെയ്യുന്നു, To manure. വളംഇടുന്നു, To put manure to trees, &c.

വളയം, ത്തിൻറെ. *s.* A ring, a bracelet, an armlet.

വളയലുപ്പു, ിൻറെ. *s.* A kind of salt.

വളയൎവട്ടക, യുടെ. *s.* 1. A spittoon or spitting pot. 2. a round bird-cage. പതൽഗ്രഹം.

വളയുന്നു, ഞ്ഞു, വാൻ. *v. n.* To bend, to be or become crooked, to bow, to curve. *v. a.* To surround, environ, to beseige, to compass about, to hem in.

വളർ, ിൻറെ. *s.* 1. A stick or bamboo, with a sharp iron head used for guiding an elephant. 2. a plant. 3. a small beam put on the main beam of a roof to which the rafters are fixed.

വളരുന്നു, ൎന്നു, വാൻ. *v. n.* To grow, to grow up, to increase, to vegetate, to increase in stature.

വളരെ, വളര. *adv.* Much, many, very. വളരദൂരെ, Very far.

വളൎ, രിൻറെ. *s.* See വളര.

വളക്കുന്നവൾ, ട്ടെ. *s.* 1. A foster mother. 2. a female servant who brings up a child.

വളക്കുന്നു, ത്തു, ട്ടു. *v. a.* 1. To bring up, to rear. 2. to nourish, to foster. 3. to educate, to train up.

വളർച്ച, യുടെ. *s.* 1. Growth, increase, increase of stature. 2. tallness, height.

വളർത്തൽ, ലിന്റെ. *s.* The act of bringing up, nourishing, cherishing.

വളർത്തുന്നു, ത്തി, വാൻ. *v. a.* To bring up.

വളൎമ്മ, യുടെ. *s.* See. വളർച്ച.

വളക്ഷം, ത്തിന്റെ. *s.* White, the colour. വെളുപ്പ്. *adj.* White. വെളു, or വെളുത്ത.

വളവ, ിന്റെ. *s.* 1. An arch, a vault. 2. a circle. 3. a bend, a bow. 4. the bend of a river. 5. crookedness, a curve. 6. an enclosure, household premises.

വളവുതടി, യുടെ. *s.* A crooked timber.

വളവുപടി, യുടെ. *s.* A curved piece of wood fixed on the top of a baggage boat or of a boat used for merchandise.

വളി, യുടെ. *s.* Wind from behind, breaking wind.

വളിക്കുന്നു, ച്ചു, പ്പാൻ. *v. n.* 1. To grow mouldy, to ufst, to taste or smell ill, to spoil. 2. to be foolish, to blush, to betray shame or confusion.

വളിച്ചി, യുടെ. *s.* 1. A fool, a blockhead, an ignoramus. 2. one who betrays shame or confusion.

വളിപ്പ, ിന്റെ. *s.* Mouldiness, fustiness; the state of being spoiled.

വളെസം, ത്തിന്റെ. *s.* A tie, an untruth, a fiction.

വളെക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To arch over, to vault. 2. to curve, to bend, to bow, to make crooked. 3. to enclose, to encompass, to surround, to environ.

വള്ളക്കാരൻ, ന്റെ. *s.* A boat-man, a rower.

വള്ളത്തടി, യുടെ. *s.* A timber roughly cut in the shape of a canoe.

വള്ളത്തുടർ, ിന്റെ. *s.* The lock chain of a boat.

വള്ളപ്പടി, യുടെ. *s.* A piece of wood fixed across a boat and used as a seat.

വള്ളപ്പലക, യുടെ. *s.* A plank or board put in the bottom of a canoe to sit or lie on.

വള്ളപ്പാട്ട, ിന്റെ. *s.* A boat song.

വള്ളം, ത്തിന്റെ. *s.* A boat, a canoe, made of the trunk of a tree.

വള്ളൽ, ലിന്റെ. *s.* Indentation, the state of being *bulged in*.

വള്ളി, യുടെ. *s.* 1. A creeper, a creeping, climbing or winding plant in general. 2. the sweet potatoe plant, *Convolvulus Batatas*. വള്ളിഎടുക്കുന്നു, To receive an earnest. വള്ളികൊടുക്കുന്നു, To give an earnest.

വള്ളിക്കാഞ്ഞിരം, ത്തിന്റെ. *s.* A medicinal plant, *Cocculus radiatus*.

വള്ളിക്കാണം, ത്തിന്റെ. *s.* Earnest money.

വള്ളിക്കിഴങ്ങ, ിന്റെ. *s.* The sweet potatoe.

വള്ളിക്കുടിൽ, ലിന്റെ. *s.* A shrub, an arbour, a bower, a place overgrown with creepers.

വള്ളിക്കൊട്ട, ിന്റെ. *s.* An arbour, a bower, a place grown over with creepers.

വള്ളിക്കൊട്ട, യുടെ. *s.* A basket.

വള്ളിത്തൂട്ട, യുടെ. *s.* A hole made in the end of a log of timber to put a rope, &c. in to tie or drag it; also a hole in the end of a canoe through which the lock chain is passed.

വള്ളിത്തെരകം, ത്തിന്റെ. *s.* A tree, *Ficus aquatica*. (Willd.)

വള്ളിനാരകം, ത്തിന്റെ. *s.* The common citron tree, *Citrus medica*.

വള്ളിനാരങ്ങാ, യുടെ. *s.* The citron fruit.

വള്ളിപ്പലാശം, ത്തിന്റെ. *s.* A species of the *Palása* tree.

വള്ളിപ്പുലി, യുടെ. *s.* A small kind of leopard.

വള്ളിമൊടകം, ത്തിന്റെ. *s.* A creeping or climbing plant.

വള്ളിവഴുതിന, യുടെ. *s.* A species of the egg plant.

വള്ളുവകൊനാതിരി, യുടെ. *s.* The title of the king of *Wallawanád*.

വള്ളുവനാട, ിന്റെ. *s.* *Wallawanád*, the name of a country or district.

വള്ളുവൻ, ന്റെ. *s.* One of a certain class of slaves.

വള്ളുവാടി, യുടെ. *s.* One of a certain class.

വക്ഷസ്, സ്സിന്റെ. *s.* The breast, the bosom, the chest. മാറിടം.

വക്ഷസ്സ്ഥലം, ത്തിന്റെ. *s.* The breast, the bosom. മാറിടം.

വക്ഷോജം, ത്തിന്റെ. *s.* The female breast. മുല.

വക്ഷോരുഹം, ത്തിന്റെ. *s.* A female's breast. മുല.

വക്ഷ്യമണം, &c. *adj.* Utterable.

വഴക്ക, ിന്റെ. *s.* 1. An action, a cause, a law-suit, a plaint, a claim. 2. dispute, quarrel. 3. *enmity*. വഴക്കു പറയുന്നു, വഴക്കടിക്കുന്നു, To claim, to make a complaint, to dispute. വഴക്കുതീൎക്കുന്നു, To settle a dispute or decide a cause. വഴക്കുണ്ടാക്കുന്നു, To create a quarrel, to raise or cause a dispute. വഴക്കുപിടിക്കുന്നു, To commence a quarrel or dispute. വഴക്കുന്നു, A cause

or dispute is settled. വഴക്കൊഴിയുന്നു, To give up a claim, cause, or quarrel.

വഴക്കം, ത്തിൻറെ. *s.* 1. Submission. 2. humility, obedience. 3. bending, flexibleness. 4. withering, fading.

വഴക്കുകാരൻ, ൻറെ. *s.* 1. An adversary. 2. a quarrelsome person. 3. a complainant, a plaintiff.

വഴക്കുന്നു, ക്കി, വാൻ. *v. a.* 1. To subdue, to tame, to humble, to train. 2. to bend, to make flexible.

വഴങ്ങൽ, ലിൻറെ. *s.* 1. Submission, succumbing. 2. obedience, docility. 3. flexibility. 4. withering, fading.

വഴങ്ങില, യുടെ. *s.* Dried or withered, plantain leaves, &c.

വഴങ്ങുന്നു, ങ്ങി, വാൻ. *v. n.* 1. To submit to, to succumb. 2. to obey, to be tame, docile. 3. to wither, to dry, to fade. 4. to bend, to be flexible.

വഴന, യുടെ. *s.* Cassia, (the tree,) *Laurus cassia.*

വഴി, യുടെ. *s.* 1. A way, a road, a path. 2. original cause. 3. access. 4. a way, manner, means, expedient, a medium or way by which any thing takes place or is effected 5. usage. 6. lineage, descent. 6. propriety, justice. വഴി കാട്ടുന്നു, To shew one the way or road, to guide, to direct. വഴികാണുന്നു, 1. To find the way. 2. to find out means or an expedient. വഴിമാറുന്നു, To go out of the way, to go aside. വഴി നടക്കുന്നു, To travel, to go a journey, to go on the way or along the road. വഴി നടത്തിക്കുന്നു, To put one into the right way, to direct. വഴിതെറ്റുന്നു, To err, to lose or miss the road. വഴി പിഴെക്കുന്നു, To go astray, to miss the way. വഴി പറയുന്നു, To tell one the way, to instruct വഴിയടെക്കുന്നു, To stop the way, to impede.

വഴികാട്ടി, യുടെ. *s.* A guide, *lit. & met.*

വഴികെട, ിൻറെ. *s.* Impropriety, injustice.

വഴിക്കരി, യുടെ. *s.* Provender or provisions, &c. for a journey.

വഴിക്കാരൻ, ൻറെ. *s.* A traveller, a wayfarer.

വഴിച്ചിലവ, ിൻറെ. *s.* Travelling expenses.

വഴിച്ചിൽ, ലിൻറെ. *s.* Running over, overflowing.

വഴിച്ചെരി, യുടെ. *s.* A bye path frequented by custom house officers in order to apprehend smugglers.

വഴിച്ചോറ, റിൻറെ. *s.* Provision, or provender, &c. for a journey.

വഴിതെറ്റ, ിൻറെ. *s.* 1. Error. 2. going out of the way.

വഴിത്തടവ, ിൻറെ. *s.* Impediments or hindrance in the way or journey.

വഴിത്തല, യുടെ. *s.* The road side, the junction of roads.

വഴിത്താര, യുടെ. *s.* A trodden path.

വഴിത്തിരി, യുടെ. *s.* Touch line, or train of a cracker.

വഴിത്തിരിച്ചിൽ, ലിൻറെ. *s.* A place where two or more ways meet.

വഴിത്തിരിവ, വിൻറെ. *s.* 1. A place where two or more ways meet. 2. knowing the way.

വഴിത്തുണ, യുടെ. *s.* 1. Assistance by the way. 2. a companion, a fellow traveller.

വഴിനടപ്പ, ിൻറെ. *s.* 1. Walking, going on foot. 2. passing of people on a road. 3. a frequented road.

വഴിപാട, ിൻറെ. *s.* 1. An offering, a present, a gift, a vow. 2. line, race, lineage, family. വഴിപാട കഴിക്കുന്നു, To perform an offering, &c.

വഴിപാട്ടുകാരൻ, ൻറെ. *s.* 1. One who makes an offering. 2. one of a race or family.

വഴിപൊക്കൻ, ൻറെ. *s.* 1. A traveller, a wayfaring man. 2. a stranger.

വഴിമരുന്ന, ിൻറെ. *s.* A train of gunpowder.

വഴിമാറാം, ത്തിൻറെ. *s.* Going out of the way, turning aside.

വഴിയമ്പലം, ത്തിൻറെ. *s.* An inn, a resting place for travellers.

വഴിയാക്കുന്നു, ക്കി, വാൻ. *v. a* To achieve, to accomplish.

വഴിയായി. *postpos.* By, through.

വഴിയുന്നു, ഞ്ഞു, വാൻ. *v. n.* To run over, to overflow.

വഴിയുട്ട, ിൻറെ. *s.* Victuals or food given to travelling Brahmans by Government.

വഴിയെ. *adv.* By the way, behind.

വഴിയൊട്ട. *adv.* Backwards.

വഴുക, യുടെ. *s.* The fibrous part of the stem of a palmira or cocoa-nut tree. വഴുകപിരിക്കുന്നു, To twist rope of the fibres of the palmira stem.

വഴുക്ക, യുടെ. *s.* The tender pulpy substance inside a young cocoa-nut.

വഴുക്കൽ, ലിൻറെ. *s.* Sliding, slipping.

വഴുക്കുന്നു, ക്കി, വാൻ. *v. n.* 1. To slide, to slip. 2. to slip out of the hand. 3. to forget.

വഴുതൽ, ലിൻറെ. *s.* 1. Sliding, slipping, a slip, a false step. 2. escaping, slipping out of the hand. 3. forbearance, mistake.

വഴുതിന, യുടെ. *s.* The vegetable usually termed Brinjal, the egg plant, or *Solanum melongena.*

വഴുതിനങ്ങ, യുടെ. *s.* The fruit of the egg plant.

വഴുതുന്നു, തി, വാൻ. *v. n.* 1. To slip, to slide. 2. to err. 3. to escape, to retreat, to abscond. 4. to be defeated. 5. to forbear, to suffer.

വഴുത്തി, യുടെ. *s.* A small species of the egg plant. പെറ വഴുതിന.

വഴുപ്പ, ിന്റെ. *s.* Slipperiness, glibness.

വഴുവഴുപ്പ, ിന്റെ. *s.* Slipperiness, smoothness.

വഴുവഴെ. *adj.* Slippery, smooth, glib.

വറ, യുടെ. *s.* 1. Frying, grilling. 2. a gummy substance, a kind of glue. വറതെക്കുന്നു, To glue, to varnish.

വറകലം, ത്തിന്റെ. *s.* A frying pan.

വറകൊഴി, യുടെ. *s.* A kind of bird.

വറട്ടുന്നു, ട്ടി, വാൻ. *v. a.* 1. To fry, to grill. 2. to scorch, to parch, to dry up. 3. to heal as a wound by the application of medicine.

വറവ, ിന്റെ. *s.* 1. Frying, parching. 2. famine, scarcity. 3. the dry season. 4. drought, dryness.

വറളി, യുടെ. *s.* Cow-dung dried for fuel.

വറളുന്നു, ണ്ടു, വാൻ. *v. n.* 1. To grow dry. 2. to grow very lean. 3. to dry up, to be healed.

വറ്റൽ, യുടെ. *s.* 1. Drying, drying up. 2. healing.

വറുക്കുന്നു, ത്തു, പ്പാൻ. *v. a.* To fry, to grill, to parch. വറുത്തിടുന്നു, To season with spices, &c.

വറുതി, യുടെ. *s.* 1. Dryness, drought. 2. heat, the heat of the sun. 3. famine, dearth.

വറുത്തൽ, ിന്റെ. *s.* Frying, grilling, parching, roasting.

വറുത്തുപ്പെരി, യുടെ. *s.* Fried fruit or vegetables.

വറുത്തരിശ്ശേരി, യുടെ. *s.* A kind of *curry*.

വറ, ിന്റെ. *s.* Grains of boiled rice.

വറൽ, ിന്റെ. *s.* 1. Dried vegetables, fruits. 2. a being dry. 3. reducing by boiling, evaporation.

വറൽചുണ്ട, യുടെ. *s.* A kind of prickly night-shade.

വറൽമുളക, ിന്റെ. *s.* Dried pepper or *chillies*.

വറിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To dry, to drain off. 2. to decoct, to reduce by boiling, to evaporate.

വറുന്നു, റി, വാൻ. *v. n.* 1. To grow or become dry, to be drained. 2. to be reduced, diminished. 3. to be decocted, to be evaporated.

വാ, *ind.* A particle of, 1. Comparison, (as, like, so.) 2. alternative or option, (or, either, else, sometimes.) 3. doubt and consideration, (or, whether.) 4. exception, (only, no other.) 5. asseveration, or confirmation, (indeed, even, very.) 6. a conjunction, (and.) 7. an expletive.

വാ, യുടെ. *s.* 1. The mouth. 2. the mouth of a bag, of a wound, &c. 3. the edge of any cutting instrument. വാപൊത്തുന്നു, 1. To stop the mouth. 2. to cover the mouth out of respect. വാ മുറുക്കുന്നു, To close the mouth fast. വാ മൂടുന്നു, To cover the mouth with the hands. വാ പിളർക്കുന്നു, To open the mouth. വാ പറയുന്നു, To talk much or ill.

വാക, യുടെ. *s.* 1. A tree, *Mimosa sirisha*; also called കരുവാക, കണ്ണൻവാക, നിലവാക, നെന്മെനിവാക. 2. a kind of fish. 3. a species of yam.

വാകുഴി, യുടെ. *s.* A medicinal plant, *Conyza* or *Serralata anthelmintica*. കാക്കൊലരി, or കാപ്പാകിൽ.

വാൽ, ക്കിന്റെ. *s.* See the following.

വാക്ക, ിന്റെ. *s.* 1. A word. 2. speech, language. 3. speaking. 4. a phrase, a proverb or adage. വാക്കുകൊടുക്കുന്നു, To promise.

വാക്കത്തി, യുടെ. *s.* A large knife, a bill, a cleaver.

വാക്കിലെറം, ത്തിന്റെ. *s.* Abuse, scurrility, wordy violence.

വാക്കെട്ട, ിന്റെ. *s.* 1. A muzzle. 2. muzzling. വാക്കെട്ടുന്നു, To muzzle, to tie the mouth.

വാക്കെറം, ത്തിന്റെ. *s.* Abuse, scurrility, wordy violence.

വാക്ചാതുര്യം, ത്തിന്റെ. *s.* Eloquence, elocution.

വാക്പാപല്യം, ത്തിന്റെ. *s.* Gossipping, chattering, idle or improper talk.

വാക്പ്രലം, ത്തിന്റെ. *s.* Prevarication, equivocation. സംശയം വെപ്പുപറക.

വാക്തർക്കം, ത്തിന്റെ. *s.* A verbal dispute, or altercation, a quarrel, wordy violence.

വാക്പതി, യുടെ. *s.* 1. An eloquent man. സംസാരി. 2. a name of VRIHASPATI or JUPITER. വ്യാഴം.

വാക്പാരുഷ്യം, ത്തിന്റെ. *s.* Abuse, scurrility, defamation, wordy violence or assault.

വാക്യം, ത്തിന്റെ. *s.* 1. A sentence. 2. a rule or aphorism. 3. a verse.

വാക്യാർത്ഥം, ത്തിന്റെ. *s.* The meaning of a word or sentence.

വാഗീശൻ, ന്റെ. *s.* 1. An eloquent man, a fluent speaker. വശ്യവാക്കായുള്ളവൻ. 2. an author, an orator, a poet, &c. 3. BRAHMA. ബ്രഹ്മാവ.

വാഗീശ്വരി, യുടെ. *s.* A name of SARASWATI, goddess of speech. സരസ്വതി.

വാഗുര, യുടെ. *s.* 1. A snare, or trap. 2. a net for confining deer, &c. നായാട്ടുവല.

വാഗുരികൻ, ന്റെ. *s.* A *hunter*, a deer-catcher. നായാട്ടുകാരൻ.

വാഗ്ജാലം, ത്തിന്റെ. *s.* A multitude of words.

വാഗ്ദത്തം, ത്തിന്റെ. *s.* A promise, *lit.* that which is given by word, or giving one's word. വാഗ്ദത്തം ചെയ്യുന്നു, To promise.

വാഗുഷ്ടം, &c. *adj.* Abusive, ill-spoken, speaking ill, either morally or grammatically.

വാഗ്ദേവി, യുടെ. *s.* A name of SARASWATI.

വാഗ്ദോഷം, ത്തിന്റെ. *s.* Abuse, reproach, speaking ill of. നിന്ദവാക്ക.

വാഗ്ഭവം. *adj.* Produced or created by speech.

വാഗ്മി, യുടെ. *s.* 1. A loquacious, talkative person, one who talks much. സംസാരി. 2. an eloquent man, a fluent speaker. വാക്കിന സാമർത്ഥ്യമുള്ളവൻ. 3. a name of VRIHASPATI. വ്യാഴം.

വാഗ്വാദം, ത്തിന്റെ. *s.* 1. A verbal dispute, strife, quarrel, altercation. 2. an argument, discussion. വാക്കതക്കം.

വാഗ്വിശേഷം, ത്തിന്റെ. *s.* 1. An effective speech or word. 2. word of mouth, viva voce.

വാഗ്വൈഭവം, ത്തിന്റെ. *s.* Eloquence, elocution, rhetoric.

വാങ്ങൽ, ലിന്റെ. *s.* 1. Taking, receiving. 2. purchasing. 3. removing. 4. retraction, drawing back. 5. reduction in arithmetic. 6. removing from the fire.

വാങ്ങിക്കുന്നു, ച്ചു, പ്പാൻ. *v. c.* To cause to receive, take or buy.

വാങ്ങിയം, or വാങ്ങ്യം, ത്തിന്റെ. *s.* Taking in additional space for a room.

വാങ്ങുന്നു, ങ്ങി, വാൻ. *v. a.* 1. To take a thing offered or given, to receive. 2. to buy, to purchase. 3. to draw back, to retract. 4. to take from the fire. 5. to take or cut off. 6. to remove. 7. to reduce.

വാഗ്മേയം, ത്തിന്റെ. *s.* 1. Eloquence. 2. rhetorical composition, rhetoric, belles-lettres.

വാഗ്മോധ്യം, ത്തിന്റെ. *s.* Agreeable or pleasant speech.

വാഗ്മേഖം, ത്തിന്റെ. *s.* The opening of a speech, an exordium. വാക്കിന്റെ ആരംഭം.

വാഗ്മേലം, ത്തിന്റെ. *s.* A deposition made before a judge or before arbitrators.

വാചകം, ത്തിന്റെ. *s.* 1. A word, diction, a phrase. 2. dictation. 3. prose, as distinguished from verse. വാചകംചൊല്ലുന്നു, To dictate.

വാചംയമൻ, ന്റെ. *s.* A holy sage, practising rigid taciturnity, devoid of passion, and unmoved by pain or pleasure.

വാചസ്പതി, യുടെ. *s.* A name of VRIHASPATI. വ്യാഴം.

വാചാടം, &c. *adj.* Talkative, talking much and idly or blameably.

വാചാടൻ, ന്റെ. *s.* A talkative man, a chatterer, one who talks much and idly or blameably. വളരെപറയുന്നവൻ.

വാചികപത്രം, ത്തിന്റെ. *s.* 1. A letter, a despatch. കുറി. 2. a newspaper, a gazette. വർത്തമാനകടലാസ.

വാചികം, ത്തിന്റെ. *s.* News, tidings, intelligence. വർത്തമാനം.

വാചികശിക്ഷ, യുടെ. *s.* Reproof, correction.

വാചികഹാരകൻ, ന്റെ. *s.* A messenger, a carrier.

വാചൊയുക്തം. *adj.* Speaking much or well.

വാചൊയുക്തി, യുടെ. *s.* Speaking much or well.

വാചൊയുക്തിപടു, വിന്റെ. *s.* An eloquent man, one who speaks well and much. വാക്കുയൊഗനിപുണൻ.

വാച്ചി, യുടെ. *s.* 1. A carpenter's adze. 2. a scraper.

വാച്ചിപ്പുറം, ത്തിന്റെ. *s.* The place where the sweepings, &c. of a house are thrown.

വാച്ചിൽ, ലിന്റെ. *s.* See the last.

വാച്ചൊൽ, ല്ലിന്റെ. *s.* A by-word.

വാച്യം, *adj.* 1. Fit or proper to be spoken. പറവാൻ തക്ക. 2. attributive, adjective, to be predicated of any thing. 3. declinable as an adjective, taking the three genders. 4. bad, vile. 5. contemptible, low.

വാച്യലിംഗം, ത്തിന്റെ. *s.* A gender in grammar.

വാജപെയം, ത്തിന്റെ. *s.* A particular sacrifice. യജ്ഞഭെദം.

വാജം, ത്തിന്റെ. *s.* 1. The feather of an arrow. അമ്പിന്റെ തൂവൽ. 2. a wing or feather. 3. speed, haste, celerity. വെഗം. 4. sound. ശബ്ദം. 5. *Ghee* or clarified butter. നെ.

വാജി, യുടെ. *s.* 1. A horse. കുതിര. 2. an arrow. അമ്പ. 3. a bird. പക്ഷി. 4. a plant. ആടലൊടകം.

വാജിദന്തകം, ത്തിന്റെ. *s.* A plant, *Justicia adhenatoda.* ആടലൊടകം.

വാജിമെധം, ത്തിന്റെ. *s.* The sacrifice of a horse.

വാജിശാല, യുടെ. *s.* A stable. കുതിരപ്പന്തി.

വാഞ്ഛ, യുടെ. *s.* Wish, desire. ആഗ്രഹം.

വാഞ്ഛിക്കുന്നു, ച്ചു, പ്പാൻ. *v. a.* To desire, to wish, to long for. ആഗ്രഹിക്കുന്നു.

വാഞ്ഛിതം, &c. *adj.* Wished, desired. ആഗ്രഹിക്കപ്പെട്ട.

വാട, യുടെ. *s.* 1. Scent, smell, perfume. 2. a bulwark, a mud wall or any enclosure of a town or village.

വാടക, യുടെ. *s.* The hire of cattle.

വാടക്കിടങ്ങു, ിന്റെ. *s.* The moat or trench of a fort.

വാടക്കുഴി, യുടെ. *s.* A moat, a fort ditch.

വാടതിരുവി, യുടെ. *s.* Velvet leaf, *Cissampelos pareira.*

വാടം, ത്തിന്റെ. *s.* 1. An enclosure, a piece of enclosed ground, whether a simple enclosure as a courtyard, or one for trees and plants, as an orchard, a garden, a planta-

tion, &c. വളപ്പു. 2. a road, a way. വഴി. 3. the groin.

വാടൽ, ലിൻറെ. *s.* 1. Fading, withering. 2. wearing away, pining away, decaying.

വാടാങ്കുറിഞ്ഞി, യുടെ. *s.* Globe amaranth, *Gomphrena globosa.*

വാടാമഞ്ഞൾ, ളിൻറെ. *s.* The name of a drug.

വാടാമല്ലിക, യുടെ. *s.* An amaranth plant.

വാടാവിളക്ക, ിൻറെ. *s.* A perpetual light, one always kept burning.

വാടി, യുടെ. *s.* 1. The site of a house or building. 2. a house, a dwelling. ഭവനം. 3. a flower garden. പൂങ്കാവ. 4. an enclosure, a fenced place. വളപ്പു.

വാടിക, യുടെ. *s.* 1. A garden, an orchard. പൂങ്കാവ, തൊട്ടം. 2. the site of a house.

വാടിക്കുന്നു, ച്ചു, പ്പാൻ. *v. a.* To dry, to cause to wither or fade away.

വാടുന്നു, ടി, വാൻ. *v. n.* 1. To wither, to fade, to grow dry, to dry up. 2. to decay, to pine away. 3. to become lean. 4. to be sad or of a sad countenance.

വാട്ടം, ത്തിൻറെ. *s.* 1. Dryness, decay, decline. 2. witheredness, deadness. 3. leanness. 4. sadness. 5. paleness.

വാട്ടുന്നു, ട്ടി, വാൻ. *v. a.* To cause to wither, or fade away.

വാട്യാലകം, ത്തിൻറെ. *s.* A plant, *Sida cordifolia.* കുറുന്തൊട്ടി.

വാഡം, *adv.* 1. Much, excessive, excessively. വളരെ. 2. well, very well. നന്നായി. *adj.* Much, abundant, exceeding. അധികം.

വാണക്കാരൻ, ൻറെ. *s.* One who makes or fires a rocket.

വാണക്കുറ്റി, യുടെ. *s.* A rocket case.

വാണക്കോൽ, ലിൻറെ. *s.* 1. The shaft of a rocket. 2. the shaft of an arrow.

വാണൻ, ൻറെ. *s.* The name of a sovereign, considered also as an *Asur.*

വാണം, ത്തിൻറെ. *s.* 1. An arrow. അമ്പു. 2. a rocket.

വാണി, യുടെ. *s.* 1. Speech, sound. വാക്ക. 2. Saraswati, the goddess of speech. സരസ്വതി. 3. weaving. നെയ്ത്ത.

വാണിജൻ, ൻറെ. *s.* A merchant, a trader, a dealer. ചെട്ടി.

വാണിജ്യം, ത്തിൻറെ. *s.* Trade, traffic. കച്ചവടം.

വാണിനി, യുടെ. *s.* 1. A sharp or clever woman, an intriguing woman. 2. an actress, a dancer. നൎത്തകി. 3. a furious woman, one literally or figuratively intoxicated. മദിച്ചവൾ.

വാണിഭക്കാരൻ, ൻറെ. *s.* A merchant, a trader.

വാണിഭച്ചരക്ക, ിൻറെ. *s.* Merchandise, goods.

വാണിഭം, ത്തിൻറെ. *s.* Trade, traffic, merchandise.

വാണിയക്കാരൻ, ൻറെ. *s.* A merchant, a trader.

വാണിയൻ, ൻറെ. *s.* 1. A merchant, a trader. 2. an oil merchant, an oilman.

വാണിയം, ത്തിൻറെ. *s.* Commerce, trade, traffic.

വാണിഭഗവതി, യുടെ. *s.* A name of Saraswati. സരസ്വതി.

വാണീവിലാസം, ത്തിൻറെ. *s.* Eloquence, fluency of speech. വാഗ്വൈഭവം.

വാത, ിൻറെ. *s.* A bet, a wager, a stake. വാതകൂറുന്നു, To bet, to lay a wager.

വാതകം, ത്തിൻറെ. *s.* A plant, *Marsilea quadrifolia.*

വാതകീ, യുടെ. *s.* A person afflicted with rheumatism or gout. വാതരൊഗമുള്ളവൻ.

വാതകൊപം, ത്തിൻറെ. *s.* Acute rheumatism.

വാതക്കാരൻ, ൻറെ. *s.* A person afflicted with acute rheumatism or gout.

വാതക്കുരു, ിൻറെ. *s.* An inflammatory boil.

വാതക്കൊടി, യുടെ. *s.* A kind of potherb described as growing in marshy ground, *Justicia grandanissa.*

വാതധാതു, വിൻറെ. *s.* See the following.

വാതനാഡി, യുടെ. *s.* A flatulent pulse, or that which is considered to be governed by a flatulent principle.

വാതനീര, ിൻറെ. *s.* Rheumatic humour, or swelling.

വാതപൊതം, ത്തിൻറെ. *s.* The *Palása* tree, *Butea frondosa.* പലാശം.

വാതപ്പനി, യുടെ. *s.* 1. Rheumatic fever. 2. fever attending elephantiasis.

വാതപ്രമി, യുടെ. *s.* A swift antelope, surpassing the wind in speed. പെരുമാൻ.

വാതപുല്ലാന്ത്രം, ത്തിൻറെ. *s.* Cholic, flatulency, borborygmi.

വാതമണ്ഡലി, യുടെ. *s.* A whirlwind. പുഴലിക്കാറ്റ.

വാതമൃഗം, ത്തിൻറെ. *s.* A swift antelope.

വാതം, ത്തിൻറെ. *s.* 1. Air, wind. 2. rheumatism, gout, inflammation of the joints. 3. air, wind as one of the humours of the body.

വാതംകൊല്ലി, യുടെ. *s.* A kind of potherb described as growing in marshy ground, *Justicia grandanissa.*

വാതരക്തം, ത്തിൻറെ. *s.* Acute rheumatism or gout.

വാതരൊഗം, ത്തിൻറെ. *s.* A rheumatic disease, acute rheumatism, or gout.

വാതരൊഗി, യുടെ. *s.* One afflicted with acute rheumatism or gout.

വാതവൽ. *adj.* Windy, gusty. കാറ്റുള്ള.

വാതവായു, വിൻെറ. *s.* Flatulency.
വാതശൊണിതം, ത്തിൻെറ. *s.* Acute rheumatism or gout.
വാതസഖൻ, ൻെറ. *s.* *Agni*, fire. അഗ്നി.
വാതസാരഥി, യുടെ. *s.* *Agni*, the god of fire. അഗ്നി.
വാതസ്കന്ധം, ത്തിൻെറ. *s.* The portion of the atmosphere were the wind blows. വായുമണ്ഡലം.
വാതായനം, ത്തിൻെറ. *s.* 1. A window, an air-hole, or loop-hole. കിളിവാതിൽ. 2. a porch, a portico, a covered shed or pavilion. പൂമുഖം.
വാതായു, വിൻെറ. *s.* An antelope, a deer. മാൻ.
വാതാശനൻ, ൻെറ. *s.* A snake, a serpent. സർപ്പം.
വാതാളി, യുടെ. *s.* A whirlwind, a gale. ചുഴലിക്കാറ്റ.
വാതിൽ, ലിൻെറ. *s.* A door, a doorway, the entrance to a house, a gateway. വാതില്ക്കൽ, At the door.
വാതിൽകാപ്പവൻ, ൻെറ. *s.* A door-keeper, a warder, a porter.
വാതിൽപടി, യുടെ. *s.* The door-sill.
വാതിൽമാടം, ത്തിൻെറ. *s.* An upstair house surrounded by windows.
വാതൂലം, ത്തിൻെറ. *s.* A whirlwind, a gale, a hurricane. ചുഴലിക്കാറ്റ, കൊടുങ്കാറ്റ. *adj.* 1. Gouty, rheumatic. 2. mad, insane.
വാത്യ, യുടെ. *s.* A whirlwind, or hurricane, a strong wind, a gale.
വാത്സകം, ത്തിൻെറ. *s.* A herd of calves. കിടാക്കളുടെ കൂട്ടം.
വാത്സല്യം, ത്തിൻെറ. *s.* Tenderness, affection, fondness, paternal love.
വാത്സല്ലിക്കുന്നു, ച്ചു, പ്പാൻ. *v. a.* To caress, to fondle.
വാത്സ്യായനൻ, ൻെറ. *s.* The name of a *Muni*.
വാത്സ്യായനം, ത്തിൻെറ. *s.* The name of a book.
വാദനം, ത്തിൻെറ. *s.* Sound, sounding (as musical instruments.) ശബ്ദം.
വാദം, ത്തിൻെറ. *s.* 1. Discourse, dissertation, discussion. 2. debate, dispute, disputation, argument. 3. strife, contention.
വാദലം, ത്തിൻെറ. *s.* Liquorice, or the root of the *Abrus precatorius*, which is used for it. ഏരട്ടിമധുരം.
വാദാലം, ത്തിൻെറ. *s.* A sheat fish. മത്സ്യഭേദം.
വാദി, യുടെ. *s.* 1. A disputant, a disputer, a debater. 2. a complainant, a plaintiff in a law-suit, an accuser. 3. a sage, a pleader, an expounder of the law and *Shástras*. 4. the leading or key note (in music.)
വാദിക്കുന്നു, ച്ചു, പ്പാൻ. *v. a.* To argue, to discuss, to debate, to dispute, to plead, to discourse, to contend.
വാദിത്രം, ത്തിൻെറ. *s.* A musical instrument. വാദ്യങ്ങളുടെ സമഷ്ടി.
വാദിപ്രതിവാദികൾ, ളുടെ. *s. plu.* Plaintiff and defendant.
വാദിസാക്ഷി, യുടെ. *s.* A plaintiff's witness.
വാദ്യക്കാരൻ, ൻെറ. *s.* A musician, a player on music.
വാദ്യഘൊഷം, ത്തിൻെറ. *s.* The sound of musical instruments.
വാദ്യധ്വനി, യുടെ. *s.* The sound of musical instruments. വാദ്യഘൊഷം.
വാദ്യപ്രയൊഗം, ത്തിൻെറ. *s.* Practice of music.
വാദ്യഭാണ്ഡം, ത്തിൻെറ. *s.* A multitude of musical instruments, a band of music.
വാദ്യം, ത്തിൻെറ. *s.* 1. Any musical instrument. 2. music. വാദ്യം കൂട്ടുന്നു, 1. To join in a band of music. 2. to commence music.
വാധ്യായൻ, or വാധ്യാൻ, ൻെറ. *s.* An instructor, a teacher, a spiritual preceptor.
വാധ്യായപ്രവൃത്തി, യുടെ. *s.* The duty of a spiritual preceptor.
വാനം, ിൻെറ. *s.* 1. Dry wood. 2. dry fruit. 3. heaven.
വാനപ്രസ്ഥൻ, ൻെറ. *s.* A *Hindu* in the third prescribed stage of life, when he leaves his wife and family, for the life of a hermit in the woods, the hermit, the anchorite.
വാനപ്രസ്ഥം, ത്തിൻെറ. *s.* 1. The name of a tree, *Bassia latifolia*. ഇരിപ്പ. 2. the *Palása* tree, *Butea frondosa*. പലാശ.
വാനമല്ലി, യുടെ. *s.* The narrow leaved Jasmine, *Jasminum angustifolia*.
വാനം, ത്തിൻെറ. *s.* 1. Heaven. 2. dry fruit. 3. a trench dug for the foundation of a building. വാനം തൊണ്ടുന്നു, To dig a trench for a foundation.
വാനമ്പാടി, യുടെ. *s.* The sky lark.
വാനരൻ, ൻെറ. *s.* A monkey, an ape. കുരങ്ങ.
വാനവർ, രുടെ. *s. plu.* Deities. ദെവകൾ.
വാനവർകൊൻ, ൻെറ. *s.* A name of INDRA. ഇന്ദ്രൻ.
വാനസ്പത്യം, ത്തിൻെറ. *s.* A tree bearing fruit from blossoms, as the mango, eugenia, &c.
വാനാറം, ത്തിൻെറ. *s.* A bad smell from the mouth, fœtid breath.
വാനീര, ിൻെറ. *s.* Saliva, spittle.
വാനീരം, ത്തിൻെറ. *s.* A sort of reed or cane, *Calamus rotang*. ആറാവെഞ്ഞി.
വാനൊർ, രുടെ. *s. plu.* See വാനവർ.

വാന്താന്നം, ത്തിന്റെ. *s.* Vomited, ejected food. ഛർദ്ദിച്ച ചോറ.

വാന്തി, യുടെ. *s.* Vomiting, ejecting from the mouth.

വാപദണ്ഡം, ത്തിന്റെ. *s.* A weaver's loom. നെയിത്തുകാരന്റെ പടപ്പു.

വാപനം, ത്തിന്റെ. *s.* Sowing. വിത.

വാപം, ത്തിന്റെ. *s.* 1. Sowing. വിത. 2. shaving. ക്ഷൗരം. 3. weaving. നെയിത്ത.

വാപി, യുടെ. *s.* A large oblong pond, a pool, a lake. പൊയ്ക.

വാപിതം. *adj.* 1. Sown, as seed. വിതെക്കപ്പെട്ട. 2. shaven. വടിക്കപ്പെട്ട.

വാപീതടം, ത്തിന്റെ. *s.* The bank of a pond. കുളവരമ്പു.

വാപ്പിരട്ടു, ിന്റെ. *s.* Abuse, scurrility, wordy violence, assault.

വാപ്പുണ്ണു, ിന്റെ. *s.* Ulceration of the mouth, a quinsy.

വാപ്പ്രാ, ത്തിന്റെ. *s.* A sort of costus, *Costus speciosus.* കൊട്ടം.

വാമ, യുടെ. *s.* A woman. സ്ത്രീ.

വാമദേവൻ, ന്റെ. *s.* A name of Siva. ശിവൻ.

വാമനൻ, ന്റെ. *s.* 1. A dwarf, a short man. 2. a low, vile person. ഹീനൻ. 3. Vishnu in the character of a dwarf, in which he appeared on his fifth *Awatár* to prevent *Bali* from obtaining dominion of the three worlds. 4. the elephant that supports the south quarter. പിഠപതിയുടെ ഗജം.

വാമനം, ത്തിന്റെ. *s.* 1. One of the 18 *Puránas.* അഷ്ടാദശപുരാണങ്ങളിൽ ഒന്നു. 2. shortness of stature.

വാമനി, യുടെ. *s.* A female dwarf. മുണ്ടി.

വാമൻ, ന്റെ. *s.* 1. An elegant man. സുന്ദരൻ. 2. an adversary. വിരുദ്ധൻ. 3. a name of Siva. ശിവൻ.

വാമഭാഗം, ത്തിന്റെ. *s.* The left side. ഇടത്തുഭാഗം.

വാമമൂർത്തി, യുടെ. *s.* Vishnu in the character of a dwarf.

വാമം, &c. *adj.* 1. Left, not right. ഇടത. 2. reverse, contrary, inverted. പ്രതികൂലം. 3. beautiful, pleasing. ഭംഗിയുള്ള.

വാമലൂരം, ത്തിന്റെ. *s.* An ant or mole hill, especially the hillocks of ground thrown up by the white ants. പുറ്റ.

വാമലോചന, യുടെ. *s.* A handsome woman. സുന്ദരി.

വാമാംഗി, യുടെ. *s.* A woman. സ്ത്രീ.

വാമി, യുടെ. *s.* 1. A mare. പെൺകുതിര. 2. a she ass. പെൺകഴുത. 3. a young female elephant. പിടിയാന.

വാമൂളു, ിന്റെ. *s.* 1. The croup. 2. keen or scurrilous language.

വാമൊഴി, യുടെ. *s.* A deposition, a declaration.

വാമൊതിരം, ത്തിന്റെ. *s.* The iron rim round a measure.

വാംശി, യുടെ. *s.* The manna of the bamboo. മുളനൂറ.

വാംശികൻ, ന്റെ. *s.* A flute player, a piper, a fifer. ഓടക്കുഴല്ക്കാരൻ.

വായദണ്ഡം, ത്തിന്റെ. *s.* A weaver's loom. നെയിത്തുകാരന്റെ പടപ്പു.

വായന, യുടെ. *s.* 1. Reading, learning, study. 2. playing a finger instrument.

വായനക്കാരൻ, ന്റെ. *s.* 1. A reader. 2. a learner, a student. 3. a player on a musical instrument.

വായനക്കോൽ, ലിന്റെ. *s.* The quill or bow of a lute, a fiddlestick, &c.

വായനം, ത്തിന്റെ. *s.* Sweetmeats or cakes, the eating of which is no breach of a religious fast.

വായസം, ത്തിന്റെ. *s.* 1. A crow. കാക്ക. 2. turpentine. തിരുവട്ടപ്പയൻ.

വായസി, യുടെ. *s.* 1. An esculent vegetable. 2. the name of a tree, black ebony. കരിന്തകാളി.

വായസൊളി, യുടെ. *s.* A medicinal root, commonly, *Cácólí.* കാകൊളി.

വായസ്ഥരാതി, യുടെ. *s.* An owl. മൂങ്ങാ.

വായാടി, യുടെ. *s.* A very talkative, loquacious person, a babbler.

വായാളി, യുടെ. *s.* A talkative, loquacious person.

വായിക്കുന്നു, ച്ചു, പ്പാൻ. *v. a.* 1. To read, to peruse. 2. to learn. 3. to play on a musical instrument, as a lute, &c.

വായിപ്പിക്കുന്നു, ച്ചു, പ്പാൻ. *v. c.* 1. To cause to read. 2. to teach. 3. to teach one to play on a musical instrument.

വായു, വിന്റെ. *s.* 1. Wind, air. 2. a vital air of the body. 3. flatulency, indigestion, rheumatic distemper. 4. a personification of wind, *Wáyu.*

വായുകൊൺ, ിന്റെ. *s.* The north west quarter of the world.

വായുകോപം, ത്തിന്റെ. *s.* 1. The violence or raging of the wind. 2. acute pain from flatulency.

വായുഗണ്ഡം, ത്തിന്റെ. *s.* Flatulency, indigestion, dyspepsy.

വായുഗുല്മം, ത്തിന്റെ. *s.* 1. A whirlpool, an eddy. നീർച്ചുഴിവു. 2. a kind of disease.

വായുഗുളിക, യുടെ. *s.* Medicinal pills to dispel flatulency.

വായുപുത്രൻ, ന്റെ. *s.* A name of *Bhíma,* son of *Wáyu* by the wife of *Pandu.*

വായുമണ്ഡലം, ത്തിൻ്റെ. *s.* The region of the air.
വായുമാർഗ്ഗം, ത്തിൻ്റെ. *s.* The atmosphere, sky.
വായുമുട്ടൽ, ലിൻ്റെ. *s.* Stoppage of breath, or difficulty of breathing, cough, catarrh.
വായുരൊഗം, ത്തിൻ്റെ. *s.* Flatulency considered as a disease.
വായുവാസ്തുഭം, ത്തിൻ്റെ. *s.* Ether, atmosphere.
വായുസഖൻ, ൻ്റെ. *s.* Fire. അഗ്നി.
വായുസ്തംഭനം, ത്തിൻ്റെ. *s.* 1. Stoppage of breath. 2. cessation of wind.
വായുക്ഷൊഭം, ത്തിൻ്റെ. *s.* Flatulency, indigestion.
വായൊല, യുടെ. *s.* A written agreement making over land, &c. to another person.
വായ്ക്കര, യുടെ. *s.* The sea shore, a river side.
വായ്ക്കരി, യുടെ. *s.* A funeral ceremony among the heathen.
വായ്ക്കല്ല, ിൻ്റെ. *s.* A large stone placed on the mouth or side of a well.
വായ്ക്കുന്നു, ച്ചു, പ്പാൻ. *v. n.* 1. To increase, to thrive, to grow, to flourish. 2. to succeed, to prosper. 3. to occur, to happen.
വായ്ക്കുല, യുടെ. *s.* The sharp edge of a cutting instrument.
വായ്ക്കുരി, യുടെ. *s.* A shout, huzza.
വായ്ക്കുളം, ത്തിൻ്റെ. *s.* A shout or kind of chorus.
വായ്പ, ിൻ്റെ. *s.* Growth, increase, flourishing.
വായ്പ or വായിപ്പ, യുടെ. *s.* 1. A loan. 2. a debt. വായ്പ മെടിക്കുന്നു, വായ്പ വാങ്ങുന്നു, To borrow. വായ്പകൊടുക്കുന്നു, To lend, to give on loan. വായ്പവീട്ടുന്നു, To pay or discharge a debt.
വായ്പട, യുടെ. *s.* A bravado, boast, brag.
വായ്പാടം, ത്തിൻ്റെ. *s.* Learning by heart or rote.
വാർ, രിൻ്റെ. *s.* 1. Water. വെള്ളം. 2. the name of a sweet scented medicinal grass, a drug.
വാരണതുണ്ഡൻ, ൻ്റെ. *s.* A name of Ganapati. ഗണപതി.
വാരണപുഷ്പ, യുടെ. *s.* The plantain tree, *Musa sapientum*. വാഴ.
വാരണമുഖൻ, ൻ്റെ. *s.* A name of a Ganapati. ഗണപതി.
വാരണം, ത്തിൻ്റെ. *s.* 1. Defence, resistance, opposition, prohibition, obstacle or impediment. തടവ. 2. warding off a blow, guarding, warding. 3. armour, a cuirass, or mail for the body. കവചം. 4. an elephant. ആന.
വാരണവദനൻ, ൻ്റെ. *s.* A name of Genésa. ഗണപതി.
വാരണശാല, യുടെ. *s.* An elephant stall.
വാരനാരി, യുടെ. *s.* A harlot. വെശ്യ.
വാരമുഖ്യ, യുടെ. *s.* The head of a set of harlots. വെശ്യമാരിൽ പ്രധാനി.
വാരം, ത്തിൻ്റെ. *s.* 1. A multitude, a quantity. വൃന്ദം. 2. occasion, opportunity. സമയം. 3. a week, a day of the week. ആഴ്ച. 4. the veranda of a house. 5. rent or share of the produce of a field belonging to the land-lord 6. the declivity or side of a mountain. 7. a garden bed. വാരമിടുന്നു, To adjust the share of produce of a field, belonging to each party, *i. e.* to the owner and the cultivator.
വാരൽ, ലിൻ്റെ. *s.* 1. Cutting or preparing *olas* to write on, cutting shreds off. 2. taking up by handsful. 3. taking up or putting in, filling.
വാരവധു, ിൻ്റെ. *s.* The chief of a set of harlots.
വാരവാണം, ത്തിൻ്റെ. *s.* Armour for the body or breast, an iron cuirass or a thick quilted jacket worn for the same purpose. പടച്ചട്ട.
വാരസ്ത്രീ, യുടെ. *s.* A whore, a prostitute. വെശ്യ.
വാരാണസി, യുടെ. *s.* The city *Benares*. കാശി.
വാരാന്നിധി, യുടെ. *s.* The ocean. സമുദ്രം.
വാരാഹപൂടം, ത്തിൻ്റെ. *s.* A method of preparing medicines.
വാരാഹപുരാണം, ത്തിൻ്റെ. *s.* One of the 18 *Puránas*. പതിനെട്ട പുരാണങ്ങളിൽ ഒന്ന.
വാരാഹി, യുടെ. *s.* 1. An esculent root, a yam, *Dioscorea*. 2. one of the divine mothers. അഷ്ടമാതൃക്കളിൽ ഒന്ന. 3. a plant. നിലപ്പന.
വാരി, യുടെ. *s.* 1. Water. വെള്ളം. 2. a place or stall, where elephants are tied or fastened. ആനകെട്ടുന്ന തറി. 3. a hole or trap to catch elephants. ആനക്കുഴി. 4. a post to which an elephant is bound, ആനകെട്ടുന്ന കുറ്റി. 5. a rope that fastens an elephant. ആനകെട്ടുന്ന കയറ. 6. a full river, a reservoir, any deep water. 7. a flood, an inundation. പ്രളയവെള്ളം. 8. abundance. 9. prosperity. 10. a lathe, a reaper. 11. a kind of scented grass.
വാരിഎല്ല, ിൻ്റെ. *s.* A rib.
വാരികണം, ത്തിൻ്റെ. *s.* A drop of water. വെള്ളത്തുള്ളി.
വാരിക്കുഴി, യുടെ. *s.* A hole, or trap, for catching elephants, a pitfall.
വാരിചരം, ത്തിൻ്റെ. *s.* An amphibious animal.
വാരിജം, ത്തിൻ്റെ. *s.* 1. A lotus. താമര. 2. any aquatic plant.

വാരിജസംഭവൻ, ൻറെ. *s.* A name of BRAHMA. ബ്രഹ്മാവ.

വാരിദം, ത്തിൻറെ. *s.* A cloud. മെഘം.

വാരിധരം, ത്തിൻറെ. *s.* A cloud. മെഘം.

വാരിധാര, യുടെ. *s.* See ജലധാര.

വാരിധി, യുടെ. *s.* The sea. സമുദ്രം.

വാരിനിധി, യുടെ. *s.* The ocean. സമുദ്രം.

വാരിപച്ചി, യുടെ. *s.* An aquatic plant, *Pistia stratiotes.* നീച്ചീര.

വാരിപൂരം, ത്തിൻറെ. *s.* 1. A flood, an inundation, a torrent of rain water. വെള്ളപ്പൊരുപ്പം. 2. the flow of the tide. വെലിയെറ്റം.

വാരിപ്പുറം, ത്തിൻറെ. *s.* 1. The side opposite the ribs. 2. the top of a roof.

വാരിപ്രവാഹം, ത്തിൻറെ. *s.* A water-fall, a cascade, a torrent. അരുവി.

വാരിയൻ, ൻറെ. *s.* One of a certain class, a servant at a temple.

വാരിരാശി, യുടെ. *s.* The ocean or sea. സമുദ്രം.

വാരിവാരണം, ത്തിൻറെ. *s.* A dam or bank to confine water. ചിറ.

വാരിവാഹം, ത്തിൻറെ. *s.* A cloud. മെഘം.

വാരിവൃദ്ധി, യുടെ. *s.* The flow of the tide. വെലി ഒയറ്റം.

വാരിശ്യാര, രുടെ. *s.* The wife of a വാരിയൻ, or a woman of that class.

വാരുണം, ത്തിൻറെ. *s.* 1. One of the 18 *Puránas.* പതിനെട്ട പുരാണത്തിലൊന്ന. 2. the ocean. സമുദ്രം. 3. the west, the region of WARUNA. പടിഞ്ഞാറെദിക്ക. 4. the 24th lunar asterism of the *Hindus.* ചതയം നക്ഷത്രം.

വാരുണി, യുടെ. *s.* 1. A name of the saint AGASTYA. അഗസ്ത്യൻ. 2. any distilled spirituous liquor. മദ്യം. 3. the west, the region of WARUNA. പടിഞ്ഞാറെദിക്ക. 4. the 24th lunar asterism of the *Hindus.* ചതയം നക്ഷത്രം.

വാരുന്നു, രി, വാൻ. *v. a.* 1. To take up by the handsful. 2. to take away. വാരിക്കൊടുക്കുന്നു, To give liberally. വാരിക്കൂട്ടുന്നു, To heap up. വാരിയിടുന്നു, To throw earth, sand, &c. upon another.

വാരുന്നു, ന്നു, വാൻ. *v. a.* To trim a palmira leaf to write upon, &c. to cut straight.

വാരുറ. *adj.* Strong, robust.

വാക്കമാൻ, ൻറെ. *s.* A kind of animal, according to some authorities, a young deer.

വാക്കാരൻ, ൻറെ. *s.* A peon or sipahi.

വാക്കുന്നു, ത്തു, പ്പാൻ. *v. a.* 1. To pour, to strain. 2. to cast melted metal.

വാച്ചു, യുടെ. *s.* Effusion, issue, pouring out, a running or flowing down.

വാർത്ത, യുടെ. *s.* 1. Tidings, intelligence, news. വർത്തമാനം. 2. rumour, report. ജനശ്രുതി. 3. livelihood, business, profession. ജീവിതം.

വാർത്തകഞ്ഞി, യുടെ. *s.* The water of boiled rice, or rice gruel.

വാർത്തിരുവുടമ്പു, ിൻറെ. *s.* An iron image, a molten image.

വാർത്തൻ, ൻറെ. *s.* 1. One who is well, or in health. 2. one who follows any business or profession.

വാർത്തം, ത്തിൻറെ. *s.* 1. Health. സൌഖ്യം. 2. chaff. പതിര. *adj.* 1. Well, healthy. 2. following any business or profession.

വാർത്താകം, ത്തിൻറെ. *s.* The egg plant, or its unripe vegetable fruit, *Solanum melongena.* വഴുതിന, വഴുതിനങ്ങാ.

വാർത്താകി, യുടെ. *s.* The *Brinjal* or egg plant, *Solanum melongena.* ചെറുവഴുതിന.

വാർത്തായനൻ, ൻറെ. *s.* 1. A spy, an emissary, an agent. ഒറ്റുകാരൻ. 2. an ambassador, an intelligencer. സ്ഥാനാപതി.

വാർത്താവഹൻ, ൻറെ. *s.* 1. A chandler. തിരികൾ വില്ക്കുന്നവൻ. 2. a messenger. ദൂതൻ. 3. one who carries a letter or news, or goes on an errand.

വാർത്താവൃത്തി, യുടെ. *s.* 1. A householder. 2. the duty of a householder, or of a domestic.

വാർത്തികൻ, ൻറെ. *s.* 1. An intelligencer, an informer, an agent or envoy. വർത്തമാനമറിയിക്കുന്നവൻ. 2. a man of the third or merchantile tribe. വൈശ്യൻ.

വാർത്തിക്യം, *adj.* Relating to news, intelligence, &c.

വാർദ്ധകം, ത്തിൻറെ. *s.* 1. Old age. വൃദ്ധത. 2. the infirmity, &c. of age. 3. a number of old men. വൃദ്ധന്മാരുടെ കൂട്ടം.

വാർദ്ധക്യം, ത്തിൻറെ. *s.* Old age. വൃദ്ധത.

വാർദ്ധുഷി, യുടെ. *s.* An usurer. പലിശെക്ക കൊടുക്കുന്നവൻ.

വാർദ്ധുഷികൻ, ൻറെ. *s.* An usurer. പലിശക്കുകൊടുക്കുന്നവൻ.

വാർദ്ധുഷ്യം, ത്തിൻറെ. *s.* Interest, usury, usurious loan. പലിശ.

വാപ്പട്ടാളം, ത്തിൻറെ. *s.* A regiment wearing belts.

വാപ്പു, ിൻറെ. *s.* 1. The act of casting or founding metal. 2. a caldron, a boiler.

വാൎപ്പുപണി, യുടെ. *s.* 1. Founding, working in brass, &c. 2. any article that has been cast, or molten.

വാൎപ്പുപണിക്കാരൻ, ന്റെ. *s.* A caster of metals, a brasier, a brass or iron founder.

വാൎപ്പിക്കുന്നു, ച്ചു, പ്പാൻ. *v. c.* To cause, or order, to cast.

വാമ്മണം, ത്തിന്റെ. *s.* A number of coats of mail. കവചങ്ങളുടെ കൂട്ടം.

വാമ്മിണം, ത്തിന്റെ. *s.* A number of men in armour, കവചികളുടെ കൂട്ടം.

വാഷ്കികം, ത്തിന്റെ. *s.* The name of a drug. ബ്രഹ്മി. *adj.* 1. Yearly, annual or belonging to a year. 2. growing, &c. in the rainy season or fit or suited to it, &c.

വാഹ്നതം, ത്തിന്റെ. *s.* The fruit of the *Solanum jacquini.* ചുണ്ടക്കാ.

വാലക്യ, യുടെ. *s.* Incense. കുന്തുരുക്കം.

വാലധി, യുടെ. *s.* A hairy tail. പുച്ഛം.

വാലവെക്കുന്നു, ച്ചു, പ്പാൻ. *v. a.* To place for straining, or running off.

വാലം, ത്തിന്റെ. *s.* 1. The hair of the head. തലമുടി. 2. a scented grass. ഇരുവെലി. 3. cast in weighing. 4. negligence.

വാലാക്കുഴ, യുടെ. *s.* An ornamented wooden lance, an emblem of royalty.

വാലാക്കുഴക്കാരൻ, ന്റെ. *s.* A person who bears the above emblem before a king or prince.

വാലാട്ടിപ്പക്ഷി, യുടെ. *s.* The wagtail.

വാലിക, യുടെ. *s.* A kind of ear ornament.

വാലുകം, ത്തിന്റെ. *s.* 1. White sand. വെളുത്ത മണൽ. 2. a granulated substance, apparently vegetable, and used as a drug or perfume. ഏലാവാലുകം.

വാലുന്നു, ന്നു, വാൻ. *v. n.* 1. To take root or grow as potatoes, yams, &c. 2. to be strained, to run, drip, or flow down.

വാൽ, ലിന്റെ. *s.* 1. A tail, in general, 2. a trail, or train. 3. a neck of land. 4. a cue.

വാല്കം, ത്തിന്റെ. *s.* Cloth made of the bark of trees. ചണത്തൊലി മുതലായതുകൊണ്ടു നൂൽ ചമച്ചുണ്ടാക്കുന്ന വസ്ത്രം.

വാല്ക്കാണം, ത്തിന്റെ. *s.* Duty or toll levied on cattle.

വാല്ക്കുഞ്ചി, ിന്റെ. *s.* The tail of a horse, or of any hairy animal.

വാല്ക്കോതമ്പ, ിന്റെ. *s.* 1. Barley. 2. a bearded wheat.

വാൽനക്ഷത്രം, ത്തിന്റെ. *s.* A comet.

വാൽമികി, യുടെ. *s.* The author of the *Rámáyana.*

വാല്മീകൻ, ന്റെ. *s.* Walmíca or Walmíci the author of the *Rámáyana.*

വാല്മീകം, ത്തിന്റെ. *s.* A name of the *Rámáyana,* by Walmíca.

വാൽമീൻ, ന്റെ. *s.* A comet.

വാലുളുകു, ിന്റെ. *s.* Cubebs, *Piper cubeba.*

വാല്ലീകം, ത്തിന്റെ. *s.* 1. Assafœtida. കായം. 2. the name of a country. 3. a horse of the *Wálhica* breed.

വാവു, ിന്റെ. *s.* 1. The time of the change of the moon or of the full moon. 2. a holiday in general.

വാവട, യുടെ. *s.* 1. A thin narrow board nailed on the lower ends of the small rafters of a roof. 2. a kind of sweetmeat made at the വാവു festival.

വാവടയൊട, ിന്റെ. *s.* Edge tiles.

വാവദൂകൻ, ന്റെ. *s.* A fluent, bold or loquacious speaker. വാഗ്മ്മിയൊഗനിപുണൻ.

വാവൽ, ലിന്റെ. *s.* A large bat.

വാവളയം, ത്തിന്റെ. *s.* See വാമൊതിരം.

വാവിടാജന്തു, വിന്റെ. *s.* A dumb animal.

വാവിഷ്ടാണം, ത്തിന്റെ. *s.* Abuse, censure, cursing, rude reproach. വാവിഷ്ടാണം പറയുന്നു, To abuse, to censure, to reproach.

വാവുത്ത. *adj.* Chosen, appointed.

വാവുത്തം, &c. *adj.* Chosen, appointed. വരിക്കപ്പെട്ട.

വാശ, യുടെ. *s.* A plant, *Justicia ganderussa.* ആടലൊടകം.

വാശകം, ത്തിന്റെ. *s.* A plant, *Justicia ganderussa.* ആടലൊടകം.

വാശി, യുടെ. *s.* 1. Obstinacy, stubbornness. 2. surplus or deficiency in measurement, or weight. 3. the being out of measurement in carpenters' work, &c. 4. the state of being better either in health or quality. *adj.* Better, either in health or as to quality, preferable. വാശി is also affixed to words denoting fractions, as a mere expletive, as അരവാശി, Half. കാൽവാശി, A quarter part. വാശികാണുന്നു, To find excess or deficiency in quantity in measuring. വാശിപിടിക്കുന്നു, 1. To be obstinate, stubborn. 2. to take account of what is out of measurement.

വാശിക, യുടെ. *s.* A plant, *Justicia ganderussa.* ആടലൊടകം.

വാശിക്കാരൻ, ന്റെ. *s.* An obstinate, stubborn fellow.

വാശിത, യുടെ. *s.* 1. A woman. സ്ത്രീ. 2. a female elephant. പിടിയാന.

വാശിതം, ത്തിന്റെ. *s.* The cry of birds, or animals. ഖഗാദികളുടെ ശബ്ദം. *adj.* Perfumed, scented.

വാശ്ശര, യുടെ. *s.* Night. രാത്രി.

വാശ്ശുഭം. *ind.* Any thing.

വാഷ്പം, ത്തിന്റെ. s. 1. Vapour, hot mist, steam, &c. ആവി. 2. a tear. കണ്ണുനീർ.

വാസകുടി, യുടെ. s. A tent. കൂടാരം.

വാസഗൃഹം, ത്തിന്റെ. s. A bed-chamber, an inner or sleeping room. ഉള്ളറ.

വാസതെയി, യുടെ. s. Night. രാത്രി.

വാസന, യുടെ. s. 1. Smell, odour, scent, fragrance, flavour. 2. the knowledge of any thing derived from memory, the present consciousness of past conceptions. 3. practice, experience. 4. elegance, neatness. ഭംഗി. 5. natural inclination. വാസനപിടിക്കുന്നു, 1. To yield or emit fragrance or smell. 2. to smell at.

വാസനക്കാരൻ, ന്റെ. s. An experienced person.

വാസനപൊടി, യുടെ. s. Sweet scented powder.

